032,6
K2

# വീരയോദ്ധാക്കൾ
# ഹെൽഗലൻറിൽ

# വീരയോദ്ധാക്കൾ ഹെൽഗലൻറിൽ

ഹെൻറിക്ക് ഇബ്സൻ

വിവർത്തക

കോന്നിയൂർ മീനാക്ഷിയമ്മ

സാഹിത്യ അക്കാദമി

ന്യൂഡൽഹി

University Grants Commission

*Veerayoddhakkal Helgalandil.* This translation into Malayalam by Konniyoor Meenakshi Amma of Henrik Ibsen's *Vikings of Helgeland* is published by Sahitya Akademi with the assistance of UNESCO as part of Unesco's Major Project for furthering mutual appreciation of Eastern and Western Cultural values.

Price Rs. 2.25

© Sahitya Akademi, New Delhi 1962

വിതരണം :
**നാഷനൽ ബുക്ക്സ്റ്റാൾ**
**കോട്ടയം**

292111

*Also available at*
**Sahitya Akademi,**
Rabindra Bhavan, New Delhi-1

032,6
K2
MADRAS UNIVERSITY LIBRARY
8 MAR 2003
CHENNAI-600 005

മുദ്രണം :
**തോംപ്സൺ പ്രസ്സ്, മദ്രാസ്**

വില : 2.25

പാശ്ചാത്യവും പൗരസ്ത്യവുമായ സാംസ്കാരികമൂല്യങ്ങളെ പരസ്പരം പകരുവാനും ആസ്വാദ്യമാക്കുവാനുമായുള്ള യുനെസ്കോയുടെ പ്രധാന പരിപാടിയുടെ ഒരു ഭാഗമെന്ന നിലയിൽ, പ്രസ്തുത സ്ഥാപനം നൽകിയ സഹായത്തോടുകൂടെ പ്രസിദ്ധപ്പെടുത്തുന്നതു്.

# ഇബ്സൺ

## എം. സി. ബ്രാഡ്ബ്രൂക്ക്

[ ഗിർട്ടൺകോളേജിലെ ഒരു സഭാംഗവും, കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ഇംഗ്ലീഷ്സാഹിത്യത്തിലെ ഒരു പ്രഭാഷകയുമാണ് മിസ്സ് ബ്രാഡ്ബ്രൂക്ക്. 'Ibsen, the Norwegian' എന്ന ഗ്രന്ഥത്തിന്റെ രചയിതാവുമാണവർ.]

"ഷേക്സ്പീയർ കഴിഞ്ഞാൽ അടുത്ത പദവി, ഞാൻ നിസ്സന്ദേഹം ഇബ്സണ് നൽകും" എന്നിങ്ങനെയാണ് ഈ നൂററാണ്ടിലെ നാടകകർത്താക്കളിൽ മികച്ച സ്ഥാനം അർഹിക്കുന്ന പിറാൻഡലോ (Pirandello) പ്രസ്താവിച്ചിട്ടുള്ളതു്. കഴിഞ്ഞ ശതാബ്ദത്തിലെ യൂറോപ്യൻനാടകരംഗത്താകമാനം ഇബ്സൺ ചെലുത്തിയിട്ടുള്ള പ്രേരണ ഓർക്കുമ്പോൾ അദ്ദേഹത്തെ അതിൻെറ ഉപജ്ഞാതാവെന്നുകൂടി നിസ്സംശം പറയാവുന്നതാണ്.

പതിനേഴാംശതകത്തിന്റെ അന്ത്യത്തിലും പതിനെട്ടാം ശതകത്തിലും നാടകകലയുടെ കേന്ദ്രം ഫ്രാൻസിലായിരുന്നു. കാരണം പശ്ചിമയൂറോപ്പിലെ ഏററവും പരിഷ്കൃതവും പുരോഗമനപരവുമായ സംസ്ഥാനമായിരുന്നു ഫ്രാൻസ്. എന്നാൽ 19-ാം നൂറ്റാണ്ടായതോടുകൂടി നാടകകല, സാവധാനം വെറും വിനോദത്തിനു മാത്രമുള്ളതായി അധഃപതിച്ചു. അതിനെ പുനരുദ്ധരിക്കാൻ, യൂറോപ്യൻ സംസ്കാരത്തിൻെറ അതിർത്തിപ്രദേശങ്ങളിൽനിന്നും അനവധി പ്രതിഭാശാലികൾ എത്തിച്ചേർന്നു. നോർവെക്കാരനായ ഇബ്സൺ, സ്വിറ്റ്സർലണ്ടുകാരനായ സ്ട്രിൻഡ്ബർഗ് (Strindberg) റഷ്യയിൽ ഡോൺനദീതീരത്തുനിന്നും വന്ന ചെക്കോവ് (Chekhov) എന്നീ മൂന്നുപേരായിരുന്നു നാടകനവോത്ഥാനത്തിലെ ഏററവും പ്രമുഖവ്യക്തികൾ.

പത്തൊൻപതാംശതകത്തിന്റെ ആദിമഘട്ടത്തിൽ നാടകവേദിക്കുവേണ്ടി എഴുതിക്കൊണ്ടിരുന്ന മഹാകവികൾ പലരുണ്ടായിരുന്നു. പ്രധാനമായി വെയിമറിൽ (Weimer) സ്വന്തം നാടകശാലയുണ്ടായിരുന്ന ഗ്വയിറ്റേയും (Goethe), സാഹിത്യവഴക്കങ്ങളെ അഗണ്യമാക്കിക്കൊണ്ടു്, ഫ്രഞ്ചുനാടകരംഗത്തു്, തന്റെ റൊമാന്റിക് നാടകങ്ങൾമൂലം വിപ്ലവം

സൃഷ്ടിച്ച വിക്‌റ്റർ ഹ്യൂഗോ (Victor Hugo) യും. ഫ്രഞ്ച് നാടകവേദിയിൽ ഉപയോഗിച്ചുകൊണ്ടിരുന്ന ഭാഷാരീതിക്ക് മാററം വരുത്തിയെങ്കിലും, ഹ്യൂഗോ റൊമാന്റിക്‌നാടകങ്ങളിലെ വികാരവിചാരപ്രകടനരീതികളിലൊന്നും അംഗീകൃതവഴക്കങ്ങളെ അതിലംഘിച്ചിട്ടില്ല. അദ്ദേഹത്തിൻെറ നാടകങ്ങളിൽ വികാരപാരവശ്യമാർന്ന കാമിനീകാമുകന്മാരെയും, ദുഷ്ടന്മാരായ പ്രഭുക്കളേയും, നല്ലവരായ താണ തരക്കാരെയും, സമരാസക്തരേയും, നീണ്ടുനീണ്ട പ്രഭാഷണങ്ങൾ വഴി, സ്വന്തം ആദർശപരത, ഏതോ ഭൂതകാലത്തിലെ നിറപ്പകിട്ടുള്ള തൊങ്ങലുകൾ തൂക്കി ഭംഗി പിടിപ്പിക്കുന്നവരേയും ചിത്രീകരിക്കുന്നു. ഹ്യൂഗോയുടെ കൃതികൾ വൈകാരികതയും ഓജസ്സും നിറഞ്ഞവയാണെങ്കിലും, ഷേക്‌സ്പീയർനാടകങ്ങൾ കണ്ടു പരിചയിച്ചിട്ടുള്ള ആംഗ്ലേയസദസ്സിനു്, അദ്ദേഹം നവമായി ഒന്നും നൽകുന്നില്ല.

ഇബ്‌സണും, ഇതേമാതിരി, നോർവേയുടെ ആദിമചരിത്രസംഭവങ്ങളെ അടിസ്ഥാനമാക്കി റൊമാന്റിക് നാടകങ്ങളെഴുതാൻ തുടങ്ങി. ഫ്രഞ്ചുനാടകവേദിയെ മാതൃകയായി സ്വീകരിക്കുകയായിരുന്നു നോർവീജിയൻ നാടകരീതി. ആയതിനാൽ 1851-ൽ, കേവലം ഇരുപത്തിമൂന്നു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഇബ്‌സൺ, ബെർജൻ (Bergen) നാടകശാലയിൽ ഒരു ജോലി സ്വീകരിച്ചതു് ഫ്രഞ്ചുപ്രഹസനങ്ങളും നാടകങ്ങളും തർജ്ജമ ചെയ്തുകൊണ്ടാണു്. പതിമൂന്നു കൊല്ലക്കാലം നാടകശാലാമാനേജരുദ്യോഗം ഭരിച്ചതുകൊണ്ടു് നാടകവേദിയെപ്പററി പരിപൂർണ്ണമായ പ്രായോഗികപരിജ്ഞാനം സമ്പാദിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇക്കാലത്തു് അദ്ദേഹം രചിച്ചിട്ടുള്ള നാടകങ്ങളൊന്നും, പിൽക്കാലത്തു് അദ്ദേഹം രചിച്ച നാടകങ്ങളുടെ പ്രശസ്തി ഇല്ലായിരുന്നെങ്കിൽ ഇന്നു് സ്മരിക്കപ്പെടുകയില്ലായിരുന്നു.

നാടകവേദിയുമായിട്ടുള്ള ഈ നീണ്ട പരിശീലനകാലത്തു്, അദ്ദേഹം രചിച്ചിട്ടുള്ള രണ്ടു നാടകങ്ങൾ "The Vikings of Helgeland"-ഉം, "The King makers"-ഉം അഭിനയിക്കപ്പെടാറില്ലെങ്കിലും, ഇന്നും വായിച്ചുപോരുന്നുണ്ടു്. രണ്ടിലും നോർവേയുടെ പുരാതനവും ഉൽകൃഷ്ടവുമായ ഭൂതകാലപ്രശസ്തിയും സാഗാസിൻെറ വീരസാഹസികകാലഘട്ടവും, യൂറോപ്പു മുഴുവൻ പ്രചാരത്തിലിരുന്ന സംഗീതനാടകരൂപത്തിൽ പ്രകീർത്തിച്ചിട്ടുണ്ടു്. ഇതിൽ ആദ്യത്തേതിൽ, രണ്ടു വിഭാഗത്തിൽപെട്ട കടൽക്കൊള്ളക്കാർ തമ്മിലുള്ള രക്തപ്പക (blood feuds) യാണു് പ്രതിപാദ്യം. അതിലെ പ്രധാന കഥാപാത്രമായ പിശാചി ജോർഡിസ്സ്,

ലേഡി മാക്ബത്തിൻേറയും (Lady Macbeth), ജർമ്മൻ പൗരാണികകഥകളിലെ വാൽക്കയറി (Valkyrie) സമരകന്യകകളുടെയും സങ്കരമാണ്. വെറുപ്പിൻെറ രൂപം സ്വീകരിച്ച അവളുടെ ആത്തിയേറിയ പ്രേമം അവളുടെ കാമുകന്റെ വധത്തിൽ അവസാനിക്കുന്നതായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നതു്. ഈ ചിത്രീകരണം ഇബ്സൻെറ പിൽക്കാല നാടകങ്ങളിലെ നായികമാരെ സൂചിപ്പിക്കുന്നുണ്ടെങ്കിലും, നാടകം ഈ കഥാപാത്രമൊഴിച്ചാൽ പൊതുവേ, പ്രാകൃതവും സാധാരണ രീതിയിലുള്ളതുമാണ്. "King Makers" എന്ന രണ്ടാമത്തെ കൃതിയിൽ, സിംഹാസനത്തിനു വേണ്ടിയുള്ള രണ്ടുപേരുടെ ശണ്ഠയാണ് പ്രതിപാദ്യം. ഈ രണ്ടു നാടകങ്ങളിലും അധികാരശക്തി പല രൂപത്തിൽ—ഭടന്റെ ശക്തി, മന്ത്രവാദിനിയുടെ ശക്തി, സർവ്വോപരി ഇതിനെയൊക്കെ കീഴടക്കുന്ന വിധിയുടെ ശക്തി—പ്രകടമാക്കിയിട്ടുണ്ട്.

1864-ൽ അദ്ദേഹം നോർവേയിൽനിന്നും ഇററലിയിലേക്കു് പുറപ്പെട്ടു. ഉടൻതന്നെ മനോഹരമായ രണ്ടു നാടകീയപദ്യങ്ങൾ 'Brand'-ഉം, "Peer Grant"-ഉം അദ്ദേഹം പ്രസിദ്ധപ്പെടുത്തി. വീരസാഹസികവും ദുഃഖപര്യവസായിയുമായ ഈ രണ്ടു റൊമാന്റിക് കൃതികളും, വാസ്തവത്തിൽ നാടകസ്റ്റേജിലേക്കു് ഉദ്ദേശിച്ചിട്ടുള്ളവയല്ല. എന്നിരുന്നാലും ഒരു കല്പിത യക്ഷിക്കഥയെ ആധാരമാക്കി, ഒരു കൃഷകബാലൻെറ അതുല്യമായ കഴിവുകളെയും, പീയറിന്റെ വീരസാഹസകൃത്യങ്ങളേയും ചിത്രീകരിക്കുന്നതോടൊപ്പം തന്റെ നാട്ടുകാരുടെ പ്രാദേശിക അനുനയഭാവത്തേയും കപടഭക്തിയേയും ലൗകികസ്വാത്മതയേയും, പരിഹാസ്യവും നിന്ദാസൂചകവും ആക്ഷേപപൂർണ്ണവുമായ ഭാഷയിൽ ശക്തിയായി അപലപിച്ചിട്ടുമുണ്ട്. ഈ ദൂഷ്യങ്ങളോടു പടവെട്ടാൻതന്നെ ഇബ്സൺ തീരുമാനിച്ചു. ഇവ നോർവേയിൽ മാത്രമല്ല വ്യവസായപുരോഗതിയിൽ പാരമ്യം പ്രാപിച്ചിട്ടുള്ള ഇതര യൂറോപ്യൻരാജ്യങ്ങളിലും പ്രകടമായി കാണാമായിരുന്നു.

സ്വന്തം നാട്ടുകാർക്കെതിരായി ഇബ്സൺ ഒട്ടുവളരെ പരിഹാസ്യനാടകങ്ങളെഴുതിയിട്ടുണ്ടെങ്കിലും 1879-ൽ തന്റെ 51-ാമത്തെ വയസ്സിൽ രചിച്ച പാവയുടെ വീട് (A Doll's House) ആണ് അദ്ദേഹത്തെ, അക്കാലത്തെ ഏററവും പ്രശസ്തനും വിവാദവിധേയനുമായ നാടകകൃത്താക്കിയതു്. അടുത്ത ഇരുപതു കൊല്ലക്കാലത്തിനിടയ്ക്കു്, രണ്ടു വർഷത്തിൽ ഒരു നാടകംവീതം അദ്ദേഹം രചിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ നാടകങ്ങൾ ഫ്രാൻസിലും ജർമ്മനിയിലും

പിന്നീട് ഇംഗ്ലണ്ടിലും അഭിനയിക്കയും ചർച്ചയ്ക്ക് വിഷയമാകയും ചെയ്തിട്ടുണ്ട്.

ഇബ്സൺന്റെ നാടകങ്ങൾ ഇംഗ്ലണ്ടിൽ പ്രചരിക്കാൻ സഹായിച്ചവരുടെ കൂട്ടത്തിൽ ബർനാർഡ് ഷായും ഉൾപ്പെടുന്നു. പഴമക്കാർ അദ്ദേഹത്തെ അപകടകാരിയും, ദുർമാർഗ്ഗിയും നിസ്സാരനുമായി നിന്ദിച്ചപ്പോൾ, സാഹിത്യസാമൂഹ്യ പരിഷ്കർത്താക്കൾ അദ്ദേഹത്തെ വളരെ പുകഴ്ത്തിവന്നു.

'A Doll's House' എന്ന കൃതിയിൽ ചുരുക്കം ചിലർക്ക് രുചിക്കുന്നതും എന്നാൽ അധികംപേരും കഠിനമായി നിന്ദിക്കുന്നതുമായ ആശയങ്ങളോട് യാഥാസ്ഥിതികമല്ലാത്ത നാടകരൂപം കൂട്ടിയിണക്കിയിരുന്നു. സമൂഹത്തിൻെറ വിവിധനിലയിലുള്ള വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഒരുകൂട്ടം ജനങ്ങൾക്കു രുചിക്കുന്നതുകൊണ്ട്, ദുർബ്ബലമായ വസ്തുക്കളിൽ ശക്തിയേറിയ രാസികലായിനിസ്ഫോടനം സൃഷ്ടിക്കുന്നതുപോലെ, നാടകവേദി പൊതുജനാഭിപ്രായത്തെ പരിശോധിക്കുന്നു; അങ്ങനെ ഇബ്സൺ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു. അദ്ദേഹത്തിൻെറ നാടകങ്ങൾ സാധാരണ പൊതുവേദികളിൽ പ്രദർശിപ്പിക്കാൻ പററിയതല്ലാത്തതുകൊണ്ട്, ആദ്യം അവ വല്ല ഡ്രാമാറ്റിക്ക് ക്ലബ്ബുകളിലും ചെറുതരം നാടകശാലകളിലുമാണു പ്രദർശിപ്പിച്ചുപോന്നതു്. "പാവയുടെ വീട്" എന്ന കൃതിയിൽ, തന്നെ ഉത്തരവാദിത്വമുള്ള ഒരു സ്ത്രീയെപ്പോലെ കണക്കാക്കാതെ, വെറും ഒരു പാവയെപ്പോലെ മാത്രം പരിഗണിക്കുന്ന ഭർത്താവിനെ ഉപേക്ഷിച്ചു പോകുന്ന ഒരു സ്ത്രീയെയാണ് ചിത്രീകരിച്ചിരിക്കുന്നതു്. 'ഒരു നവീന ശോകനാടകം' (A Modern Tragedy) എന്ന പേരാണ് ആദ്യം ഈ കൃതിക്ക് അദ്ദേഹം സങ്കല്പിച്ചിരുന്നതു്. "മനുഷ്യസ്വഭാവത്തെസംബന്ധിക്കുന്ന ഒരു സാധാരണ പ്രശ്നം" എന്നാണ് അദ്ദേഹം ഉദ്ദേശിച്ചിരുന്നതു് എന്നും പറഞ്ഞിട്ടുണ്ട്. സകലരുടെയും സ്വാതന്ത്ര്യതൃഷ്ണയെയും ഉത്തരവാദിത്വബോധത്തെയും പ്രകടമാക്കാൻ, സ്ത്രീസ്വാതന്ത്ര്യം എന്ന സ്ഫോടനവിഷയം തിരഞ്ഞെടുത്തതുകാരണം, സകല നാടകസങ്കല്പങ്ങളെയും തൃണവൽഗണിച്ചുകൊണ്ട്, ഒരു ചോദ്യചിഹ്നത്തോടെ തൻെറ നാടകം അദ്ദേഹം അവസാനിപ്പിച്ചു. അവളുടെ ഭാവി എന്തെന്ന് ഊഹിപ്പാൻ പ്രേക്ഷകരെ വിട്ടിട്ട് നോറാ അവളുടെ ഭർത്താവിന്റെ വീട്ടിൽനിന്നും അന്തർധാനം ചെയ്യുന്നു. നാടകം ദുഃഖപര്യവസായിയാണെങ്കിൽ ഒരു ശവസംസ്കാരത്തോടും സുഖപര്യവസായിയാണെങ്കിൽ, ഒരു കല്യാണത്തോടും അവസാനിക്കുന്നതായിട്ടാണ് പ്രേക്ഷകർ കണ്ടു പരിചയിച്ചിട്ടുള്ളതു്; രണ്ടു വിധ

ത്തിലായാലും നാടകത്തിനു നിർണ്ണായകമായ ഒരു അന്ത്യമു ണ്ടായിരിക്കും.

ഇബ്സൺ ഒരു ഇടത്തരകുടുംബത്തെപ്പററി — ഒരു ബാങ്ക്ക്ലാൎക്കും അയാളുടെ ഭാൎയ്യയും ഉൾക്കൊള്ളുന്ന—കുടുംബ ത്തെപ്പററിയാണു് എഴുതിയതു്; അവരുടെ ജീവിതത്തിലെ നിസ്സാരചുററുപാടുകളിൽ ശോകാത്മകത്വം പരത്തിക്കൊ ണ്ടു്. കാരണം അവിടെ കടുത്ത ശോകാത്മകത്വം നിഴലി ക്കുന്നുണ്ടു്. അതിൽ ഉപയോഗിച്ചിരിക്കുന്ന ലളിതഗദ്യത്തി നു് പദ്യത്തിന്റെ ബാഹ്യരൂപമില്ലെങ്കിലും സാന്ദ്രതയുണ്ടു്. സർവ്വോപരി, നാടകീയലക്ഷണം കൈവരുത്തുന്നതിൽ ഇ ബ്സൺ ഒരു വിദഗ്ദ്ധൻതന്നെ ആയിരുന്നു. നാടകത്തിന്റെ ക്രിയാംശവും പ്രയോഗരീതിയും, കവിതാമയംതന്നെ. വാത ലിൽ ഒരു മുട്ടു്; ക്രിസ്തുമസ്മരത്തിൽ കത്തുന്ന മെഴുകുതിരി കൾ; എഴുത്തുപെട്ടിയിൽ ഇടുന്ന ഒരു കത്തു്; മററു കഥാ പാത്രങ്ങൾ അറിയാതെ, എന്നാൽ സദസ്യർ ഗ്രഹിക്കത്തക്ക തുപോലെയുള്ള നോറായുടെ നൈരാശ്യജന്യമായ നൃത്തം; ഇവയെല്ലാം കഥാപാത്രങ്ങളുടെ സംഭാഷണംപോലെതന്നെ പ്രാധാന്യമർഹിക്കുന്നവയാണു്. ഇബ്സൺന്റെ കലാവി രുതിൻെറ അഗാധത അഭിനയത്തിൽ മാത്രമെ പ്രകടമാകു ന്നുള്ളു.

അദ്ദേഹത്തിൻെറ പിൽക്കാലനാടകങ്ങളിലും മനുഷ്യ പ്രകൃതത്തെപ്പററിയുള്ള പ്രശ്നങ്ങൾ മികച്ച സ്വാതന്ത്ര്യത്തോ ടെ കണ്ടുപിടിക്കാൻ അദ്ദേഹം തുടൎന്നു ശ്രമിച്ചുകൊണ്ടിരു ന്നു. 1881-ൽ അദ്ദേഹം രചിച്ച "പ്രേതങ്ങൾ" (Ghosts) എന്ന കൃതിയിൽ, സ്ത്രീപുരുഷബന്ധത്തെപ്പററിയുള്ള സമഗ്ര മായ പ്രതിപാദനവും രതിജന്യമായി രോഗബാധിതനാകു ന്ന പിതാവിൻെറ പുത്രൻ രോഗഗ്രസ്തനാകുന്ന വിവരണവും കൊണ്ടു് അദ്ദേഹം സമുദായദൃഷ്ടിയിൽ കൂടുതൽ തെററുകാര നാകുന്നു. വിട്ടുവീഴ്ചയില്ലാത്ത സദാചാരബോധവും, തെററി നേയും ഉത്തരവാദിത്വത്തേയുംപററിയുള്ള ഉറച്ച താൽപൎയ്യ വുംകൊണ്ടു് അദ്ദേഹം ഭൂരിപക്ഷത്തിൻെറ അഭിപ്രായങ്ങളെ വിജയപൂർവ്വം അവഗണിച്ചു. "പൊതുജനശത്രു" (An Enemy of the People) എന്ന കൃതിയിൽ, അദ്ദേഹത്തെ പ്പോലെയുള്ള ഒരാളിൻെറ വിധിയെയാണു് ചിത്രീകരിച്ചി രിക്കുന്നതു്. "മരുങ്ങാത്ത താറാവു്" (The Wild Duck) എന്ന നാടകത്തിൽ സമുദായപരിഷ്കൎത്താവിനേയും ആദൎശ വാദിയേയുമാണു പരിഹാസപാത്രമാക്കിയിരിക്കുന്നതു്. ഗ്രി ഗേഴ്സ്വെറി (Gregers Wehree) സന്തോഷപ്രദമെന്നു വിശ്വസിക്കപ്പെടുന്ന ഒരു അയഥാൎത്ഥലോകത്തു നിവസിക്കുന്ന

ഒരുകൂട്ടം ആളുകളുടെ ഇടയിലേയ്ക്കു് കടന്നുവരുന്നു ; അവരുടെ ബാഹ്യജീവിതത്തിന്റെ അടിപ്പരപ്പിലുള്ള അസുഖകരമായ പരമാർത്ഥങ്ങളെ വെളിപ്പെടുത്താൻ ശ്രമിക്കുന്നു ; എന്നിട്ടോ, ഒരു നവ്യജീവിതരീതി കൈവരുത്തുന്നതിനുപകരം ഏററവും നിർദ്ദോഷിയായ ഒരു പെൺകുട്ടിയെ വധിക്കുന്നതിനു കാരണമാക്കുന്നു.

വിശ്വാസപ്രമാണങ്ങളെയോ ഭാവനാഭിപ്രായങ്ങളെയോ, പരിഗണിക്കുംമുൻപ് ജനതയ്ക്കാണു് പരിഗണന നൽകേണ്ടതെന്നുള്ള മറുവശം മാത്രമല്ല ഈ കൃതി ചിത്രീകരിക്കുന്നതു്. ഒരുവിഭാഗം കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്ന ഒരു കുടുംബം ; അവരുടെ ജീവിതം പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്നു ; ഈ ജീവിതമാണു് 'മരുങ്ങാത്ത താറാവി'ൽ മാതൃകയാക്കിയിരിക്കുന്നതു്. ആ മുറിവേററ പക്ഷിയെ ഒരു കൊച്ചുപെൺകുട്ടിയും അവളുടെ അച്ഛനുംകൂടി, പൊടിയണിഞ്ഞ വൃക്ഷത്തണലിലുള്ള ഒരു കൂട്ടിൽ തടവിൽ പാർപ്പിച്ചിരിക്കുന്നു. മുറിവേററ ഈ പക്ഷിയിലാണു് സങ്കീർണ്ണങ്ങളായ മനുഷ്യവിചാരങ്ങൾ, ഏക അടയാളത്തിൽ അനുരഞ്ജിപ്പിച്ചിരിക്കുന്നതു്.

നാടകത്തിന്റെ പരിപൂർണ്ണമായ പൊരുൾ, ഏകാഗ്രമായ ഒരു അടയാളത്തിൽ ചേർത്തുനിർത്താൻ സാധിക്കുന്നതു്, കവിതയെഴുതാറില്ലെങ്കിലും ഇബ്സൺന്റെ കവിതാശക്തി അപ്പോഴും ഉജ്ജ്വലത്തായിരുന്നു എന്നു് കാണിക്കുന്നു.

The Wild Duck ഒരു സാമുദായികനാടകമായി പരിഗണിക്കാൻ ആർക്കും തോന്നുകയില്ല. മനുഷ്യസ്വഭാവത്തെ പൊതുവേ ചിത്രീകരിക്കുന്ന ഒരു നാടകമാണതെന്നു വ്യക്തമാണു്. തുടർന്നെഴുതിയ നാടകങ്ങളിലെല്ലാം ഇബ്സൻെറ ശ്രദ്ധ പതിഞ്ഞതു് മനുഷ്യസ്വഭാവത്തിൻെറ ആന്തരിക പ്രചോദനങ്ങളെ സ്പർശിക്കുന്നതിലായിരുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ ഏററവും ശ്രേഷ്ഠമായി രചിക്കപ്പെട്ടിട്ടുള്ള "റോസ്മർഷോം" (Rosmersholm)-ൽ, രണ്ടാളുകൾക്കു തമ്മിൽ പരസ്പരം എന്തു മാററങ്ങൾ വരുത്താമെന്നും, ഭൂതം വർത്തമാനത്തെ എങ്ങിനെ കീഴടക്കുന്നു എന്നും ജന്മവാസനയുടേയും ചുററുപാടിൻേറയും സമ്മർദ്ദത്തിൽ ഭാവനാജ്ഞാനം എങ്ങനെ ശക്തിഹീനമാകുമെന്നും കാണിക്കുന്നു. അദ്ദേഹത്തിന്റെ അടുത്ത കൃതിയായ "ഹെഡ്ഡാ ഗാബ്ലർ" (Hedda Gabler) ആശാഭംഗത്തിൻെറ കർക്കശവും സ്പഷ്ടവുമായ ഒരു പഠനമാണു്. മനഃശാസ്ത്രമാണു് സമുദായ വ്യവഹാരശാസ്ത്രമല്ല (sociology) ശരിയായ സമീപനം നൽകുന്നതു്.

വളരെക്കാലം കഴിഞ്ഞു് ഇബ്സൺ നോർവേയിലേക്കു് മടങ്ങി. അദ്ദേഹത്തിൻെറ അവസാനകൃതികളിൽ, ആന്തരികാനുഭവങ്ങളെപ്പററിയുള്ള പ്രശ്നങ്ങളാണു പ്രകടമാക്കിയിരിക്കുന്നതു്; കഥാപാത്രങ്ങൾ ചിലപ്പോൾ വിചിത്രവും പൈശാചികവുമായ സ്വഭാവമുള്ളവരാണു്. ചിലർ മാനസികശക്തികൊണ്ടു് അനുഗൃഹീതരാണു്; അസാധാരണമായ സ്വപ്നങ്ങൾക്കു വിധേയരാണു് ചിലർ; മിക്കപ്പോഴും നാടകങ്ങളിൽ കാവ്യാംശങ്ങളും പ്രതിരൂപാത്മകത്വവും കൂടിയിരിക്കും; നോർവേയിലുള്ള ദൃശ്യങ്ങൾക്കു് കൂടുതൽ കൂടുതൽ പ്രാധാന്യവും കല്പിച്ചിട്ടുണ്ടു്. വിശേഷിച്ചും കടലും പർവ്വതമുകളും എപ്പോഴും, മനുഷ്യജീവിതവും പ്രകൃതിയിലുള്ള അജയ്യമായ ശക്തിയും തമ്മിലുള്ള ബന്ധത്തെ പ്രതിനിധാനം ചെയ്യുന്നതായി തോന്നും. ഇബ്സൺ ഇതു മനസിലാക്കിയിരുന്നെങ്കിലും അതേപ്പറ്റി ചർച്ചചെയ്യാൻ വിസമ്മതിച്ചു.

ഇബ്സണെ ഒരു കവി എന്ന നിലയിൽ പഠിക്കുന്നവർക്കു് അദ്ദേഹത്തിൻെറ അവസാനകാലത്തെ ഈ നാടകങ്ങൾ വളരെ ആസ്വാദ്യമായിരിക്കുമെങ്കിലും "A Doll's House" തൊട്ടു് "Hedda Gabler" വരെയുള്ള മികച്ച കൃതികളാണു്, നാടകകൃത്തുക്കളേയും പ്രേക്ഷകരേയും അനന്തരതലമുറകളിൽ ഏറെക്കുറെ പ്രചോദിപ്പിച്ചും യൂറോപ്യൻ നാടകരീതിക്കു് മാർഗ്ഗദർശനം നിശ്ചയിച്ചും വർത്തിച്ചിരുന്നതു്.

# വീരയോദ്ധാക്കൾ
# ഹെൽഗലൻറിൽ

## കഥാപാത്രങ്ങൾ

| | | |
|---|---|---|
| ജോർഡ്സിലെ ഓർണൾഫ് | — | ഐസ്ലണ്ടിലുള്ള ഒരു പ്രഭു. |
| തൊറോൾഫ് | — | അദ്ദേഹത്തിൻെറ ഏററവും ഇളയ പുത്രൻ. |
| ബലവാനായ സിഗേർഡ് | — | ഒരു വീരനായ കടൽക്കൊള്ളക്കാരൻ. |
| ഡാഗ്നി | — | സിഗേർഡിൻെറ ഭാര്യ (ഓർണൾഫിൻെറ പുത്രി) |
| ഗണ്ണർ | — | ഹെൽഗലൻ്റിലെ ധനികനായ ഒരു കഷകൻ. |
| ജോർഡിസ് | — | ഗണ്ണറുടെ ഭാര്യ (ഓർണൾഫിന്റെ വളർത്തുപുത്രി) |
| എജിൽ | — | ഗണ്ണറുടെ മകൻ (പ്രായം നാലു വയസ്സ്) |
| കാറേ | — | ഹെൽഗലൻ്റിലെ ഒരു കർഷകൻ. |

ഓർണൾഫിൻെറ മൂത്ത ആറു പുത്രന്മാർ, ഓർണൾഫിന്റേയും, സിഗേർഡിൻെറയും അനുചരർ, അതിഥികൾ, വേലക്കാർ, പരിചാരികമാർ, കടൽക്കൊള്ളക്കാർ മുതലായവർ.

(കഥ നടക്കുന്നതു് എറിക്ക്ബ്ളഡി ആക്സിന്റെ കാലത്തു്. സ്ഥലം : വടക്കൻനോർവേയിൽ ഹെൽഗലൻ്റിലുള്ള ഗണ്ണറുടെ വസതിയും പരിസരങ്ങളും)

# അങ്കം 1

(രംഗം—അടിവാരം കടലിലേക്കു നെട്ടംതു ക്കായിക്കിടക്കുന്ന ഒരുയന്ന പാറക്കെട്ടിന്റെ മുകൾപ്പരപ്പ്. ഇടതുവശത്തായി ഒരു വള്ളപ്പുര. വലതുവശത്തു പയിൻമരങ്ങൾനിറഞ്ഞ കുന്നുകൾ. താഴെ പാറക്കൂട്ടങ്ങളുടെ വിള്ളലിൽക്കൂടി രണ്ടു യുദ്ധക്കപ്പലുകളുടെ പാമരങ്ങൾ ഉയന്നുനില്ക്കുന്നതു കാണാം. ദൂരെ വലത്തുഭാഗത്തായി പാറക്കെട്ടുകളും തുരുത്തുകളും കാണുന്നു.

കടൽ വളരെ ക്ഷോഭിച്ചിരിക്കയാണ്. ശീതകാലം; കൊട്ടങ്കാററും കലശലായ മഞ്ഞും!

സിഗേർഡ് കപ്പലിൽനിന്നും മുകളിലേയ്ക്കു കയറിവരുന്നു. അദ്ദേഹം വെള്ളക്കുപ്പായവും, വെള്ളികൊണ്ടുള്ള അരവാറും, നീലനിറത്തിൽ ഒരു നിലയങ്കിയും, അയഞ്ഞ ശരായിയും, രോമംകൊണ്ടുള്ള പാദരക്ഷയും, ഉരുക്കുതൊപ്പിയും ധരിച്ചിട്ടുണ്ട്. ഒരു ചെറിയ വാൾ അരയിൽ തൂങ്ങുന്നു. ഒരുനിമിഷം കഴിഞ്ഞു് ഓർണൾഫം കുന്നിൻപുറത്തു് പ്രത്യക്ഷനാകുന്നു. കറുത്ത ആട്ടിൻതോലുകൊണ്ടുള്ള മേലങ്കിയും, ഇരുമ്പുകവചവും, കമ്പിളികൊണ്ടുള്ള കാലുറയും രോമംകൊണ്ടുള്ള പാദരക്ഷയും ഭുജത്തിൽ ചുറ്റി ഉരുക്കുതൊപ്പിയുടെ മുകളിലായി മുഖം മറയ്ക്കുത്തക്കതുപോലെ ധരിച്ചിരിക്കുന്ന തവിട്ടുനിറത്തിലുള്ള പരിക്കൻവസ്ത്രവും—ഇത്രയുമുണ്ട് വേഷവിധാനം. നല്ല പൊക്കവും ബലവുമുള്ള ശരീരം, നീണ്ടു നരച്ച താടിമീശ, പ്രായത്തിൻെറ ഒരു ചെറിയ കൂന്. അദ്ദേഹം വൃത്താകൃതിയിലുള്ള പരിചയും ഒരു വാളും കുന്തവും ഏന്തിയിട്ടുണ്ട്. സിഗേർഡ് ആദ്യമായി മുൻപോട്ടു വന്നു് ചുററും നോക്കുന്നു. വള്ളപ്പുര കണ്ടു് വേഗത്തിൽ അടുത്തുചെന്നു വാതിൽ

ള്ളിത്തുറക്കാൻ ശ്രമിക്കുന്നു. ഓർണൽഫ് കുന്നിൻ മുകളിൽനിന്നും ഇറങ്ങിവരുന്നു. സിഗേർഡിനേ ക്കണ്ടു് ഞെട്ടുന്നു, ആളിനെ മനസ്സിലായതായി ഭാവിച്ചു് മുൻപോട്ടു നടന്നുചെന്നു് ഇങ്ങനെ വി ളിച്ചു പറഞ്ഞു.)

ഓർണൽഫ് : യോദ്ധാവെ ! പിന്നോക്കം വാങ്ങിനിൽക്കു !

സിഗേർഡ്ഡ് : (തിരിഞ്ഞുനോക്കി വാളിൽ കൈവയ്ക്കുന്നു) ഞാന ങ്ങനെ പിൻവാങ്ങുന്നെങ്കിൽ, അതു നല്ലപ്പൊഴായിരിക്കും.

ഓർണൽഫ് : നിങ്ങൾ പിൻവാങ്ങണം, പിൻവാങ്ങിയേ തീ രൂ ! തണുത്തു മരവിച്ച എന്റെ ആൾക്കാർക്കു് ഈ രാത്രിയി ലൊന്നു തങ്ങാൻ ഈ വള്ളപ്പുര വേണ്ടിയിരിക്കുന്നു.

സിഗേർഡ് : ക്ഷീണിച്ചു തളന്ന ഒരു സ്ത്രീയ്ക്കുവേണ്ടി എനിക്കും ആവശ്യമാണു് ഈ വള്ളപ്പുര.

ഓർണൽഫ് : നിങ്ങളുടെ സ്ത്രീയേക്കാൾ എന്റെ ആൾക്കാരാണു് കൂടുതൽ അർഹതയുള്ളവർ.

സിഗേർഡ് : അങ്ങിനെയാണെങ്കിൽ ഹെൽഗലന്റിൽ കൊള്ള ക്കാക്കായിരിക്കും കൂടുതൽ യോഗ്യതയുള്ളതു്.

ഓർണൽഫ് : (കുന്തം ഉയത്തിക്കൊണ്ടു്) ആ വാക്കുകൾക്കു് നി ങ്ങൾ കഠിനമായി പിഴ മൂളണം.

സിഗേർഡ്ഡ് : (വാളൂരിക്കൊണ്ടു്) എടോ ! കിഴവാ ! നല്ലതിനല്ല തനിക്കിതു്. (ഓർണൽഫ് മുമ്പോട്ടായുന്നു. സിഗേർഡ്ഡു തടുക്കുന്നു. ഡാഗ്നിയും സിഗേർഡിന്റെ കുറെ ആളുകളും കടൽക്കരനിന്നും മുകളിലേയ്ക്കു് വരുന്നു. ഓർണൽഫിന്റെ ആറു പുത്രന്മാരും വലത്തുഭാഗത്തുള്ള കുന്നിന്റെ ഉയന്ന ഭാഗ ത്തായി പ്രത്യക്ഷപ്പെടുന്നു. പുറംചട്ടയും നീലമേലങ്കിയും ക മ്പിളിത്തൊപ്പിയും അണിഞ്ഞ ഡാഗ്നി മററുള്ളവരേക്കാൾ അല്പം മുൻപിൽ നടന്നണയുന്നു)

ഡാഗ്നി : (കപ്പലിലുള്ളവരോടായിട്ടു്) വരുവിൻ ! സിഗേർ ഡിന്റെ ആൾക്കാരേ ! നിങ്ങളെല്ലാം ഓടിയെത്തുവിൻ ! എ ന്റെ ഭത്താവു് ഏതോ ഒരുത്തനുമായി ഏററുമുട്ടിയിരിക്കുന്നു.

ഓർണൽഫിന്റെ പുത്രന്മാർ : അച്ഛന്റെ രക്ഷയ്ക്കായി നമുക്കു് ഓടിയെത്താം. (അവർ താഴോട്ടിറങ്ങിവരുന്നു)

സിഗേർഡ്ഡ് : (സ്വന്തം ആൾക്കാരോടു്) അവിടെ നില്ക്കു ! നി ശ്ചയമായും ഞാൻമാത്രം മതി ഈയാളോടെതിരിടാൻ.

ഓർണൾഫ്: (പുത്രന്മാരോട്ട്) ഞാൻ സൈ്വരമായി ഒന്നു യുദ്ധം ചെയ്തുകൊള്ളട്ടെ. (സിഗേർഡിനോട്ട കൂട്ടതൽ അട്ടത്തിട്ട്) ഞാൻ നിൻെറ രക്തം ചിന്തും.

സിഗേർഡ്: ആദ്യം കാണുന്നതു് സ്വന്തം രക്തമായിരിക്കും. (ഓർണൾഫിന്റെ ഭുജത്തിൽ മുറിവേല്പിക്കുന്നതിനാൽ കൈയ്യിൽനിന്നും കുന്തം തെറിച്ചുവീഴുന്നു.)

ഓർണൾഫ്: യോദ്ധാവേ! സമ്മതിച്ചു! ശരിയായ വെട്ട്!

"ഒന്നാന്തരം നിൻപ്രഹാരം ധനുദ്ധരാ!
മിന്നിവീശുന്നു നീ ഖഡ്ഗം തെരുതെരെ
വെട്ടുകളെല്ലാം കുറിക്കുകൊള്ളുന്നു; നീ
വെല്ലും മഹാസത്വനാകും സിഗേർഡിനെ."

സിഗേർഡ്: (മന്ദഹസിച്ചിട്ട്) ഒരേസമയത്തുതന്നെ അപമാനവും അഭിമാനവും ഇദ്ദേഹത്തിനു് ഒന്നിച്ചുണ്ടാവുകയോ?

ഓർണൾഫിൻെറ പുത്രന്മാർ: (അത്ഭുതസ്വരത്തിൽ) അച്ഛാ! ഇതു സിഗേർഡുതന്നെ, ശക്തനായ സിഗേർഡ്!

ഓർണൾഫ്: എൻെറ മകൾ ഡാഗ്നിയേ മോഷ്ടിച്ച രാത്രിയിൽ നിങ്ങൾ എനിക്കേല്പിച്ച പ്രഹരം കുറേക്കൂടി നിശിതമായിരുന്നു. (മുഖാവരണം പിന്നാക്കം നീക്കുന്നു)

സിഗേർഡും അനുയായികളും: ജോർഡ്സിലേ ഓർണൾഫ്! (ഡാഗ്നി സന്തുഷ്ടയെങ്കിലും അസ്വസ്ഥഭാവത്തിൽ) ഹാ! എൻെറ അച്ഛനും സഹോദരന്മാരും!

സിഗേർഡ്: എൻെറ പുറകിൽ മാറിനില്ക്കു്.

ഓർണൾഫ്: അതിൻെറ ആവശ്യമില്ല. (സിഗേർഡിനേ സമീപിക്കുന്നു) എനിക്കു നിങ്ങളെ കണ്ട ഉടൻതന്നെ മനസ്സിലായി. അതുകൊണ്ടാണു് ഞാൻ മനഃപൂർവ്വം ശണ്ഠയ്ക്കൊരുങ്ങിയതു്. നോർവേയിലേ ഒന്നാംകിട യോദ്ധാവെന്നു് നിങ്ങളെപ്പറ്റി ആളുകൾ പറയുന്നതു പരമാൎത്ഥമാണോ എന്നൊന്നു പരീക്ഷിക്കണമെന്നുണ്ടായിരുന്നു. എന്നാൽ ഇനി നാം തമ്മിൽ സമാധാനത്തിലും സൗഹൃദത്തിലും കഴിയാം.

സിഗേർഡ്: അങ്ങനെ ആവാമെങ്കിൽ അതിൽപ്പരം ഒന്നും ഞാൻ ആവശ്യപ്പെടുന്നില്ല.

ഓർണൾഫ്: ഇതാ ഞാൻ വാക്കുതരുന്നു. നിങ്ങൾ കരബലമുള്ള ഒരു വീരൻതന്നെ. ഇതിനുമുൻപു് ഇത്ര ഊക്കേറിയ പ്രഹരം ഈ വയസ്സനായ ഓർണൾഫുമായി കൈമാറിയിട്ടില്ല.

സിഗേർഡ് : (നീട്ടിയ കരം ഗ്രഹിച്ചുകൊണ്ട്) എങ്കിൽ, ഇന്നത്തെ നമ്മുടെ തമ്മിൽത്തല്ലു്, അവസാനത്തേതായിരിക്കട്ടെ; അതോടൊപ്പം നാം തമ്മിലുള്ള പ്രശ്നത്തിനു് ഒരു അവസാന തീരുമാനമുണ്ടാക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. മേലാൽ നമുക്കു് ഏതേതു വ്യവസ്ഥയിൽ ഐക്യമായി കഴിയാമെന്നു പറയാൻ അങ്ങേക്കിഷ്ടമുണ്ടോ ?

ഓർണൾഫ് : ഞാനതിനൊരുക്കമാണു്. തമ്മൾതമ്മിലുള്ള കലഹം ഇതാ ഇപ്പോൾത്തന്നെ അവസാനിപ്പിച്ചേയ്ക്കാം. (മററുള്ളവരോടായിട്ട്) നിങ്ങളെല്ലാം അറിയണം, ഇവിടുത്തെ പ്രശ്നമെന്തെന്നു്. അഞ്ചു വഷത്തിനുമുമ്പു് മഴക്കാലത്തൊരിക്കൽ സിഗേർഡും ഗണ്ണറും ഒരുമിച്ചു് കടൽക്കൊള്ളയ്ക്കായി ഐസ്‌ലന്റിൽ വന്നു് മഴക്കാലമെല്ലാം എന്റെ അതിഥികളായി താമസിച്ചു. അങ്ങനെയാണു് ഗണ്ണർ കൗശലവും ബലവും പ്രയോഗിച്ചു് എൻെറ വളർത്തുപുത്രിയായ ജോർഡീസിനേ തട്ടിക്കൊണ്ടു കടന്നതു്. എന്നാൽ സിഗേർഡു്, നിങ്ങൾ എൻെറ സ്വന്തം പുത്രി ഡാഗ്നിയേയും അപഹരിച്ചുകൊണ്ടു് കപ്പൽ ഓടിച്ചുപോയി. അതിനു പിഴയായി നിങ്ങൾ എനിക്കു മുന്നൂറു വെള്ളിനാണയം തരണമെന്നും അങ്ങനെ ഒരു ബലപ്രയോഗത്തിനു് പ്രായശ്ചിത്തം ചെയ്യണമെന്നും ഞാൻ വിധിക്കുന്നു.

സിഗേർഡ് : അങ്ങു നിർദ്ദേശിച്ച വ്യവസ്ഥകൾ വളരെ എളുപ്പമുള്ളതായിതോന്നുന്നു. മുന്നൂറു വെള്ളിനാണയം ഞാൻ തരുന്നതാണു്. പുറമേ ഇംഗ്ലണ്ടിലെ രാജാവായ അൽസ്റ്റനിൽനിന്നും എനിക്കു സമ്മാനംകിട്ടിയ, ഒരു കിന്നരിവച്ച പട്ടുടുപ്പും ഞാൻ അങ്ങേയ്ക്കു തരാൻ തീരുമാനിച്ചു. അത്തരമൊരുടുപ്പു് ഐസ്‌ലണ്ടിൽ ആരുംതന്നെ ഇതിനുമുൻപു് അണിഞ്ഞിട്ടില്ല.

ഡാഗ്നി : ധീരനായ നാഥ! അങ്ങു പറഞ്ഞതു് ഉചിതമായി. അച്ഛനും എൻെറ അകമഴിഞ്ഞ നന്ദി. യഥാർത്ഥത്തിലുള്ള ആനന്ദം ഞാനിന്നാണു് അനുഭവിക്കുന്നതു്. (അച്ഛന്റെയും സഹോദരന്മാരുടെയും കൈകൾ ഗ്രഹിച്ചുകൊണ്ടു് അവരോടു് രഹസ്യമായി സംസാരിക്കുന്നു)

ഓർണൾഫ് : ഇപ്പോൾ നാം തമ്മിൽ പരിപൂർണ്ണസമാധാനത്തിലെത്തിയിരിക്കുന്നു. ഇന്നുമുതൽ അങ്ങു് മുറപ്രകാരം സ്വീകരിച്ച ധർമ്മപത്നിയായി എല്ലാവരാലും ബഹുമാനിക്കപ്പെടും. അച്ഛൻെറയും ബന്ധുജനങ്ങളുടെയും അനുമതിയോടുകൂടി വിവാഹം ചെയ്തുകൊടുക്കപ്പെട്ട ഒരു വധുവിൻെറ മാന്യപദവി ഞാനവൾക്കനുവദിച്ചിരിക്കുന്നു.

സിഗാർഡ് : സ്വന്തം ആളുകളിൽ ഒരാളിനെപ്പോലെ ഇനി മേലാൽ അങ്ങേയ്ക്ക് എന്നെ വിശ്വസിക്കാമല്ലോ.

ഓർണൾഫ് : അതിലെനിക്കു സംശയമില്ല. ഇപ്പോൾതന്നെ നിങ്ങളുടെ സൗമനസ്യത്തെ പരീക്ഷിക്കാൻ ഞാനുദ്ദേശിക്കയാണ്.

സിഗേർഡ് : ഞാനിതാ തയ്യാർ. ആജ്ഞാപിച്ചാലും എന്നെക്കൊണ്ട് വേണ്ടതെന്തെന്ന്.

ഓർണൾഫ് : നിങ്ങളുടെ സഹായം വാക്കിലും പ്രവൃത്തിയിലും എനിക്കാവശ്യമുണ്ട്. ഞാൻ, ഈ ഹെൽഗലാൻഡിൽ കപ്പലോടിച്ചു വന്നിരിക്കുന്നതു് ഗണ്ണറിനേ അന്വേഷിച്ചാണ്. എൻെറ വളർത്തുപുത്രി ജോർഡിസിനേ അപഹരിച്ചതിനു പരിഹാരം ആവശ്യപ്പെടാൻ—

സിഗേർഡ്: (അത്ഭുതത്തോട്) ഗണ്ണറോ!

ഡാഗ്നി : ജോർഡിസ്സും. അവർ എവിടെയാണിപ്പോൾ ?

ഓർണൾഫ് : എനിക്കു തോന്നുന്നതു് ഗണ്ണറിന്റെ വീട്ടിൽ ഉണ്ടായിരിക്കുമെന്നാണ്.

സിഗേർഡ് : എന്നുവച്ചാൽ ? അതെവിടെ ?

ഓർണൾഫ് : ഇവിടെനിന്നും അധികം വിദൂരത്തിലല്ല. നിങ്ങൾക്കതറിയില്ലേ ?

സിഗേർഡ് : (ആവേശം അടക്കിക്കൊണ്ട്) എനിക്കറിയില്ല. ഐസ്‌ലണ്ടിൽനിന്നും ഒടുവിൽ മടങ്ങിയതിനുശേഷം ഞാൻ ഗണ്ണറെപ്പററി വല്ലപ്പോഴുമേ തിരക്കിയിട്ടുള്ളു. സമുദ്രവീരന്റെ ജീവിതചര്യ എന്നെ പല വിദൂരസ്ഥലങ്ങളിലേക്കും നയിച്ചു. വിദേശങ്ങളിൽ പല രാജാക്കന്മാരേയും ഞാൻ സേവിച്ചു. അക്കാലമത്രയും ഗണ്ണർ വീട്ടിൽ സ്വസ്ഥമായിക്കഴിയുകയായിരുന്നു. ഇന്നു വെളുപ്പിനു് ഈ കൊട്ടങ്കാററിൻെറ ഊററം ഏറിവരുമ്മുമ്പാണ് ഞാൻ ഈ പ്രദേശത്തു് വന്നുചേർന്നതു്. ഇവിടെ വടക്കുഭാഗത്തു് എവിടെയോ ഉള്ള പൂർവ്വികന്മാരുടെ ഭവനത്തിൽ ഗണ്ണർ താമസമുണ്ടെന്നെനിക്കറിയാമായിരുന്നു; എങ്കിലും—

ഡാഗ്നി : (ഓർനൾഫിനോട്) അപ്പോൾ ആ ഉദ്ദേശത്തോടുകൂടിയാണ് അച്ഛൻ വീട്ടിൽനിന്നും യാത്ര തിരിച്ചതു്. അല്ലേ?

ഓർണൾഫ് : അതേ! (സിഗേർഡിനോട്) നമ്മുടെ ഈ സമാഗമം സ്വർഗ്ഗസ്ഥനായ സർവ്വശക്തൻ അങ്ങനെ നിശ്ചയിച്ചതാണ്. ഞാൻ നിങ്ങളേ അന്വേഷിച്ചാണ് ഇറങ്ങിയിരു

ന്നതെങ്കിൽ എവിടെക്കാണെന്നു് അറിയാൻ കഴിയുമായിരുന്നില്ല.

സിഗേർഡ്: (ആലോചനാപൂർവ്വം) ശരിയാണു്! വളരെ ശരി. അതിരിക്കട്ടെ. ഇപ്പോൾ ഗണ്ണറിന്റെ കാര്യം! ഓർണൾഫ് എന്നോടു പറയൂ. ഇക്കാര്യത്തിൽ അങ്ങേ അറ്റംവരെ അദ്ദേഹത്തെ നിർബ്ബന്ധിക്കാൻ—ഏതു മാർഗ്ഗത്തിൽക്കൂടിയും, നല്ലതോ തീയതോ ഏതായാലും—അങ്ങു തീരുമാനിച്ചു കഴിഞ്ഞു?

ഓർണൾഫ്: ഞാനതു തീരുമാനിച്ചുകഴിഞ്ഞു. എനിക്കു പറയാനുള്ളതു് ഒന്നു ശ്രദ്ധിച്ചുകേൾക്കൂ സിഗേർഡ്! കഴിഞ്ഞ വേനൽക്കാലത്തു അനവധി മഹാന്മാർ കൂടുന്ന "തിങ്ങ്" സഭയിൽ ഞാനും സന്നിഹിതനായിരുന്നു. സമ്മേളനാനന്തരം സല്ക്കാരമുറിയിൽ എന്റെ സമന്മാരായ "ആറു്" പേരുമായി മദ്യം സേവിച്ചു വെടിപറഞ്ഞുകൊണ്ടിരിക്കെ ഞങ്ങളുടെ സംഭാഷണം സ്ത്രീകളെ ബലാൽക്കാരമായി അപഹരിച്ചുകൊണ്ടുപോകുന്ന വിഷയത്തിലേക്കു തിരിഞ്ഞു. നിന്ദാപൂർവ്വം അപ്പോഴാണു് ഞാൻ അധിക്ഷിപ്തനായതു്, ഇത്ര നീണ്ടകാലമായിട്ടും എന്നോടു ചെയ്ത അനീതിക്കു പ്രതികാരം ചെയ്യാതിരുന്നതിനു് എനിക്കു് അരിശംകൊണ്ടു. അവിടെ വച്ചു ഞാൻ ശപഥം ചെയ്തു. നോർവേയിൽച്ചെന്നു ഗണ്ണറിനേത്തേടിപ്പിടിച്ചു ചെയ്ത പിഴക്കു പരിഹാരം നേടിയതിനു ശേഷമല്ലാതെ ഞാൻ ഐസ്ലണ്ടിലേക്കു മടങ്ങുകയില്ലെന്നു്.

സിഗേർഡ്: ശരി! അങ്ങിനെയാണെങ്കിൽ ചെയ്യേണ്ടതു് ഏതു മാർഗ്ഗത്തിൽക്കൂടി ആയാലും ചെയ്തേ മതിയാവൂ.

ഓർണൾഫ്: അത്രേ ഒക്കൂ. പക്ഷേ, അമിതമായി ഞാനൊന്നും ആവശ്യപ്പെടുകയില്ല. ഗണ്ണർ ആണെങ്കിൽ മാന്യനാണെന്നാണറിയപ്പെടുന്നതും. ഈ യാത്രയ്ക്കൊരുങ്ങിയതിൽ എനിക്കതിയായ സന്തോഷമുണ്ടു്. ഈയിടെ ഐസ്ലണ്ടിൽ സമയംപോക്കാൻ മാർഗ്ഗമില്ലാതെ ഞാൻ വിഷമിക്കുകയായിരുന്നു. കടൽപ്പരപ്പിലെ നീലജലത്തിലാണു് ഞാൻ വളന്നതും, നരച്ചു വയസ്സനായതും. മരിക്കുംമുൻപു ഒരിക്കൽക്കൂടി അതിൽ മുഴുകണമെന്നു് ഞാൻ കൊതിച്ചു.—ങ് ആ! ശരി: എൻെറ പ്രിയപ്പെട്ട ഭാര്യ ബർഗ്തോറാ മരിച്ചിട്ടു കാലം വളരെ ആയി. എൻെറ മൂത്തപുത്രന്മാർ എല്ലാവരും വേനൽക്കാലംതോറും എന്നെ വിട്ടിട്ടു കടൽക്കൊള്ളയ്ക്കായി പോകാറുണ്ടു്. ഇളയ മകൻ തോറോൾഫ് ഇപ്പോൾ വളന്നുവരുന്നു.

ഡാഗ്നി: (സന്തോഷത്തോടെ) അവൻ അച്ഛൻെറകൂടെ വന്നിട്ടുണ്ടോ? എവിടെ അവൻ?

ഓർണൾഫ് : അതാ ! അവിടെ എന്റെ കപ്പലിൽ. (കപ്പൽ ചൂണ്ടിക്കാണിക്കുന്നു) ഒരു നല്ല കുട്ടി. നിനക്കവനേ ഉടൻ കാണാം. നീ വീട്ടിൽനിന്നും പോയതിനുശേഷം അവൻ നല്ലവണ്ണം വളൎന്നു് ശക്തനും സുമുഖനുമായിട്ടുണ്ടു്. അവനൊരു ഭാസുരമായ ഭാവിയുണ്ടു്. സിഗേർഡ് ! ഒരു കാലത്തു നിങ്ങളെപ്പോലെ അവനൊരു വീരനായിത്തീരും.

ഡാഗ്നി : (മന്ദഹസിച്ചുകൊണ്ടു്) അങ്ങിനെ വരാനേ തരമുള്ളു. അവനായിരുന്നല്ലോ എക്കാലവും അച്ഛന്റെ വാത്സല്യപാത്രം.

ഓർണൾഫ് : അവനല്ലേ എല്ലാറ്റിലും ഇളയതു്. പോരെങ്കിൽ അവന്റെ അമ്മയുടെ തൽസ്വരൂപവും. അതാണതിന്റെ കാര്യം.

സിഗേർഡ് : ആകട്ടെ ! അങ്ങു്. ഗണ്ണറുടെ കാര്യം എന്തു തീരുമാനിച്ചു ? ഇന്നുതന്നെ അക്കാര്യത്തിൽ—

ഓർണൾഫ് : എന്തിനു് നാളെയാകുന്നു. ന്യായമായ ഒരു തുക പരിഹാരമായിത്തരികയാണെങ്കിൽ ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം. എന്നാൽ രഞ്ജിപ്പിനു ഗണ്ണർ വിസമ്മതിക്കുന്നപക്ഷം അതിന്റെ ഭവിഷ്യത്തു് അയാൾ അനുഭവിച്ചേ മതിയാവൂ.

(കാറേ കുന്നിൽ ചരുവിൽനിന്നു തിട്ടക്കത്തിൽ പ്രവേശിക്കുന്നു. ചാരനിറത്തിലുള്ള കോട്ടും, രോമംകൊണ്ടുള്ള തൊപ്പിയും ധരിച്ചിട്ടുണ്ടു്. കയ്യിലൊരൊടിഞ്ഞ വടിയും.)

കാറേ : വീരന്മാരെ ! നിങ്ങളേ തക്കസമയത്തുതന്നെ കണ്ടെത്തി.

ഓർണൾഫ്: യോദ്ധാക്കളെ കണ്ടെത്തുന്നതു മിക്കപ്പോഴും നല്ലതിനായിരിക്കയില്ല.

കാറേ : നിങ്ങൾ മാന്യരാണെങ്കിൽ എനിക്കഭയംതരും. ഗണ്ണറുടെ ആളുകൾ എന്നേ പിൻതുടരുന്നു. അവരെന്നേ കൊല്ലും.

ഓർണൾഫ് : എന്തു് ? ഗണ്ണറുടെ ആളുകളോ ?

സിഗാർഡ് : അപ്പോൾ നിങ്ങൾ അയാൾക്കെന്തെങ്കിലും ഉപദ്രവം ചെയ്തിരിക്കും.

കാറേ : എന്റെ അവകാശത്തിൽ കവിഞ്ഞൊന്നും ഞാൻ ചെയ്തിട്ടില്ല. കരയ്ക്കു തൊട്ടടുത്തുള്ള ഒരു തുരുത്തിൽ ഞങ്ങളുടെ കന്നുകാലികളെ മേയാൻ വിട്ടു. ഗണ്ണറുടെ ആളുകൾ എന്റെ ഏററവും നല്ല കാളകളെ അപഹരിച്ചു. കൂടാതെ അവരിലൊരുത്തൻ എന്നെ ശകാരിക്കയും അധിക്ഷേപിക്കയും ചെയ്തു. അതിൻ പരിഹാരമായി ഞാനവനേ വെട്ടിക്കൊന്നു.

ഓർണൾഫ് : അതുചെയ്യാൻ നിനക്കവകാശമുണ്ട്.

കാറേ: എന്നാലും ഇന്നു രാവിലെ ഗണ്ണറുടെ ആളുകൾ എന്നെ ആക്രമിക്കാൻ വന്നു. ദൈവാധീനത്താൽ എനിക്കു മുന്നറിവു കിട്ടി. ഞാൻ രക്ഷപ്പെട്ടു. പക്ഷേ, അല്പസമയത്തേ ആശ്വാസമേ ഇവിടെയുള്ളു. ശത്രുക്കൾ എന്നെ ഏതുനിമിഷവും തിരക്കിപ്പിടിക്കാതിരിക്കില്ല.

സിഗാർഡ് : നിങ്ങളുടെ കഥ എനിക്കു വിശ്വസിക്കാൻ തോന്നുന്നില്ല. ഗണ്ണറെ ഞാൻ നല്ലതുപോലെ അറിയും. വളരെക്കാലമായിട്ട്—എന്നേ അറിയാവുന്നത്ര നല്ലതുപോലെ—അയാൾ ഒരിക്കലും സമാധാനമായിക്കഴിയുന്നവരോടു വഴക്കിന് അങ്ങോട്ടു ചെല്ലുകയില്ല.

കാറേ : ഗണ്ണറിനിതിൽ യാതൊരു പങ്കുമില്ല. അദ്ദേഹം തെക്കൻ ദിക്കിലേയ്ക്ക് പോയിരിക്കയാണ്. ഭാര്യ ജോർഡിസ്സാണ് ഇതിനെല്ലാം കാരണക്കാരി.

ഡാഗ്നി : ജോർഡിസ്സോ ?

ഓർണൾഫ് : (സ്വയം പിറുപിറുത്തുകൊണ്ട്) അവൾ അതിനൊക്കെ പോരുന്നവളാണ്.

കാറേ : ഗണ്ണറുടെ അടിമയെക്കൊന്നതിനു ഞാൻ പിഴ ഒടുക്കാമെന്നേററു. അദ്ദേഹം അതിനു സമ്മതിച്ചതുമാണ്. എന്നാൽ അപ്പോഴേയ്ക്കും അദ്ദേഹത്തിൻെറ ഭാര്യ കടന്നുവന്നു, പരുഷം പറഞ്ഞു അദ്ദേഹത്തിനു വാശികൂട്ടി. ഒത്തുതീർപ്പിനു തടസ്സമുണ്ടാക്കി. ഗണ്ണർ തെക്കൻ ദിക്കിലേയ്ക്ക് പോകുകയും ചെയ്തു. ഇന്നു രാവിലേ.........

സിഗേർഡ് : (ഇടത്തുവശം നോക്കിയിട്ട്) റോഡിൽക്കൂടി ആരോ വടക്കോട്ടു വരികയല്ലേ ?

കാറേ : അതു ഗണ്ണർതന്നെയാണ്.

ഓർണൾഫ് : സമാധാനപ്പെട്ടു. നിങ്ങളേത്തമ്മിൽ യോജിപ്പിക്കാൻ എനിക്കു കഴിയുമെന്നു തോന്നുന്നു (ഗണ്ണറും കുറേ അനുയായികളും ഇടതുവശത്തുകൂടി പ്രവേശിക്കുന്നു. അദ്ദേഹം വീട്ടിൽനില്ക്കുന്ന വേഷത്തിലാണ്. തവിട്ടുനിറത്തിലുള്ള മേലങ്കിയും കമ്പിളികൊണ്ടുള്ള കാലുറയും നീലനിറത്തിലുള്ള പുറങ്കുപ്പായവും നെററി മറയ്ക്കുന്ന തൊപ്പിയും ധരിച്ചിട്ടുണ്ട്. ഒരു ചെറിയ കോടാലി മാത്രമാണായുധം)

ഗണ്ണർ : (അവിടെ കൂടിനില്ക്കുന്നവരെക്കണ്ടു അത്ഭുതപ്പെട്ട് അറച്ചുനില്ക്കുന്നു) ഫോർഡ്സിലെ ഓർണൾഫ്! വാസ്തവത്തിൽ അതെ, അദ്ദേഹം തന്നെ,

ഓർണൾഫ് : അതേ അദ്ദേഹംതന്നെ.

ഗണ്ണർ : (അടുത്തുചെന്നിട്ട്) അങ്ങേക്കെൻറ നാട്ടിലേയ്ക്കു സ്വാഗതം. സമാധാനകാംക്ഷയോടാണു വന്നിരിക്കുന്നതെങ്കിൽ—

ഓർണൾഫ് : നിങ്ങൾക്കും എന്റെ മനോഭാവമാണുള്ളതെങ്കിൽ നമുക്കു സമാധാനത്തിലെത്താം.

സിഗേർഡ് : (മുൻപോട്ടുവന്നിട്ട്) ഗണ്ണർ ! നിങ്ങളെക്കണ്ടതു തക്കസമയത്താണ്.

ഗണ്ണർ : സിഗേർഡ് ! എൻെറ പ്രിയപ്പെട്ട സഹോദരാ (കൈ പിടിച്ചു കുലുക്കുന്നു) നിങ്ങൾ അദ്ദേഹത്തോടൊപ്പമാണുവന്നതെങ്കിൽ നിശ്ചയമായും ഓർണൾഫ് വഴക്കിനായിരിക്കയില്ലാ വന്നിരിക്കുന്നതു്. (ഓർണൾഫിനോടായിട്ട്) അമ്മാവാ ! എനിക്കു കൈതരിക. ഈ വടക്കൻ പ്രദേശത്തേയ്ക്കു വന്നിരിക്കുന്നതിൻെറ ഉദ്ദേശ്യം എന്തെന്ന് ഊഹിക്കാൻ വിഷമമില്ലാ. അങ്ങയുടെ വളത്തുപുത്രി ജോർഡിസ്സിനേ സംബന്ധിച്ചായിരിക്കും, ഈ യാത്ര.

ഓർണൾഫ് : അതെ ! നിങ്ങൾ പറഞ്ഞതുപോലെതന്നെ. എൻെറ അറിവും അനുമതിയുംകൂടാതെ അവളെ ഐസ്ലൻറിൽനിന്നും അപഹരിച്ചതു വലിയ തെറ്റായിപ്പോയി.

ഗണ്ണർ : അവകാശവും ആചാരവും അങ്ങയുടെ ഭാഗത്താണ്. ചെറുപ്പകാലത്തെ സാഹസപ്രവൃത്തികൾക്ക് ഒരുവൻ ഉത്തരം പറയുകതന്നെ വേണം. ഓർണൾഫ്, എൻെറ ആ പ്രവൃത്തിക്കു എന്നോടു പകരം ചോദിക്കുവാൻ അങ്ങെത്തുമെന്നു പലനാൾ ഞാൻ പ്രതീക്ഷിച്ചു. പ്രായശ്ചിത്തംകൊണ്ടു നമുക്കു സമാധാനത്തിലെത്താമെങ്കിൽ അതുടനേ നിവ്വഹിക്കുന്നതിനു ഞാനൊരുക്കമാണ്.

സിഗേർഡ് : എൻെറ അഭിപ്രായവും അതുതന്നെയാണ്. ഓർണൾഫ് ഉചിതജ്ഞനാണ്.

ഗണ്ണർ : (ഉത്സാഹപൂർവ്വം) അതെ, സംശയമില്ല. അവളുടെ യഥാത്ഥമായ മേന്മയ്ക്കു വിലമതിക്കുകയാണെങ്കിൽ എനിക്കുള്ളതെല്ലാം തന്നാലും മതിയായ പരിഹാരം ആകുകയില്ല.

ഓർണൾഫ് : ഞാൻ നീതിയും ആചാരവും അനുസരിച്ചേ പെരുമാറുകയുള്ളൂ. അതേപ്പററി സംശയം വേണ്ട. എന്നാൽ ഇപ്പോൾ മറ്റൊരുകാര്യംകൂടിയുണ്ട് പറയാൻ. (കാറേയേ ചൂണ്ടിക്കാണിച്ചിട്ട്) ഈ മനുഷ്യനേ നിങ്ങൾ കാണുന്നുണ്ടോ ?

ഗണ്ണർ : കാറേയോ (ഓർണൾഫിനോട്ട്) ഞങ്ങൾ തമ്മിൽ ശത്രുതയിലാണെന്നറിഞ്ഞുകൂടെ ?

ഓർണൾഫ് : നിങ്ങളുടെ ആളുകൾ അയാളുടെ കന്നുകാലികളേ കൊള്ളചെയ്തുകൊണ്ടു് പോയില്ലേ ? അതിന്നു് പരിഹാരം നൽകേണ്ടതല്ലേ ?

ഗണ്ണർ : കൊലപാതകത്തിനും വേണം പരിഹാരം. അയാളെന്റെ അടിമയെക്കൊന്നു.

കാറേ : അവൻ എന്നേ അധിക്ഷേപിച്ചതുകൊണ്ടു്.

ഗണ്ണർ : നിങ്ങളുമായി യോജിപ്പിലെത്താമെന്നു ഞാൻ പറഞ്ഞതല്ലേ ?

കാറേ : പക്ഷേ ! ജോർഡിസിനതു സമ്മതമായിരുന്നില്ലല്ലോ. ഇന്നുരാവിലെ നിങ്ങൾ ഇല്ലാതിരുന്ന അവസരത്തിൽ അവർ എന്നേ അപായപ്പെടുത്താൻ ശ്രമിച്ചു. ഇപ്പോഴും എന്നേ ക്കൊല്ലാൻവേണ്ടി അന്വേഷിച്ചു നടക്കുകയാണു്.

ഗണ്ണർ : (ഈർഷ്യയോടു്) നിങ്ങൾ സത്യമാണോ പറയുന്നതു്. അവൾ അതിനു ശ്രമിച്ചെന്നോ ?

കാറേ : അതേ ! ഞാൻ പറയുന്നതു് അക്ഷരംപ്രതി സത്യമാണു്.

ഓർണൾഫ് : അതു നിമിത്തമാണു് ഈ മനുഷ്യൻ എന്റെ സഹായത്തിന്നു് അപേക്ഷിച്ചതു്. തീർച്ചയായും അയാൾക്കതു ലഭിക്കയും ചെയ്യും.

ഗണ്ണർ : (ഒരു നിമിഷത്തെ ആലോചനയ്ക്കുശേഷം). ഓർണൾഫ് ! അങ്ങു് എന്നോടു് മാന്യമായ നിലയിൽ പെരുമാറി. അതുകൊണ്ടു് അങ്ങയുടെ അഭിമതമനുസരിച്ചു പ്രവൎത്തിക്കേണ്ടതു കേവലം ധൎമ്മമാണു്. കാറേ ! ഞാൻ പറയുന്നതു ശ്രദ്ധിക്കു. നമുക്കു പരസ്പരം സകലതും മറക്കാം. നിങ്ങൾ എന്റെ അടിമയെ വധിച്ചതും ഞാൻ നിങ്ങളുടെ കന്നുകാലികളെ അപഹരിച്ചതുമെല്ലാം.

കാറേ : (ഗണ്ണറിന്റെ നേരെ കൈനീട്ടിയിട്ടു്) ആ പറഞ്ഞതു ന്യായം. ഞാൻ സമ്മതിച്ചു.

ഓർണൾഫ് : മേലാൽ നിങ്ങളോടും നിങ്ങളുടെ സ്വന്തക്കാരോടും ഇയാൾ സമാധാനത്തിൽ കഴിയട്ടെ.

ഗണ്ണർ : എന്റെ വീട്ടിലും പുറത്തും ഇയാൾ എവിടെയെല്ലാം പോകാൻ ആഗ്രഹിക്കുന്നുവോ അവിടെയും സമാധാനം പുലരട്ടെ.

സിഗേർഡ്ഡ് : (കുന്നിൻചെരുവിലേയ്ക്കു കൈചൂണ്ടിക്കൊണ്ടു്) അതാ അവിടെ നോക്കു.

ഗണ്ണർ : (നീരസത്തോടെ) ജോർഡിസ്സാണതു്.

ഓർണൾഫ് : ആയുധം ധരിച്ച ആൾക്കാരോടുകൂടി.

കാറേ : അവർ എന്നെ തിരക്കിവരികയാണു്.

(ഒരുകൂട്ടം അനുചരരുമൊത്തു് ജോർഡിസ്സ് പ്രവേശിക്കുന്നു. കറുത്ത പുറംകുപ്പായവും കഞ്ചുകവും തൊപ്പിയും ധരിച്ചിട്ടുണ്ടു്, കൂടെയുള്ളവർ വാളും കോടാലിയും ഏന്തിയിരിക്കുന്നു. അവളുടെ കൈയിൽ ഒരു ചെറിയ കുന്തവും.)

ജോർഡിസ്സ് : (പെട്ടെന്നു് അറച്ചുനിന്നിട്ടു്) ഇവിടെ സകല ശക്തികളും സമ്മേളിച്ചിരിക്കുന്നുവെന്നു് തോന്നുന്നല്ലോ.

ഡാഗ്നി : (അവളുടെ അടുത്തേയ്ക്കു് ചെന്നിട്ടു്) ജോർഡിസ്സ്, നിനക്കു് എന്റെ അഭിവാദനം.

ജോർഡിസ്സ് : (ഉദാസീനതയോടെ) വന്ദനം. നിങ്ങളെല്ലാം അടുത്തെവിടെയോ ഉണ്ടെന്നു ഞാൻ കേട്ടു.

(അവിടെ കൂടിനിന്ന പുരുഷന്മാരുടെ നേരെ നിശിതമായ ഒരു നോട്ടം അയച്ചിട്ടു് അവൾ മുന്നോട്ടുവന്നു.)

ഗണ്ണർ : എന്റെ ശത്രു കാറേ— ! ഓർണൾഫും പുത്രന്മാരും—! അവളുടെ നോട്ടം സിഗേർഡിൽ പതിഞ്ഞപ്പോൾ ഏതാണ്ടു് അസ്പഷ്ടമായി അവൾ ഞെട്ടുന്നു. കുറച്ചുനേരത്തെ മൗനത്തിനു ശേഷം സ്വസ്ഥിതി പ്രാപിച്ചിട്ടു്) എനിക്കു പരിചയമുള്ള പല മുഖങ്ങളും ഞാനിവിടെക്കാണുന്നു. പക്ഷേ ഒരു കാര്യം എനിക്കു നിശ്ചയമില്ല. നിങ്ങളിൽ ആർക്കാണു് എന്നോടു കൂടുതൽ സൗഹാർദ്ദമെന്നു്.

ഓർണൾഫ് : നിശ്ചയമായും ഞങ്ങളെല്ലാം നിന്റെ സുഹൃത്തുക്കളാണു്.

ജോർസിസ്സ് : അങ്ങനെ എങ്കിൽ കാറേയെ എന്റെ ഭർത്താവിനെ ഏല്പിക്കാൻ നിങ്ങൾ വിസമ്മതിക്കരുതു്.

ഓർണൾഫ് : അതിന്റെ ആവശ്യമില്ല,

ഗണ്ണർ : ഞങ്ങൾ തമ്മിൽ രാജിയായി, ഒത്തുതീർപ്പിലുമെത്തി.

ജോർഡിസ്സ് : (അമർഷം അടക്കിക്കൊണ്ടു്) ഒത്തുതീർപ്പോ ? കൊള്ളാം ഗണ്ണർ ! നിങ്ങൾ നല്ല നോട്ടമുള്ള ഒരാളാണെന്നെനിക്കറിയാം. കാറേയ്ക്കു് പ്രബലരായ അനവധി സഹാ

യികൾ ഉണ്ടെന്നുകണ്ടപ്പോൾ രാജിപ്പെട്ടുകയാണ് രക്ഷയെന്നു നിങ്ങൾ വിചാരിച്ചതു് എനിക്കു നിഷ്പ്രയാസം മനസ്സിലാക്കാം.

ഗണ്ണർ : മുള്ളുവാക്കു പറഞ്ഞതുകൊണ്ടു് ഫലമില്ല. (ദൃഢസ്വരത്തിൽ)കാറേയുമായി ഞാൻ സമാധാനത്തിലെത്തിക്കഴിഞ്ഞു.

ജോർഡിസ്സ് : (സ്വയം നിയന്ത്രിച്ചിട്ടു്) : ശരി. ഒത്തുതീർപ്പിനു സമ്മതിച്ചെങ്കിൽ നടക്കട്ടെ. നിങ്ങൾ നിങ്ങളുടെ വാക്കു പാലിക്കണം.

ഗണ്ണർ : (ദൃഢസ്വരത്തിൽ, എന്നാൽ ക്ഷോഭം കൂടാതെ) അതുവേണം. ഞാനതു പാലിക്കുകയും ചെയ്യും.

ഓർണൾഫ് : (ജോർഡിസ്സിനോടായിട്ടു്) മറെറാരു ഒത്തുതീർപ്പും പകുതിവരെ ആയിരിക്കയാണു്—നീ വരുംമുൻപു്.

ജോർഡിസ്സ് : (പരുഷമായി) അങ്ങും ഗണ്ണറുമായിട്ടോ ?

ഓർനൾഫ് : (തലകുലുക്കിക്കൊണ്ടു്) അതു നിന്നെ സംബന്ധിച്ചാണു്.

ജോർഡിസ്സ് : എന്തിനെ സംബന്ധിച്ചാണെന്നു് എനിക്കു നല്ലതുപോലെ അറിയാം. എന്നാൽ ഒരുകാര്യം എന്റെ വളർത്തച്ഛൻ വ്യക്തമായി ധരിക്കണം. ആയുധപാണികളായ അനുചരരുമൊത്തു് അങ്ങു് ഈ കരയിൽവന്നതുകൊണ്ടു് ഭയപ്പെട്ടു് ഗണ്ണർ ഒത്തുതീർപ്പിനു സമ്മതിച്ചതാണെന്നു പറയാൻ ഇടവരരുതു്. നേരേമറിച്ചു് അങ്ങു് ഏകനായി ഒരു സഞ്ചാരി എന്ന നിലയിൽ ഞങ്ങളുടെ വീട്ടിൽ എത്തിയിരുന്നെങ്കിൽ നാം തമ്മിലുള്ള ചരിദ്രം കുറേക്കൂടി എളുപ്പത്തിൽ ഒതുങ്ങുമായിരുന്നു.

ഗണ്ണർ : ഓർണൾഫും പുത്രന്മാരും സമാധാന കാംക്ഷയോടാണു് വന്നിരിക്കുന്നതു്.

ജോർഡിസ്സ് : ആയിരിക്കാം. എന്നാൽ മറെറാരു കഥയായിരിക്കും ജനങ്ങൾക്കു പറയാനുണ്ടാവുക. ഗണ്ണർ, നിങ്ങൾക്കു തന്നെ ഇന്നലെ ഫോർഡിൽ ഓർണൾഫിന്റെ പടക്കപ്പൽ എത്തിയിട്ടുണ്ടെന്നു് കേട്ടു് മകൻ എജിലിനെ തെക്കൻ ദിക്കിലേക്കയച്ചപ്പോൾ ഈ സമാധാനദൌത്യത്തെപ്പററി അത്ര ഉറച്ച വിശ്വാസം ഇല്ലായിരുന്നല്ലോ.

സിഗേർഡ് : (ഗണ്ണറിനോട്ടു്) നിങ്ങളുടെ മകനെ തെക്കൻ ദിക്കിലേക്കു് അയച്ചോ ?

ജോർഡിസ്സ് : അയച്ചു. ഒരു സമയം ഓർണൾഫ് ഞങ്ങളെ ആക്രമിച്ചാൽ അവൻ രക്ഷപ്പെട്ടുകൊള്ളട്ടെ എന്നു കരുതി.

ഓർണൾഫ് : ജോർഡിസ്സ്! ഇതു നേരംപോക്കു പറയാനുള്ള കാര്യമല്ല. ഗണ്ണർ ചെയ്തതു കരുതലുള്ള ഒരുവൻെറ പ്രവൃത്തിയാണെന്നു് വേണമെങ്കിൽ തെളിഞ്ഞേക്കും, നീ ഞങ്ങളുടെ ഒത്തുതീർപ്പിനു വിഘ്നംവരുത്തിയാൽ.

ജോർഡിസ്സ് : നമ്മുടെ എല്ലാവരുടേയും ജീവിതം നിയതിയുടെ നിയന്ത്രണത്തിലാണ്. നടക്കേണ്ടതു നടക്കും. പക്ഷേ എന്നെ സംബന്ധിച്ചാണെങ്കിൽ ഭീരുത്വംകൊണ്ടു സമാധാനം നേടുന്നതിൽ ഭേദം മരിക്കാനാണു ഞാനിഷ്ടപ്പെടുന്നതു്.

ഡാഗ്നി : സിഗേർഡ് ന്യായമായ നിലയിൽ പരിഹാരം ചെയ്കയാണ്. അതുനിമിത്തം ആരും വിലകുറഞ്ഞവനായി അദ്ദേഹത്തെ പരിഗണിക്കുകയില്ല.

ജോർഡിസ്സ് : സിഗേർഡിനറിയാം അദ്ദേഹത്തിൻെറ അഭിമാനം പാലിക്കേണ്ടതെങ്ങനെയെന്നു്.

സിഗേർഡ് : അതിനു് എനിക്കാരുടെയും ഉപദേശം ആവശ്യമില്ല.

ജോർഡിസ്സ് : സിഗേർഡ് പേരുകേട്ട ഒരു ജനഹന്താവാണ്. എന്നാലും എൻെറ അറവാതുക്കൽവച്ചു് ആ വെള്ളക്കരടിയെക്കൊന്ന ഗണ്ണറിൻെറ പ്രവൃത്തിയാണ് കൂടുതൽ ധീരമായതു്.

ഗണ്ണർ : (സിഗേർഡിന്റെ നേരെ ആകുലതയോടു നോക്കിയിട്ടു്) അതേ. അതേ. പക്ഷേ അതേപ്പററി കൂടുതൽ ഒന്നും വിസ്തരിക്കേണ്ട.

ഓർണൾഫ് : വാസ്തവത്തിൽ അതുമാതിരി ഒരു ധീരകൃത്യം ഐസ്ലണ്ടിൽ മുൻപാരും ഒരിക്കലും ചെയ്തിട്ടില്ല. അതുകൊണ്ടു്—

സിഗേർഡ് : അതുകൊണ്ടുതന്നെ ഗണ്ണറിനു് കിഴിഞ്ഞു യാചിക്കാതെ അഭിമാനത്തോടെ സന്ധിയിൽ ഏർപ്പെടാമെല്ലോ.

ജോർഡിസ്സ് : പിഴ ഒടുക്കുന്നെങ്കിൽ പകരം ഒന്നു് അങ്ങോട്ടും ആവശ്യപ്പെടാം. ഗണ്ണർ, ഒരിക്കൽ എനിക്കുതന്ന വാഗ്ദാനം നിങ്ങൾ ഓക്കണം.

ഗണ്ണർ : ആലോചനകൂടാതെയുള്ള ഒരു വാഗ്ദാനമായിരുന്നു അതു്. നീ അതിനെ മുറുകെപ്പിടിക്കാൻ വിചാരിക്കയാണോ?

ജോർഡിസ്സ് : അതേ. നിശ്ചയമായും നിങ്ങൾ അതു പാലിക്കണം. മേലാൽ നമുക്കൊന്നിച്ചു ഒരു വീട്ടിൽ കഴിയണമെന്നുണ്ടെങ്കിൽ. ഓർണൾഫ്! ഞാൻ പറയുന്നതു് ശ്രദ്ധി

ക്കുക. നിങ്ങളുടെ വളൎത്തുപുത്രിയെ അപഹരിച്ചതിനു പരിഹാരം ആവശ്യമാണെങ്കിൽ എന്റെ അച്ഛൻ ജോക്കളിനെ വധിച്ചതിനും അദ്ദേഹത്തിന്റെ സകല വസ്തുവകകളും കൈ അടക്കിയതിനും നിങ്ങളും പ്രായശ്ചിത്തം ചെയ്യണം.

ഓർണൾഫ് : ജോക്കൾ മരിച്ചതു് ഞങ്ങൾ തമ്മിൽ നടന്ന ന്യായമായ ഒരു ദ്വന്ദ്വയുദ്ധത്തിലാണ്. എന്നാൽ നിന്റെ ബന്ധുക്കൾ അതിൽ കൂടുതൽ ഒരു അപരാധമാണ് എന്നോട് ചെയ്തതു്. നീ ആരാണെന്നറിയിക്കാതെ നിന്നെ ഐസ്ലണ്ടിലേയ്ക്കു് അയച്ചതും എന്നെക്കൊണ്ടു് നിന്നെ ദത്തെടുപ്പിച്ചതും.

ജോർഡിസ്സ് : ജോക്കളിന്റെ മകളുടെ വളൎത്തച്ഛൻ ആവുക എന്നതു് ഒരിക്കലും അങ്ങേക്കു് അപകർഷമല്ല. നേരെമറിച്ചു് അതു് ഒരു ബഹുമതിയാണ്.

ഓർണൾഫ് : എനിക്കതു് ഉപദ്രവമേ വരുത്തിവെച്ചിട്ടുള്ളു. അതെനിക്കറിയാം.

ജോർഡിസ്സ് : കൂടുതൽ ഉപദ്രവം വരാൻ പോകുന്നതേ ഉള്ളു. ഇങ്ങനെ—

ഓർണൾഫ് : പെണ്ണുങ്ങളോടു ശണ്ഠകൂടാനല്ല ഞാനിവിടെ വന്നിരിക്കുന്നതു്. ഗണ്ണർ! ഞാൻ അവസാനമായി ചോദിക്കുന്നു, ഇവളെ അപഹരിച്ചതിനു് പരിഹാരം ചെയ്യാൻ നിങ്ങൾ തയ്യാറാണോ എന്നു്.

ജോർഡിസ്സ് : ഗണ്ണർ നിങ്ങൾ ചെയ്ത വാഗ്ദാനം ഓൎക്കുക.

ഗണ്ണർ : (ഓർണൾഫിനോടു്) അങ്ങു് കേട്ടല്ലോ എനിക്കൊരു വാഗ്ദാനമുണ്ടെന്നും. ഞാനതു്—

ഓർണൾഫ് : (ക്ഷമയററു് കക്കശസ്വരത്തിൽ) മതി. മതി. ന്യായമായി നടത്തിയ ദ്വന്ദ്വയുദ്ധത്തിൽ മൃതി അടഞ്ഞതിനു് പിഴ ഒടുക്കി എന്നു് എന്നെപ്പററി പറയാൻ ഇടയാകരുതു്.

ജോർഡിസ്സ് : (ഗൎവ്വോടെ) എങ്കിൽ നിങ്ങളെയും നിങ്ങളുടെ ഒത്തുതീർപ്പിനേയും ഞങ്ങൾ തിരസ്കരിക്കുന്നു.

ഓർണൾഫ് : (വർദ്ധിച്ച കോപത്തോടെ) ഇവിടെ ആൎക്കാണ് ജോക്കളിന്റെ മരണത്തിനു് പരിഹാരം ആവശ്യപ്പെടാൻ അധികാരം? അയാളുടെ ബന്ധുക്കൾ എവിടെ ഉണ്ടു്? അവരിൽ ഒരുത്തൻപോലും ഇന്നു ജീവിച്ചിരുപ്പില്ല. അയാളുടെ കാര്യം വാദിക്കാൻ നിയമപ്രകാരം അവകാശമുള്ള ആൾ എവിടെ?

ജോർഡിസ്സ് : ഗണ്ണറുണ്ട് എനിക്കുവേണ്ടി അതു ചെയ്വാൻ.

ഓർണൽഫ് : ഗണ്ണർ ! ശരി, ഗണ്ണർ നിൻെറ വളൎത്തച്ഛൻെറ അനുമതിയോടെ നിന്നെ വിവാഹം ചെയ്തിരുന്നെങ്കിൽ തീൎച്ചയായും അതിനു് അയാൾക്കു് അവകാശം സിദ്ധിക്കുമായിരുന്നു. അല്ലെങ്കിൽ നിൻെറ അപഹരണത്തിനു് പരിഹാരം ചെയ്തിരിക്കണമായിരുന്നു. പക്ഷേ...

ഡാഗ്നി : (ഉൽകണ്ഠ നിറഞ്ഞ അപേക്ഷാസ്വരത്തിൽ) അച്ഛാ !

സിഗേർഡ് : (പെട്ടെന്നു്) അതു പറയരുതു്.

ഓർണൽഫ് : (ശബ്ദം ഉയൎത്തിക്കൊണ്ടു്) പറയും. ഞാൻ ഉറക്കെ വിളിച്ചുപറയും. അപഹരിക്കപ്പെട്ട ഒരു സ്ത്രീക്കു് നിയമാനുസൃതമായി ഭൎത്താവില്ലെന്നു് :

ഗണ്ണർ : (രൂക്ഷമായി) ഓർണൽഫ് !

ജോർഡിസ്സ് : (കോപാവേശത്തോടെ ഉച്ചത്തിൽ) അപമാനിച്ചു ! നാണംകെടുത്തി ! (ഇടറിയ സ്വരത്തിൽ) നിങ്ങൾ— നിങ്ങൾ ഇതിനു് പശ്ചാത്തപിക്കേണ്ടിവരും. തീർച്ച.

ഓർണൽഫ് : (തുടൎന്നു) അപഹരിക്കപ്പെട്ട ഒരു സ്ത്രീക്കു് നിയമപ്രകാരം വെറും വെപ്പാട്ടിയുടെ പദവിയേ ഉള്ളു. അതിനെക്കാൾ മാന്യമായ ഒരു പദവി നീ ആഗ്രഹിക്കുന്നെങ്കിൽ...

ജോർഡിസ്സ് : (സ്വയം നിയന്ത്രിച്ചുകൊണ്ടു്) ഇല്ല. ഓർണൽഫ് ! എന്താണു യുക്തമെന്നു് എനിക്കു നിങ്ങളെക്കാളറിയാം. എനിക്കു ഗണ്ണറിന്റെ വെപ്പാട്ടിയുടെ പദവിയേ ഉള്ളു എങ്കിൽ, ശരി. അതു മതി. അപ്പോൾ അവശ്യമായും അദ്ദേഹം തൻെറ ധീരകൃത്യങ്ങൾകൊണ്ടു് എൻെറ അഭിമാനം എനിക്കു വീണ്ടെടുത്തു തരണം. അതേ എൻെറ പദവി എനിക്കൊരവമാനമായിത്തീരാത്തവിധം കരുത്തുള്ള പ്രവൃത്തികൊണ്ടു്. ഓർണൽഫ് ! സൂക്ഷിച്ചുകൊള്ളു. ഇവിടെ വച്ചു് നാം ഭിന്നമാൎഗ്ഗങ്ങളിലേക്കു തിരിയുന്നു. പക്ഷേ ഞങ്ങളുടെ വാൾമുനകൾ എക്കാലവും നിങ്ങളെ ലക്ഷ്യമാക്കി ചലിച്ചുകൊണ്ടിരിക്കും. നിങ്ങളുടെ ദേഹവും ജീവനും എന്നും അപകടത്തിലായിരിക്കും. മാത്രമല്ല (ദേഷ്യത്തോടെ കാറേയുടെ നേക്കു തിരിഞ്ഞിട്ടു്) കാറേ ! ഓർണൽഫ് നിങ്ങളുടെ പക്ഷം പിടിച്ചിരിക്കുന്നു. നാം തമ്മിൽ സമാധാനത്തിലുമാണു്. എന്നാലും ഞാനുപദേശിക്കുന്നു നിങ്ങൾ ഉടനേ വീട്ടിലേക്കു പോകരുതെന്നു്. നിങ്ങളുടെ വാളിനിരയായ മനുഷ്യനുവേണ്ടി പകരം ചോദിക്കാൻ ആളുകൾ അനവധി ഉണ്ടു്. എപ്പോൾ വേണമെങ്കിലും അതു സംഭവിച്ചു എന്നു

വരാം. ഏതായാലും ഞാൻ മുന്നറിയിപ്പു തന്നുകഴിഞ്ഞു. ഭവിഷത്തുകൾ അനുഭവിച്ചുകൊള്ളൂ. ഗണ്ണർ! വരൂ. വാളെടുക്കൂ. ഐസ്സ്‌ലണ്ടിൽവച്ച് നിങ്ങൾ ഒരു ധീരകൃത്യം ചെയ്തു. എന്നാൽ നിങ്ങളുടെ വെപ്പാട്ടിയ്ക്കു് അവളെക്കുറിച്ചും നിങ്ങളെക്കുറിച്ചും അവമാനം തോന്നാതിരിക്കാൻ അതിലും മെച്ചമായ ധീരകൃത്യങ്ങൾ ഇനിയും നിങ്ങൾ ചെയ്തേ മതിയാവൂ.

ഗണ്ണർ: അടങ്ങൂ ജോർഡിസ്സ്! സ്വയം നിയന്ത്രിക്കൂ. ഇത്തരം വാക്കുകൾ നിനക്കുചിതമല്ല.

ഡാഗ്നി: (അനുനയസ്വരത്തിൽ) പ്രിയപ്പെട്ട സോദരി! നില്ക്കൂ. അല്പം ക്ഷമിക്കൂ. അച്ഛനെ പറഞ്ഞു് ഞാൻ മാനസാന്തരപ്പെടുത്താം.

ജോർഡിസ്സ്: (ശ്രദ്ധിക്കാതെ) പോകാം. നമുക്കു വീട്ടിൽ പോകാം. ഇത്ര നീചമായ നിലയിൽ കേവലം ഒരു വെപ്പാട്ടിയുടെ പദവിയിൽ ജീവിക്കേണ്ടിവരുമെന്നു് ഞാൻ മുമ്പൊരിക്കലും കരുതിയിരുന്നില്ല. ഇനി ഒരു ദിവസത്തേയ്ക്കാണെങ്കിൽ പോലും ഇതാണെന്റെ ജീവിതമെങ്കിൽ, ഈ അപമാനഭാരം ഞാൻ സഹിക്കേണ്ടിവരുമെങ്കിൽ, എന്റെ ഭർത്താവ് അന്യാദൃശമായ ധീരപ്രവൃർത്തികൾകൊണ്ടു് മററുള്ളവരെക്കാൾ പ്രശസ്തനായേ തീരൂ. (വലത്തുവശത്തുകൂടെ അപ്രത്യക്ഷയാകുന്നു)

ഗണ്ണർ: (വിഷാദത്തോടെ) സിഗേർഡ്! ഒരു കാര്യം നിങ്ങൾ എനിക്കുറപ്പു തരണം. ഈ തീരം വിട്ടുപോകുംമുൻപ് നമുക്കു തമ്മിൽ അല്പം സംസാരിക്കണം. (അനുചരരുമായി വലത്തു ഭാഗത്തുകൂടി പോകുന്നു) കൊട്ടുംകാററു് അപ്പോഴേയ്ക്കും ശമിച്ചിരുന്നു. മദ്ധ്യാഹ്നസൂര്യൻ രക്തവർണ്ണമായ ഒരു തളികമാതിരി ദൂരെ ചക്രവാളത്തിൽ കാണുമാറായി.

ഓർണൾഫ്: (ഭീഷണിസ്വരത്തിൽ) എന്റെ വളത്തുപുത്രി! ഈ ദിവസം നിനക്കു് വമ്പിച്ച നഷ്ടം വരുത്തിവയ്ക്കുന്ന ഒരു ദുർദ്ദിനമായിരിക്കും.

ഡാഗ്നി: അച്ഛാ! അച്ഛാ! നിശ്ചയമായും അവൾക്കു് ആപത്തു വരണമെന്നു് അങ്ങേയ്ക്കു് ഉദ്ദേശമില്ലല്ലൊ.

ഓർണൾഫ്: നീ മിണ്ടാതിരിക്കൂ സിഗേർഡ്! ഞാനും ഗണ്ണറുമായി ഇനിയും നടക്കാൻപോകുന്നതു് കേവലം പരിഹാരം നേടലല്ല. നേരേമറിച്ചു് ഗുരുതരമായ ഒരു ഏററുമുട്ടലായിരിക്കും.

സിഗേർഡ്: അങ്ങെന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

ഓർണൾഫ്: എനിക്കറിയില്ല. എന്നാലും ഫോർഡ്സിലെ ഓർണൾഫും ഗണ്ണറുമായുള്ള സമാഗമം നാനാദിക്കിലുമുള്ള ആളുകൾക്ക് ഒരു സംസാരവിഷയമാകാൻ പര്യാപ്തമായിരിക്കും.

സിഗേർഡ്: (ശാന്തവും ദൃഢവുമായ സ്വരത്തിൽ) ആയിരിക്കാം. എന്നാൽ ഇത്രയുംകൂടി ഞാൻ പറയും. ഞാൻ ജീവനോടിരിക്കുന്ന കാലത്തോളം ഗണ്ണറിനോട്ട് യുദ്ധംചെയ്യാൻ ഞാൻ അനുവദിക്കുകയില്ല.

ഓർണൾഫ്: ഇല്ലേ? പക്ഷേ ഞാനതിനു് മുതിർന്നാലോ?

സിഗേർഡ്: സാദ്ധ്യമല്ല. അങ്ങ് എത്രതന്നെ ആഗ്രഹിച്ചാലും!

ഓർണൾഫ്: (ആവേശത്തോടെ) ആകട്ടെ. കാണാമല്ലോ. നിങ്ങൾ എന്റെ ശത്രുപക്ഷത്തു ചേർന്നാലും നിങ്ങളോടെല്ലാം എതിരിടാൻ ഞാൻ മടിക്കയില്ല.

സിഗേർഡ്: ഓർണൾഫ്! ഞാൻ പറയുന്നതു ശ്രദ്ധിക്കുക. നാം തമ്മിൽ ശത്രുക്കളെന്ന നിലയിൽ ഏററുമുട്ടുന്ന ദിവസം ഇനിയും പുലരുകയില്ല. നാം തമ്മിൽ മാന്യമായ ഒത്തുതീർപ്പിൽ എത്തിക്കഴിഞ്ഞു. വിജയത്തെയോ വിത്തത്തെയോക്കാൾ പ്രിയതരയാണ് എനിക്കു ഡാഗ്നി. അങ്ങ് അവളുടെ ഏററവും അടുത്ത ബന്ധു എന്നുള്ളതും ഞാൻ വിസ്മരിക്കയില്ല.

ഓർണൾഫ്: നിങ്ങളുടെ ഹൃദയശുദ്ധി അത്രയ്ക്കുണ്ടെന്നെനിക്കറിയാം സിഗേർഡ്!

സിഗേർഡ്: എന്നാൽ ഗണ്ണർ എന്റെ വളർത്തുസഹോദരനാണ്. ഞങ്ങൾ പരസ്പരം മൈത്രിയും സമാധാനവും പ്രതിജ്ഞ ചെയ്തിട്ടുണ്ട്. സമരത്തിലും സമാധാനത്തിലും ജീവിതഭാഗധേയങ്ങൾ ഒരുമിച്ചു നേരിട്ടവരാണ് ഞങ്ങൾ. മററാരെക്കാളും ഗണ്ണർ എനിക്കു പ്രിയപ്പെട്ടവനാണ്. ധീരനെങ്കിലും അദ്ദേഹം വെറും സമരപ്രിയനല്ല. എനിക്കാണെങ്കിൽ — നിങ്ങൾക്കെല്ലാം അറിയാം — യുദ്ധത്തെപ്പററി തെല്ലും ഭീതിയില്ലെന്നു്. അതുകൊണ്ട് ഓർണൾഫ് ഞാനിതാ അങ്ങയോട്ട് അപേക്ഷിക്കുന്നു, ഗണ്ണറുമായി രഞ്ജിപ്പിലെത്തണമെന്നു്. ഈ കാര്യത്തിൽ എന്റെ ഇഷ്ടം നടക്കട്ടെ.

ഓർണൾഫ്: സാദ്ധ്യമല്ല. വെറുംകൈയ്യോടെ ഐസ്സ്ലണ്ടിലേക്കു മടങ്ങിയാൽ എന്റെ സദസ്സിലെ പ്രഭുക്കന്മാരുടെ ദൃഷ്ടിയിൽ ഞാൻ പരിഹാസപാത്രമാകും.

സിഗേർഡ്: അങ്ങ് വെറുംകൈയ്യോടെ പോവുകയേ വേണ്ട. അതാ എന്റെ രണ്ടു യുദ്ധക്കപ്പലുകൾ ഞാൻ നടത്തിയ അനവധി കടൽക്കൊള്ളകളിൽനിന്നു നേടിയ ഒട്ടനവധി വിലപിടിച്ച സാധനങ്ങളുമായി ആ ഉൾക്കടലിൽ കിടക്കുന്നു. രാജാക്കന്മാരിൽനിന്നും ലഭിച്ച അമൂല്യങ്ങളായ സമ്മാനങ്ങളും ആയുധങ്ങൾ നിറഞ്ഞ നിലവറകളും മററു വിലയേറിയ സാധനങ്ങളും അതിലുണ്ട്. അതിൽ ഒരു കപ്പൽ അങ്ങെടുത്തുകൊള്ളുക. ഏതു വേണമെങ്കിലും തിരഞ്ഞെടുക്കാം. അതും അതിലുള്ള സകലതും അങ്ങയുടേതാണ്. ജോർഡിസ്സിന്റെ അപഹരണത്തിനു പരിഹാരമായി അതിരിക്കട്ടെ. അങ്ങനെ ഗണ്ണറെ സൈ്വരമായി പോകാൻ അനുവദിക്കുക.

ഓർണൾഫ്: യോഗ്യനായ സിഗേർഡ്! ഇത്രയെല്ലാം നിങ്ങൾ ഗണ്ണറിനുവേണ്ടി ചെയ്യുമോ?

സിഗേർഡ്: വിശ്വസ്തനായ ഒരു സ്നേഹിതനുവേണ്ടി എന്തു തന്നെ ചെയ്താലും അധികമാവുകയില്ല.

ഓർണൾഫ്: അപ്പോൾ നിങ്ങൾക്കുള്ളതിന്റെ നേർപകുതി നിങ്ങൾ കൊടുക്കും. അല്ലേ?

സിഗേർഡ്: (ധൃതിയിൽ) എനിക്കുള്ളതു് സകലതും എടുത്തുകൊള്ളുക. കപ്പലുകൾ രണ്ടും അതിലുള്ള സർവ്വസാധനങ്ങളും. എന്നിട്ട് അങ്ങയുടെ അനുചരരിൽ ഏററവും ദരിദ്രനായ ഒരുവനായി എന്നെക്കൂടെ ഐസ്‌ലണ്ടിലേയ്ക്കു് പോരാൻ അനുവദിക്കുക. ഞാൻ ഇപ്പോൾ തരുന്നതെല്ലാം—ഇനിയും എനിക്കു നേടാൻ കഴിയും. പക്ഷേ അങ്ങു് ഗണ്ണറുമായി ശണ്ഠയ്ക്കു് ഒരുങ്ങിയാൽ എനിക്കു സന്തോഷമായിക്കഴിയാൻ ഒരിക്കലും സാദ്ധ്യമല്ല. ഓർണൾഫ്, അങ്ങെന്തു പറയുന്നു?

ഓർണൾഫ്: (ആലോചനാപൂർവ്വം) ഒന്നാംതരം രണ്ടു യുദ്ധക്കപ്പലുകൾ! ആയുധങ്ങളും അമൂല്യസാധനങ്ങളും—! ഒരു മനുഷ്യനു് ഇതിൽക്കൂടുതൽ എന്താ വേണ്ടതു്. പക്ഷേ...(ഉഗ്രമായി) വേണ്ടാ വേണ്ടാ. ജോർഡിസ്സ് എന്നെ ഭീഷണിപ്പെടുത്തി. ഞാൻ സ്വീകരിക്കയില്ല. നിങ്ങളുടെ സമ്മാനങ്ങൾ സ്വീകരിക്കുന്നതു് എനിക്കഭിമാനക്ഷയമാണു്.

സിഗേർഡ്: എന്നാലും ഞാൻ പറയുന്നതു് കേൾക്കുക—

ഓർണൾഫ്: ഇല്ല. ഞാൻ വീണ്ടും പറയുന്നു: എന്റെ അവകാശം എനിക്കുതന്നെ പ്രയോഗിക്കണം. ഭവിഷ്യത്തുകൾ ഞാൻ നേരിടുകയും ചെയ്യും.

കാറേ: (മുൻപോട്ടു വന്നിട്ട്) സിഗേർഡ് ഉപദേശിക്കുന്നതു്

നല്ലവഴിക്കാണു്. എന്നാൽ അങ്ങു് സ്വന്തം അവകാശം പ്ര യോഗിക്കാൻ ഉറച്ചുകഴിഞ്ഞെങ്കിൽ കൂടുതൽ ഗുണകരമായ ഉപദേശം എനിക്കു തരാൻ കഴിയും. ഇക്കാര്യത്തിൽ ജോർ ഡിസ്സ് ഇടപെട്ടുകയാണെങ്കിൽ സമാധാനം പുലർത്താൻ സാദ്ധ്യമല്ലെന്നു് തീർച്ചയാണു്. എന്നാൽ അങ്ങേയ്ക്കു പ്രതി കാരം ചെയ്യാൻ സാധിക്കും, എന്റെ ഉപദേശം സ്വീകരി ക്കുമെങ്കിൽ.

ഓർണൾഫ് : പ്രതികാരമോ ? ഇതെന്തൊരുപദേശമാണു് ?

സിഗേർഡ് : വെറും ദുരുപദേശം! ഞാൻ തിത്തുപറയാം.

ഡാഗ്നി : (ഓർണൾഫിനോടു്) അയാൾ പറയുന്നതൊന്നും ചെവിക്കൊള്ളരുതേ!

കാറേ : ജോർഡിസ്സ് എന്നെ ഒരു നിയമഭഞ്ജകനാക്കിത്തീർത്തു. സൂത്രത്തിൽ അവരെന്റെ ജീവൻ അപഹരിക്കും. അങ്ങെ ന്നെ പിന്നീടു രക്ഷിച്ചുകൊള്ളാമെന്നേററാൽ ഈ രാത്രി തന്നെ ഞാൻ ഗുന്നറുടെ വീട്ടിൽചെന്നു് സകലതും ചുട്ടു ചാ മ്പലാക്കാം. എന്താ ഇതു് അങ്ങേയ്ക്കു സമ്മതമാണോ ?

സിഗേർഡ് : ദുഷ്ടാ!

ഓർണൾഫ് : (സാവധാനം) എനിക്കു സമ്മതമാണോ എന്നു് ? കാറേ! എനിക്കു കൂടുതൽ സമ്മതമായതെന്തെന്നു് കേൾക്ക ണ്ടേ ? (ഇടിവെട്ടും സ്വരത്തിൽ) വൃത്തികെട്ട ജന്തു! ഒററ വെട്ടിനു് നിന്റെ മൂക്കും ചെവിയും ദൂരെത്തെറുപ്പിക്കുന്നതാ ണു് എനിക്കു കൂടുതൽ ഇഷ്ടമുള്ള കാര്യം. വൃദ്ധനായ ഓർ ണൾഫിനെ നീ ശരിക്കു മനസ്സിലാക്കിയിട്ടില്ല, ഈ നീച പ്രവൃത്തിക്കു ഞാൻ കൂട്ടുനില്ക്കുമെന്നു് കരുതിയെങ്കിൽ.

കാറേ : (പിൻവാങ്ങിയിട്ടു്) അങ്ങു് ഗുന്നറെ നശിപ്പിച്ചില്ലെ ങ്കിൽ അയാൾ അങ്ങയെ നശിപ്പിക്കും.

ഓർണൾഫ് : അതു തടയാനുള്ള കൈയ്യൂക്കും ആയുധങ്ങളും എ നിക്കുണ്ടു്. (കാറേയോടു്) കടന്നു പൊയ്ക്കോ. നിന്നെപ്പോ ലുള്ള നീചന്മാരോടു് സംസാരിക്കുന്നതുതന്നെ ആണുങ്ങൾക്കു ചേർന്നതല്ല.

കാറേ : (പോകുംവഴി തിരിഞ്ഞുനിന്നു്) ശരി. അങ്ങനെ ആ കട്ടെ. എന്റെ രക്ഷയ്ക്കുള്ള മാർഗ്ഗം ഞാൻതന്നെ ആവുന്ന വിധം നോക്കിക്കൊള്ളാം. പക്ഷേ ഒന്നു പറഞ്ഞേക്കാം. അങ്ങു് പശ്ചാത്തപിക്കേണ്ടിവരും അയാളോടു് കർശനമായി പെരുമാറിയില്ലെങ്കിൽ. ജോർഡിസ്സിനെ എനിക്കു നല്ലതു പോലെ അറിയാം. അവളെ നല്ല പാഠം പഠിപ്പിക്കാൻ

ഞാൻ മാർഗ്ഗം കണ്ടിട്ടുണ്ട്. (കടൽക്കരയിലേയ്ക്കു് ഇറങ്ങിപ്പോകുന്നു)

ഡാഗ്നി : അയാൾ എന്തോ പ്രതികാരത്തിന് ഒരുങ്ങുകയാണ്. സിഗേർഡ്! അതു നമുക്കു തടയണം.

ഓർണൽഫ് : (ദ്വേഷ്യസ്വരത്തിൽ) അവൻ എന്തുവേണമെങ്കിലും ചെയ്യട്ടെ. എന്തായാലും അവൾ അതർഹിക്കുന്നുണ്ട്.

ഡാഗ്നി : ഉള്ളിൽ തോന്നുന്നതു പറയുകയാണോ അച്ഛ്? ഒരിക്കലുമായിരിക്കുകയില്ല. അച്ഛ് അവളുടെ വളർത്തച്ഛനല്ലേ? അതോർത്തുനോക്കു.

ഓർണൽഫ് : ശാപംപിടിച്ച ഒരു നിമിഷത്തിലാണ് ഞാനവളെ എന്റെ വീട്ടിൽ കയററിയതു്. ജോക്കൾ പ്രവചിച്ചതുപോലെയൊക്കെത്തന്നെ സംഭവിക്കുന്ന ലക്ഷണമുണ്ട്.

സിഗേർഡ് : ജോക്കളോ?

ഓർണൽഫ് : അതേ, അവളുടെ അച്ഛൻ. ജോക്കൾ. എന്റെ വാളിന്നിരയായി അവൻ നിലംപതിച്ചപ്പോൾ എന്നെ നോക്കിക്കൊണ്ട് അവൻ മന്ത്രിക്കുകയാണ്.

"ഒരിക്കൽ, ജോക്കുലിൻ കൊലയ്ക്കുതീർച്ചയായ്
ശരിക്കുതന്മക്കൾ പകരംവീട്ടിടും
ധരിക്ക, ജോക്കുലിൻനിധി കവന്നവ-
ന്നരിപ്പമായിട്ടും സുഖിച്ചുവാഴവാൻ!"

ഇത്രയും പറഞ്ഞിട്ട് അവൻ അല്പസമയത്തേയ്ക്കു് ഒന്നും മിണ്ടിയില്ല. പിന്നെ അവൻ ചിരിച്ചുകൊണ്ടു മരിച്ചു.

സിഗേർഡ് : അതൊന്നും അത്ര കാര്യമാക്കേണ്ട.

ഓർണൽഫ് : ആക്കറിയാം! ഇതേപ്പററിയെല്ലാം ആക്കറിയാം! ജോക്കൾ അവന്റെ മക്കൾക്കോരോരുത്തക്കും അവരെ നിഷ്ഠൂരരാക്കാൻ ഓരോ ചെന്നായുടെ കരൾ കൊടുത്തിട്ടുണ്ടെന്നാണ് ജനങ്ങൾ വിശ്വസിക്കുന്നതും പറയുന്നതും. തീർച്ചയായും ജോർഡിസ്സിനു് അവളുടെ പങ്കു കിട്ടിയിരിക്കും. അതിന്റെ ലക്ഷണം അവളിൽക്കാണാനുണ്ട്. (വലത്തുവശത്തേയ്ക്കു് നോക്കിയിട്ടു നിൽക്കുന്നു) ഗണ്ണർ! നാം രണ്ടാളും വീണ്ടും കൂട്ടിമുട്ടണമെന്നോ?

ഗണ്ണർ : (പ്രവേശിച്ചു്) അതേ ഓർണൽഫ്. എന്നെപ്പററി അങ്ങെന്തു വേണമെങ്കിലും വിചാരിച്ചുകൊള്ളുക. എന്നാലും ഒരു ശത്രുവിന്റെ നിലയിൽ പിരിഞ്ഞുപോകാൻ എനിക്കു വയ്യ.

ഓർണൽഫ് : നിങ്ങൾക്കെന്താ വേണ്ടതു് ?

ഗണ്ണർ : പോകുംമുൻപു് സ്നേഹപൂർവ്വം എനിക്കങ്ങയുടെ കരം ഗ്രഹിക്കണം. നിങ്ങളെല്ലാവരും ഞാൻ പറയുന്നതു് ഒന്നു കേൾക്കൂ. എല്ലാവരും എന്നോടൊപ്പം വീട്ടിലേയ്ക്കു വരണം എൻെറ അതിഥികളായി. നിങ്ങൾക്കിഷ്ടമുള്ളതുവരെ അവിടെ താമസിക്കാം. ഉണ്ണാനോ ഉറങ്ങാനോ ഒന്നിനും അവിടെ ഒരു കുറവുമില്ല. ഇന്നോ നാളെയോ നമ്മുടെ ശണ്ഠയെപ്പററി മിണ്ടിപ്പോകരുതെന്നു മാത്രം.

സിഗേർഡ് : അപ്പോൾ ജോർഡിസ്സ് ?

ഗണ്ണർ : അതിനെന്തു് ? അവൾ എന്റെ ആജ്ഞ അനുസരിച്ചുകൊള്ളും. വീട്ടിലെത്തിയതിനുശേഷം അവൾക്കൊരു മനം മാററം വന്നിട്ടുണ്ടു്. നിങ്ങൾ എന്റെ ആതിഥ്യം സ്വീകരിക്കുമെങ്കിൽ നമുക്കു് യോജിപ്പിലെത്താൻ സാധിക്കുമെന്നാണു എന്നോടൊപ്പം അവളും വിശ്വസിക്കുന്നതു്.

ഡാഗ്നി : അതേ, അതേ. അതു സാദ്ധ്യമായിരുന്നെങ്കിൽ—

സിഗേർഡ് : (സംശയത്തോടെ) എന്തോ, എനിക്കറിഞ്ഞുകൂടാ— ഞാൻ—

ഡാഗ്നി : ഗണ്ണർ അങ്ങയുടെ വളർത്തുസഹോദരനാണു്. നിശ്ചയമായും അങ്ങു് വിസമ്മതിക്കയില്ല. ഞാൻ അങ്ങയെ കുറച്ചെങ്കിലും അറിഞ്ഞിടത്തോളം, അങ്ങു തീർച്ചയായും വിസമ്മതിക്കുകയില്ല.

ഗണ്ണർ : (സിഗേർഡിനോടു്) നമ്മുടെ യാത്രകളിലെല്ലാം അങ്ങു് എൻെറ ഉററ തോഴനായിരുന്നില്ലേ ? എന്നിട്ടു് ഇപ്പോൾ എന്നോടു് ശത്രുഭാവത്തിൽ വർത്തിക്കുമോ ?

ഡാഗ്നി : ജോർഡിസ്സിൻെറ ഹൃദയത്തിൽ വിദ്വേഷം ജനിപ്പിച്ചിട്ടു് നാം കപ്പലോടിച്ചു പോവുകയോ ? ഒരിക്കലും പാടില്ല.

ഗണ്ണർ : ഓർണൽഫിനോടു് ഞാനൊരു വലിയ തെററു ചെയ്തു. അതു പരിഹരിക്കുന്നതുവരെ എനിക്കു് മനസ്സമാധാനം കാണുകയില്ല.

സിഗേർഡ് : (ആവേശത്തോടെ) ഗണ്ണർ, നിങ്ങൾക്കുവേണ്ടി വേറെ എന്തുവേണമെങ്കിലും ഞാൻ ചെയ്യാം. പക്ഷേ ഇവിടെ താമസിക്കാൻമാത്രം സാദ്ധ്യമല്ല. (വീണ്ടും സ്വസ്ഥിതിയെ പ്രാപിച്ചു്) ഞാൻ അതൽസ്റ്റെൻരാജാവിൻെറ ആശ്രിതനാണു്. ഈ ശീതകാലം കഴിയുംമുൻപു് ഇംഗ്ലണ്ടിൽ എനിക്കദ്ദേഹത്തിന്റെ അടുത്തെത്തണം.

ഡാഗ്നി: അതിനെന്തു്? ഇവിടെ അല്പം താമസിച്ചാലും ഉദ്ദേശിക്കുന്ന സമയത്തു് അവിടെ എത്താമല്ലോ?

ഗണ്ണർ: ഭാവിയിൽ സംഭവിക്കാൻ പോകുന്നതെന്തെന്നു് ഒരു മനുഷ്യനും നിശ്ചയമില്ല. സിഗേർഡ്! ഒരു പക്ഷേ ഇതായിരിക്കാം നമ്മുടെ അവസാനസമാഗമം. അങ്ങനെയാണെങ്കിൽ എന്റെ അന്ത്യമായ അപേക്ഷ അനുവദിച്ചില്ലല്ലോ എന്നു് ദുഃഖിക്കേണ്ടിവരും അങ്ങേയ്ക്കു്.

ഡാഗ്നി: അങ്ങു് ഇന്നുതന്നെ ഇവിടം വിടുകയാണെങ്കിൽ അതെന്നെ വളരെക്കാലം വേദനിപ്പിക്കും.

സിഗേർഡ്: (ദൃഢസ്വരത്തിൽ) എന്നാൽ അങ്ങനെ ആകട്ടെ. നിന്റെ ആഗ്രഹംപോലെ നടക്കട്ടെ. എന്നാൽ—ഏതായാലും ഞാൻ ഉറച്ചുകഴിഞ്ഞു. നിങ്ങളുടേയും ജോർഡിസ്സിന്റേയും അതിഥിയായി ഇവിടെ താമസിക്കാൻ.

ഗണ്ണർ: (നീട്ടിയ കരം ഗ്രഹിച്ചുകൊണ്ടു്) സിഗേർഡ്! വളരെ സന്തോഷം. എനിക്കു് നല്ലപോലെ അറിയാമായിരുന്നു നിങ്ങൾ എന്റെ അപേക്ഷ സ്വീകരിക്കുമെന്നു്. ഓൾണൽഫ്, അങ്ങും അദ്ദേഹത്തെപ്പോലെ സമ്മതിച്ചുവോ ഞങ്ങളുടെ ആതിഥ്യം സ്വീകരിക്കാൻ.

ഓർണൽഫ്: (അസംതൃപ്തിയോടെ) അതേപ്പററി ഞാൻ ആലോചിക്കാം. ജോർഡിസ്സ് എന്നെ കഠിനമായി വെറുപ്പിച്ചു. ഏതായാലും ഇന്നു് മറുപടി പറയുക സാദ്ധ്യമല്ല.

ഗണ്ണർ: ശരി. വൃദ്ധയോദ്ധാവേ, സിഗേർഡും ഡാഗ്നിയുംകൂടി അങ്ങയുടെ കോപം തണുപ്പിച്ചുകൊള്ളും. ഇപ്പോൾ ഞാൻ സദ്യയ്ക്കുള്ള വിഭവങ്ങൾ ഒരുക്കാൻ പോകുന്നു. എന്റെ വസതിയിൽവച്ചു് വീണ്ടും കാണുന്നതുവരെ, നിങ്ങൾക്കു മംഗളം! (വലത്തുവശത്തുകൂടി പോകുന്നു)

സിഗേർഡ്: (സ്വഗതമായി) ഗണ്ണർ പറയുകയാണു് ജോർഡിസ്സിനു് മനംമാററം ഉണ്ടായെന്നു്! എങ്കിൽ അയാൾക്കു് അവളെ ഒട്ടും മനസ്സിലായിട്ടില്ല. അവൾക്കേതോ ദുരുദ്ദേശമുണ്ടെന്നു് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. (സ്വന്തമാൾക്കാരുടെ നേരെ തിരിഞ്ഞു്) വരുവിൻ! എല്ലാവരും എന്റെകൂടെ കപ്പലിലേയ്ക്കു്. ഗണ്ണറിനും മററും കൊടുക്കാൻ പറ്റിയ സമ്മാനങ്ങൾ ഞാൻ തിരഞ്ഞെടുക്കാം.

ഡാഗ്നി: നമുക്കുള്ളതിൽ ഏററവും നല്ല സാധനങ്ങൾ വേണം കൊടുക്കാൻ. അച്ഛാ! അങ്ങു് സൗമ്യനാകുന്നതുവരെ ഞാനൊരു സൈ്വരവും അങ്ങേയ്ക്കു തരികയില്ല. (സിഗേർഡിനേയും അനുചരരേയും തുടന്നു് കടൽത്തീരത്തേയ്ക്കു പോകുന്നു)

ഓർണൽഫ് : സൗമ്യനാവുകയോ? ഗണ്ണറിന്റെ വീട്ടിൽ സ്ത്രീകളാരുമില്ലായിരുന്നെങ്കിൽ ഒരു പക്ഷേ...ഹാ! അവൾക്കൊരു നല്ല പ്രഹരം ഏല്പിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! തൊറോൾഫ്! നീ, ഇവിടെയോ?

തൊറോൾഫ് : (ധൃതിയിൽ പ്രവേശിക്കുന്നു) അതേ, ഞാനും വന്നു. അച്ഛൻ ഗണ്ണറിനെക്കണ്ടു എന്നു പറയുന്നതു നേരാണോ?

ഓർണൽഫ് : അതേ.

തൊറോൾഫ് : ഇപ്പോൾ അദ്ദേഹവുമായി ശത്രുതയിലാണോ?

ഓർണൽഫ് : എന്തായാലും ജോർഡിസ്സിനോട്ട് ശത്രുതയിൽ ത്തന്നെ.

തൊറോൾഫ് : എങ്കിൽ അച്ഛൻ സന്തോഷമായിരിക്കു. അങ്ങേക്കുവേണ്ടി പ്രതികാരം ചെയ്യാൻ ആളുണ്ട്.

ഓർണൽഫ് : പ്രതികാരമോ! എനിക്കുവേണ്ടിയോ? ആര്?

തൊറോൾഫ് : കേൾക്കു, കപ്പലിന്റെ മുകൾത്തട്ടിൽ ഞാൻ നില്ക്കുമ്പോൾ ഒരാൾ കൈയ്യിലൊരു വടിയുമായി ഓടിക്കയറി വന്ന് പറയുകയാണ്, ഓർണൽഫിൻെറ പടക്കപ്പലിലെ ആളുകൾ കേട്ടാലും. കാറേ അഭിവാദനപൂർവ്വം പറഞ്ഞതായി അദ്ദേഹത്തെ ധരിപ്പിക്കുക. "നമുക്കു രണ്ടാൾക്കുംവേണ്ടി പ്രതികാരം ചെയ്യാൻ കാറേ തീരുമാനിച്ചിരിക്കുന്നു" എന്ന്. അതിനുശേഷം അയാൾ ഒരു ചെറുവള്ളത്തിൽ കയറി തുഴഞ്ഞുപോകുമ്പോൾ വിളിച്ചു പറഞ്ഞു, "നിയമഭഞ്ജകരായ ഇരുപതു് ആളുകൾ കടലിടുക്കിൽ ഉണ്ട്. അവരുമൊത്ത് ഞാൻ തെക്കൻദിക്കിലേയ്ക്കു പോവുകയാണ്. ഇന്ന് ഇരുട്ടും മുൻപ് ജോർഡിസ്സ് അഭിമാനംകൊള്ളുന്ന പുത്രൻ ഇല്ലാതാകും."

ഓർണൽഫ് : ഉവ്വോ! അയാളങ്ങനെ പറഞ്ഞോ? ഹാ! എനിക്കിപ്പോൾ കാര്യം മനസ്സിലായി. ഗണ്ണർ മകനെ പുറത്ത് അയച്ചിരിക്കുകയാണ്. കാറേ, ഗണ്ണറുമായി ശത്രുതയിലും—

തൊറോൾഫ് : അപ്പോൾ ആ കുട്ടിയെ കൊല്ലാനാണ് അയാൾ പുറകെ തുഴഞ്ഞുപോയതു്!

ഓർണൽഫ് : (പെട്ടെന്നെന്തോ തീരുമാനിച്ചിട്ട്) നമുക്കു പുറപ്പെടാം. സമരം ചെയ്യാനുള്ള ഒരു നല്ല ഇരയാണവൻ.

തൊറോൾഫ് : അച്ഛനെന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു?

ഓർണൽഫ് : വേണ്ടാ. നീ സിഗേർഡിൻെറയും നിൻെറ സഹോദരിയുടെയുംകൂടെ ഗണ്ണറിൻെറ വീട്ടിലേയ്ക്കു പോവുക.

തൊറോൾഫ് : എന്തു്. സിഗേർഡോ ? അദ്ദേഹമിവിടെ ഞാനുമുണ്ടോ ?

ഓർണൽഫ് : അദ്ദേഹത്തിന്റെ യുദ്ധക്കപ്പലുകൾ തുറമുഖത്തു കിടക്കുന്നതു് നീ കണ്ടില്ലേ ? ഞങ്ങൾ തമ്മിൽ രാജിപ്പെട്ടു. നീ അദ്ദേഹത്തെ അനുഗമിക്കുക.

തൊറോൾഫ് : അങ്ങയുടെ ശത്രുക്കളുടെ വീട്ടിലേയ്ക്കോ ?

ഓർണൽഫ് : സദ്യയ്ക്കുമാത്രം പോയാൽ മതി. വയസ്സനായ ഈ ഓർണൽഫിനെ ജോർഡിസ്സ് ഇനി മനസ്സിലാക്കിക്കൊള്ളും. പിന്നെ ഒരു കാര്യം. നോക്കു. തൊറോൾഫ് ! ഒരുത്തരോടും എന്റെ മനസ്സിലുള്ളതെന്തെന്നു് മിണ്ടിപ്പോകരുതു്. ഒരക്ഷരംപോലും ! മനസ്സിലായോ ? ആരോടും ഒന്നും പറയരുതു്.

തൊറോൾഫ് : അതു ഞാനേററു.

ഓർണൽഫ് : (മകന്റെ കൈയ്ക്കുപിടിച്ചു് അരികിൽനിത്തി വാത്സല്യപൂർവ്വം നോക്കിയിട്ടു്) "എന്റെ ഉത്തമനായ കുട്ടി, ഞാൻ നിന്നോടു യാത്ര പറയുന്നു. സല്ക്കാരവേളയിൽ നീ വിനയമായി പെരുമാറി എനിക്കു് അഭിമാനം ഉളവാക്കണം. ആവശ്യമില്ലാതൊന്നും പറയരുതു്. പറയുന്ന വാക്കുകൾക്കു വാൾത്തലയുടെ മൂർച്ച ഉണ്ടായിരിക്കണം. നിന്നോടു സൗഹാർദ്ദമായി പെരുമാറുന്നവരോടു നീയും നന്നായി പെരുമാറുക. അധിക്ഷേപിച്ചാൽ മിണ്ടാതെ കേട്ടുകൊണ്ടിരിക്കരുതു്. താങ്ങാവുന്നത്ര മദ്യമേ സേവിക്കാവൂ. എന്നുകരുതി പാനപാത്രം നീട്ടിയാൽ അതുപേക്ഷിക്കരുതു്. അതു പൗരുഷക്കുറവായി ഗണിക്കപ്പെട്ടും.

തൊറോൾഫ് : അച്ഛൻ സമാധാനമായി പോകണം.

ഓർണൽഫ് : ശരി. എന്നാലിപ്പോൾ വിരുന്നിനായി ഗണ്ണറിന്റെ വീട്ടിലേയ്ക്കു പൊയ്ക്കൊള്ളൂ. ഞാനും വിരുന്നിനു് വരുന്നുണ്ടു്. പക്ഷേ അതു തികച്ചും അപ്രതീക്ഷിതമായ വിധത്തിലായിരിക്കും. (ബാക്കി ഉള്ളവരോടു് സന്തോഷമായി) വരുവിൻ എന്റെ ചെന്നായ്ക്കുട്ടികളെ ! നിങ്ങളുടെ പല്ലുകൾക്കു മൂർച്ച് കൂട്ടുവിൻ ! നിങ്ങൾക്കു രക്തപാനത്തിനുള്ള അവസരം വരുന്നു. (മററു പുത്രന്മാരുമൊത്തു് വലതുവശത്തുകൂടി പുറത്തേയ്ക്കു പോകുന്നു. സിഗേർഡും ഡാഗ്നിയും മോടിയായി വിശേഷവസ്ത്രങ്ങൾ ധരിച്ചു കടൽക്കരയിൽ നിന്നും കയറിവരുന്നു. രണ്ടുപേർ ആഭരണപ്പെട്ടിയുമായി പുറകേ ഉണ്ടു്. പെട്ടി താഴെ വച്ചിട്ടു് അവർ മടങ്ങിപ്പോകുന്നു)

തൊറോൾഫ് : (അച്ഛൻ പോയ വഴിയേ നോക്കിക്കൊണ്ട്) അവരെല്ലാം സമരത്തിനു തിരിച്ചിരിക്കുകയാണ്. ഞാൻ മാത്രം ചെന്നുകൂടാ. ഏററവും ഇളയവനായി ജനിക്കുന്നതു് കഷ്ടംതന്നെ. ഹാ! ഡാഗ്നിയോ! ചേച്ചിക്കു നമസ്കാരം.

ഡാഗ്നി: അല്ല. ഇതാരു്? തൊറോൾഫോ? ഹാ! നീ എത്ര വളൎന്നിരിക്കുന്നു!

തൊറോൾഫ് : അതേ. അഞ്ചു വർഷത്തെ വളർച്ച—

ഡാഗ്നി ; അതേ അതേ.

സിഗേർഡ് : (തൊറോൾഫിന്റെ കൈപിടിച്ചു കുലുക്കിയിട്ട്) ഓർണൽഫിനു് ഒരു ധീരനായ സഹായിയായിത്തീരും നീ. നിശ്ചയം.

തൊറോൾഫ് : ഹാ! എന്നെ അതിനനുവദിച്ചിരുന്നെങ്കിൽ!

ഡാഗ്നി : (മന്ദഹസിച്ചുകൊണ്ട്)അച്ഛൻ നിന്നെ വലിയ കരുതലോടെ കാത്തു വളൎത്തുന്നതു് നിനക്കത്ര പിടിക്കുന്നില്ല, അല്ലേ? അച്ഛനു നീ ജീവനാണെന്നു് എനിക്കറിയാം.

സിഗേർഡ് : അദ്ദേഹം എവിടെപ്പോയിരിക്കുന്നു?

തൊറോൾഫ് : താഴെ കപ്പലിലേയ്ക്കു്. നമുക്ക് ഇപ്പോൾ പോകാം. അച്ഛൻ പിന്നാലെ എത്തിക്കൊള്ളും.

സിഗേർഡ് : ഞാൻ എൻെറ ആൾക്കാർക്കുവേണ്ടി കാത്തിരിക്കയാണു്. അവർ കപ്പൽ നങ്കൂരമിട്ടിട്ട് കുറെ സാധനങ്ങളുമായി ഉടൻ എത്തും.

തൊറോൾഫ് : എന്നാൽ ഞാൻകൂടെ ചെന്നു് അവരെ സഹായിക്കാം. (കടൽത്തീരത്തേയ്ക്കു് പോകുന്നു)

സിഗേർഡ് : (നിമിഷനേരം ആലോചിച്ചിട്ട്) പ്രിയപ്പെട്ട ഡാഗ്നി! ഇപ്പോൾ നാം തനിച്ചേ ഉള്ളൂ. എനിക്കൊരു കാര്യം നിന്നോടു പറയാനുണ്ട്. ഇനിയുമതു് ഒളിച്ചുവയ്ക്കണമെന്നു് വിചാരിക്കുന്നില്ല. •

ഡാഗ്നി : (അത്ഭുതത്തോടെ) അങ്ങെന്താണീപ്പറയുന്നതു്?

സിഗേർഡ് : ഗണ്ണറിൻെറ വീട്ടിലേയ്ക്കുള്ള ഈ യാത്ര ചിലപ്പോൾ ആപൽക്കരമായി ഭവിച്ചേയ്ക്കാം.

ഡാഗ്നി ; ആപൽക്കരമോ? അങ്ങു് വിചാരിക്കുന്നുണ്ടോ? ഗണ്ണർ വല്ല.........

സിഗേർഡ് : ഗണ്ണർ മാന്യനാണു്. അല്ല, അതല്ല...........

എന്നാൽ—അദ്ദേഹത്തിൻെറ ആതിഥ്യം സ്വീകരിക്കാതെ ഇവിടെനിന്നും ഞാൻ കപ്പൽ കയറുകയായിരുന്നു നല്ലതു്.

ഡാഗ്നി : അങ്ങെന്നെ ഭയപ്പെടുത്തുന്നു. സിഗേർഡ്! സംഗതി എന്തെന്നു് പറയൂ.

സിഗേർഡ് : ആദ്യമായി ഞാനൊന്നു ചോദിക്കട്ടെ. ഞാൻ നിനക്കൊരിക്കൽത്തന്ന സ്വർണ്ണവള എവിടെ ?

ഡാഗ്നി : (വള കാണിച്ചിട്ടു്) ഇതാ എന്റെ കൈയ്യിൽ ഉണ്ടു്. അതു ധരിച്ചുകൊള്ളണമെന്നു് അങ്ങു് എന്നോടു പറഞ്ഞതല്ലേ ?

സിഗേർഡ് : കടലിൻെറ ആഴത്തിലേയ്ക്കു് അതു വലിച്ചെറിയൂ. തിരിച്ചെടുക്കാൻ പാടില്ലാത്തത്ര ആഴത്തിൽ. അതു് പലരുടേയും നാശത്തിനു് ഇടയാക്കിയേയ്ക്കും.

ഡാഗ്നി : ഈ വളയോ ?

സിഗേർഡ് : (അടക്കിയ സ്വരത്തിൽ) നിന്നെ നിൻെറ അച്ഛൻെറ വീട്ടിൽനിന്നും അപഹരിച്ചുകൊണ്ടുപോന്ന രാത്രി—നീ ഓക്കുന്നുവോ ?—

ഡാഗ്നി : എനിക്കു് ഓർമ്മയുണ്ടോ എന്നോ !

സിഗേർഡ് : അതേപ്പററിയാണു് എനിക്കു പറയാനുള്ളതു്.

ഡാഗ്നി : (ആകാംക്ഷയോടെ) എന്താണതു് ? പറയൂ.

സിഗേർഡ് : അന്നവിടെ ഒരു വിരുന്നുണ്ടായിരുന്നതായി നിനക്കറിയാമല്ലോ. നീ നേരത്തെതന്നെ നിൻെറ അറയിലേയ്ക്കു പോയി. എന്നാൽ ജോർഡിസ്സ് മദ്യപിച്ചുകൊണ്ടിരുന്ന പുരുഷന്മാരോടൊപ്പം അവിടെത്തന്നെ ഇരുന്നു. യഥേഷ്ടം കുടിച്ചു മത്തരായ അവർ ഓരോ ധീരശപഥങ്ങൾ ചെയ്തു. ഐസ്‌ലണ്ടിൽനിന്നു് ഒരു സുന്ദരിയെ തട്ടിക്കൊണ്ടുപോകുമെന്നു് ഞാൻ ശപഥം ചെയ്തു. ഗുണ്ണർ അതേ ശപഥം തന്നെ ചെയ്തിട്ടു് പാനപാത്രം ജോർഡിസ്സിൻെറ നേക്കു നീട്ടി. അവൾ അതു വാങ്ങി എഴുന്നേററു നിന്നുകൊണ്ടു പ്രതിജ്ഞ ചെയ്തു. "എൻെറ അറവാതുക്കൽ ബന്ധിച്ചിരിക്കുന്ന വെള്ളക്കരടിയെക്കൊന്നു് എന്നെ കരവലയത്തിൽ എടുത്തുകൊണ്ടുപോകുന്ന വീരനു മാത്രമേ ഞാൻ ഭാര്യയാവുകയുള്ളൂ" എന്നു്.

ഡാഗ്നി : അതേ. അതേ. അതെനിക്കറിയാം.

സിഗേർഡ് : സകലരും കരുതി അതു് അസാദ്ധ്യമെന്നു്. കരടിയാണല്ലോ വന്യമൃഗങ്ങളിൽവച്ചേററവും ഭയങ്കരൻ. ജോർഡിസ്സിനല്ലാതെ മററാക്കും അതിനെ സമീപിക്കാൻ

പോലും സാദ്ധ്യമല്ല. അതിനു് കുറഞ്ഞതു് ഇരുപതാളുകളുടെ ശക്തി ഉണ്ടു്.

ഡാഗ്നി : എന്നാലും ഗണ്ണർ അതിനെക്കൊന്നു് ആ പ്രവൃത്തി കൊണ്ടു് നാനാദിക്കിലും കീർത്തി നേടി.

സിഗേർഡ് : (താഴ്ന്ന സ്വരത്തിൽ) അയാൾ കീർത്തി നേടി. പക്ഷേ, ആ പ്രവൃത്തി ചെയ്തതു ഞാനായിരുന്നു.

ഡാഗ്നി : (ഞെട്ടിവിളിച്ചുകൊണ്ടു്) അങ്ങോ ? അതേയോ ?

സിഗേർഡ് : വിരുന്നിനുശേഷം ആളുകളെല്ലാം പോയിക്കഴിഞ്ഞപ്പോൾ, ഗണ്ണർ എന്നെ അയാളുടെ കിടക്കറയിലേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. എന്നിട്ടു് എന്നോടു രഹസ്യമായി പറഞ്ഞു. "മററതൊരു സ്ത്രീയെക്കാളും ജോർഡിസ്സ് എനിക്കു പ്രിയതരയാണു്. അവളെക്കൂടാതെ എനിക്കു ജീവിക്കാൻ സാദ്ധ്യമല്ല." ഞാൻ മറുപടി പറഞ്ഞു. "എങ്കിൽ ചെല്ലൂ അവളുടെ മുറിയിലേയ്ക്കു്. അവളുടെ വ്യവസ്ഥകൾ നിങ്ങൾക്കറിയാമല്ലൊ." ഉടനെ അയാൾ പറയുകയാണു്. "പ്രേമത്തിൽ കുടുങ്ങിയ ഒരുവൻ അയാളുടെ ജീവനു വളരെ വില കല്പിക്കുന്നു. കരടിയുമായുള്ള ഏററുമുട്ടലിൻെറ ഫലം അനിശ്ചിതമാണു്. ചിലപ്പോൾ എൻെറ ജീവൻകൂടി നഷ്ടപ്പെട്ടാൽ അതോടൊപ്പം ജോർഡിസ്സും എനിക്കു നഷ്ടപ്പെടും." വളരെ സമയം ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. അവസാനം ഗണ്ണർ അയാളുടെ കപ്പൽ യാത്രയ്ക്കു തയ്യാറാക്കി. ഞാൻ ഗണ്ണറുടെ പടച്ചട്ട അണിഞ്ഞു വാളുമായി ജോർഡിസ്സിൻെറ മുറിയിലേയ്ക്കു പോയി.

ഡാഗ്നി : (അഭിമാനംനിറഞ്ഞ ആനന്ദത്തോടെ) അപ്പോൾ അങ്ങാണു് ആ കരടിയെക്കൊന്നതു്.

സിഗേർഡ് : അതേ, ഞാൻതന്നെ. അവളുടെ മുറിയിൽ കുററിരുട്ടായിരുന്നു. കണ്ണിൽ കുത്തിയാലറിയാത്ത ഇരുട്ടു്. ജോർഡിസ്സു വിചാരിച്ചു ഗണ്ണറാണു് അവളുടെ അടുക്കലെത്തിയതെന്നു്. മദ്യത്തിൻെറ ലഹരി അവളുടെ തലയ്ക്കു പിടിച്ചിരുന്നു. കൈയ്യിൽനിന്നും അവൾ ഒരു വള ഊരി എനിക്കു തന്നു. ആ വളയാണു് നീ ഇപ്പോൾ ധരിച്ചിരിക്കുന്നതു്.

ഡാഗ്നി : (സംശയിച്ചിട്ടു്) ആ രാത്രി മുഴുവനും അങ്ങു് അവളുടെ കിടക്കറയിലായിരുന്നുവോ ?

സിഗേർഡ് : ഉറയിൽനിന്നൂരിയ എൻെറ വാളുണ്ടായിരുന്നു ഞങ്ങളുടെ നടുക്കു്. (അല്പനേരത്തെ നിശ്ശബ്ദത) നേരം വെളുക്കുംമുൻപു് ഞാൻ ജോർഡിസ്സിനെ എടുത്തു് ഗണ്ണറി

ന്റെ കപ്പലിലാക്കി. ഞങ്ങൾ പ്രയോഗിച്ച സൂത്രം അവൾ മനസ്സിലാക്കിയില്ല. അങ്ങനെ ഗണ്ണർ അവളേയുംകൊണ്ടു് കപ്പലോടിച്ചു പോയി. അതുകഴിഞ്ഞു് ഞാൻ നിന്റെ മുറിയിലെത്തി. നിന്റെ ആൾക്കാരായ സ്ത്രീകളുമൊത്തു് നീ കഴിയുകയായിരുന്നു അപ്പോൾ. പിന്നെ നടന്നതെല്ലാം നിനക്കറിയാമല്ലോ. എന്റെ ശപഥമനുസരിച്ചു ഞാനും ഒരു സുന്ദരിയേയുംകൊണ്ടു് ഐസ്‌ലണ്ടിൽനിന്നും കപ്പൽ കയറി. അതിനുശേഷം എന്റെ യാത്രയിലെല്ലാം പിരിയാതെ നീയും എന്നോടൊപ്പം ഉണ്ടായിരുന്നു.

ഡാഗ്നി: (പരിഭ്രമത്തോടെ) ധീരനായ നാഥ! അപ്പോൾ, ആ മഹൽകൃത്യം ചെയ്തതങ്ങാണ്. ഹാ! ഞാനതറിഞ്ഞിരുന്നെങ്കിൽ—അതിന്, അങ്ങേയ്ക്കല്ലാതെ മററാക്കും ശക്തി ഉണ്ടായിരുന്നില്ല. വേണമായിരുന്നെങ്കിൽ തേജസ്വിനിയും അഭിമാനവതിയുമായ ജോർഡിസ്സിനെ അങ്ങേയ്ക്കു ലഭിക്കുമായിരുന്നു. എന്നിട്ടും അങ്ങു് എന്നെയാണു കൈക്കൊണ്ടതു്. അങ്ങു എനിക്കു ലോകത്തിലേയ്ക്കുംവച്ചു് ഏററവും പ്രിയപ്പെട്ടവനല്ലായിരുന്നെങ്കിൽ ഈ വാർത്തകേട്ട മുഹൂർത്തത്തിൽ എന്റെ പ്രേമം പത്തിരട്ടി വദ്ധിക്കുമായിരുന്നു.

സിഗേർഡ്: പ്രിയപ്പെട്ട ഡാഗ്നി! ഇപ്പോൾ നീ അറിയേണ്ടതെല്ലാം അറിഞ്ഞുകഴിഞ്ഞു. ആ വളയുടെ കാര്യംകൊണ്ടാണ് ഈ മുന്നറിയിപ്പു തരേണ്ടിവന്നതു്. ജോർഡിസ്സിന്റെ ദൃഷ്ടിയിൽ അതു പെടരുതു്. എന്റെ ആഗ്രഹംപോലെ നീ ചെയ്യുമെങ്കിൽ അതു നീ ദൂരെ ത്യജിക്കണം—കടലിന്റെ അടിത്തട്ടിലേയ്ക്കു്.

ഡാഗ്നി: പാടില്ല. അതു് എനിക്കു വളരെ ഇഷ്ടപ്പെട്ടുപോയി. അങ്ങു തന്ന ഒരു സമ്മാനമല്ലേ. അങ്ങു സമാധാനമായിരിക്കു. ആരും കാണാതെ ഞാനതു സൂക്ഷിച്ചുകൊള്ളാം. അങ്ങു പറഞ്ഞതൊന്നും മറുചെവി അറികയുമില്ല. (തൊറോൾഫ് സിഗേർഡിന്റെ ആൾക്കാരുമായി കപ്പലിൽനിന്നു വരുന്നു)

തൊറോൾഫ്: എല്ലാം തയ്യാർ. നമുക്കിനി വിരുന്നിനു പോകാം.

ഡാഗ്നി: എന്റെ ധീരനും മാന്യനുമായ നാഥാ! അങ്ങു വന്നാലും.

സിഗേർഡ്: പതുക്കെ. ഡാഗ്നി! പതുക്കെ. നമ്മുടെ ഈ യാത്ര സമാധാനത്തിലോ, കൊലപാതകത്തിലോ ചെന്നവസാനിക്കുന്നതെന്ന കാര്യം നിന്നെമാത്രം ആശ്രയിച്ചിരിക്കുന്നു. (വേഗത്തിൽ മററുള്ളവരോടു്) എല്ലാവരും വിരുന്നിനു ഗണ്ണറിന്റെ വീട്ടിലേയ്ക്കു്. (ഡാഗ്നിയുമൊന്നിച്ചു് വലതുവശത്തുകൂടി വെളിയിലേയ്ക്കു പോകുന്നു. മററുള്ളവർ പിൻതുടരുന്നു)

# അങ്കം 2

(രംഗം—ഗണ്ണറുടെ വസതിയിലെ സല്ക്കാര മുറി. പ്രധാന വാതിൽ പുറകുവശത്താണ്. മററു വശങ്ങളിൽ ചെറിയ വാതിലുകൾ ഉണ്ട്. മുൻഭാഗത്ത് ഇടതുവശത്തായി പ്രധാന അതിഥിക്കുള്ള ഇരിപ്പിടം സജ്ജമാക്കിയിരിക്കുന്നു. എതിർവശത്ത് ഇടതുഭാഗം മററതിഥികൾക്കുള്ള സ്ഥാനമാണ്. മുറിയുടെ മദ്ധ്യത്തായി കല്ലടുപ്പിൽ വിറകുകഷണങ്ങൾ എരിയുന്നു. പുറകിൽ വാതലിൻെറ ഇരുവശവുമായി വിളമ്പുകാരികൾക്കുള്ള ഉയന്ന വേദി. ബഹുമാന്യ അതിഥികളുടെ ഇരിപ്പിടത്തിനു തൊട്ട് രണ്ടു നീണ്ട മേശകളും ബഞ്ചുകളും ഇട്ടിട്ടുണ്ട്. വെളിയിൽ ഇരുട്ടാണ്. മുറിക്കുള്ളിൽ അടുപ്പിലെ പ്രകാശംമാത്രം. വലത്തുഭാഗത്തുകൂടി ജോർഡിസ്സും ഡാഗ്നിയും പ്രവേശിക്കുന്നു.)

ഡാഗ്നി: ഇല്ല, ജോർഡിസ്സ്! എനിക്കു നീ പറയുന്നതു മനസ്സിലാകുന്നില്ല. നിൻെറ വീട് എന്നെ നീ കാണിച്ചല്ലൊ. യാതൊരു കുറവും ഒരിടത്തും ഞാൻ കാണുന്നില്ല. എല്ലാം വളരെ അഴകുള്ളതാണ്. നീ എന്തിനിങ്ങനെ ദുഃഖിക്കുന്നു?

ജോർഡിസ്സ്: ഹാ! ഒരു കഴുകനെപ്പിടിച്ചു കൂട്ടിൽ അടയ്ക്കുക! അഴികൾ ഇരുമ്പായാലും സ്വർണ്ണമായാലും കഴുകൻ അതിൽ കൊത്താതിരിക്കയില്ല.

ഡാഗ്നി: എങ്ങനെ ആയാലും ഒരു കാര്യത്തിൽ നീ എന്നെക്കാൾ ധന്യയാണ്. നിനക്കു നിൻെറ കൊച്ചുമകൻ എജിൽ ഉണ്ടല്ലൊ.

ജോർഡിസ്സ്: അവമാനം ചുമക്കാൻ കുഞ്ഞുണ്ടാകുന്നതിലെത്രയോ ഭേദമാണ് ഇല്ലാതിരിക്കുന്നത്.

ഡാഗ്നി: അവമാനം ചുമക്കാനോ?

ജോർഡിസ്സ്: നിൻെറ അച്ഛൻെറ വാക്കുകൾ നീ മറന്നോ? എജിൽ വേശ്യാപുത്രനാണ്. അദ്ദേഹം പറഞ്ഞതിൻെറ അത്ഥം അതല്ലേ.

ഡാഗ്നി: ദേഷ്യം വന്നപ്പോൾ പറഞ്ഞ വാക്കുകൾ—അതു നീ കാര്യമാക്കുന്നതെന്തിനു്?

ജോർഡിസ്സ്: അദ്ദേഹം പറഞ്ഞതു ശരിയാണു്. എജിൽ ഒരു ക്ഷുദ്രജീവിയാണു്. ജന്മനാ സ്വതന്ത്രനായ ഒരു കുട്ടിയുടെ ലക്ഷണമൊന്നും അവനില്ല.

ഡാഗ്നി: ജോർഡിസ്സ്. കഷ്ടം! നിനക്കിങ്ങനെ...!

ജോർഡിസ്സ്: (ശ്രദ്ധിക്കാതെ) ശരിയാണു്. അങ്ങനെയുള്ള പാതിത്യം രക്തത്തിൽ കലന്നേയ്ക്കാം സർപ്പദംശനമേററാൽ വിഷം വ്യാപിക്കുംപോലെ. വീരന്മാക്കു നിയമാനുസരണം സ്വതന്ത്രരായി ജനിക്കുന്ന കുട്ടികൾക്കുള്ള ലക്ഷണങ്ങൾ ഒന്നു പ്രത്യേകമാണു്. ഒരു രാജ്ഞി തൻെറ ഓമനമകൻെറ മാംസപേശിയിൽ കുത്തിച്ചേത്തു് ഉടുപ്പു തുന്നിപ്പിടിപ്പിച്ച കഥ ഞാൻ കേട്ടിട്ടുണ്ടു്. എന്നിട്ടു് ആ കുഞ്ഞു കണ്ണിൻെറ ഇമപോലും അനക്കാതെ ധൈര്യമായി ഇരുന്നതേയുള്ളു. (പകയോട്ടകൂടി രൂക്ഷമായി നോക്കിയിട്ടു്) ഡാഗ്നി, എജിലിൻെറ ശരീരത്തിലും അങ്ങനെ ചെയ്തുനോക്കാൻ എനിക്കാഗ്രഹമുണ്ടു്.

ഡാഗ്നി: (വെറുപ്പോടെ) ജോർഡിസ്സ്! ജോർഡിസ്സ്!

ജോർഡിസ്സ്: (ചിരിച്ചുകൊണ്ടു്) ഹഹാ. ഹാ. നീ വിചാരിച്ചോ ഞാൻ കാര്യമായിട്ടു പറഞ്ഞതാണെന്നു്. (സ്വരം മാററിയിട്ടു്) നീ എന്നെ വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി. ചിലപ്പോഴൊക്കെ അങ്ങനെ ചിലതു ചെയ്യാൻ അനിയന്ത്രിതമായ ആഗ്രഹം എനിക്കുണ്ടാവാറുണ്ടു്. അതു് ജന്മനാ എന്നിൽ ഉള്ളതാണു്. ഞാൻ രാക്ഷസവംശജയാണെന്നാണല്ലൊ ജനസംസാരവും. വരു, ഡാഗ്നി! ഇവിടെ ഇരിക്കു. ഈ നീണ്ട അഞ്ചു വഷക്കാലത്തു നീ പല സ്ഥലങ്ങളിലും സഞ്ചരിച്ചിരിക്കുമല്ലൊ. പറയൂ. നീ പലപ്പോഴും രാജകൊട്ടാരങ്ങളിൽ അതിഥിയായിരുന്നിട്ടില്ലേ?

ഡാഗ്നി: ഉണ്ടു്. പ്രധാനമായും ഇംഗ്ലണ്ടിലെ അതൽസ്റ്റൻ രാജാവിന്റെ കൊട്ടാരത്തിൽ.

ജോർഡിസ്സ്: അവിടെയെല്ലാം നിന്നെ അങ്ങേയററത്തെ ബഹുമതിയോടു സ്വീകരിക്കയും മാന്യസ്ഥാനത്തു് ഇരുത്തുകയും ചെയ്തിട്ടില്ലേ?

ഡാഗ്നി: ഉണ്ടു്. സിഗേർഡിന്റെ പത്നി എന്നുള്ള നിലയിൽ—

ജോർഡിസ്സ്: അതേ. അതുതന്നെ. സിഗേർഡ് വളരെ പ്രശസ്തനാണല്ലൊ, ഗണ്ണർ അദ്ദേഹത്തെക്കാൾ മേലേക്കിടയിലാണെങ്കിലും.

ഡാഗ്നി: ഗണ്ണറിനോടൊ?

ജോർഡിസ്സ്: സിഗേർഡ്ഡു ചെയ്യാൻ അറച്ച ഒരു ധീരകൃത്യം ഗണ്ണർ ചെയ്തു. പക്ഷേ, അതു പോകട്ടെ. പറയൂ. നീ സിഗേർഡിന്റെകൂടെ പലപ്പോഴും കടൽക്കൊള്ളയ്ക്കു പല സ്ഥലങ്ങളിലും പോയിട്ടില്ലേ? അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഉഗ്രമായ വാൾപ്പയററിൽ വാൾത്തലവീശലിന്റെ മുഴക്കം കേൾക്കുമ്പോൾ, കപ്പലിന്റെ മുകൾത്തട്ടുകൾ രക്തധാരകൊണ്ടു് അരുണിമയണിയുമ്പോൾ പുരുഷന്മാരോടൊപ്പം അടർക്കളത്തിൽ ഇറങ്ങണമെന്നുള്ള ഉന്മത്തമായ ഒരു മോഹം നിനക്കു് ഒരിക്കലും ഉണ്ടായിട്ടില്ലേ? എന്നെങ്കിലും നീ പടച്ചട്ടയുമണിഞ്ഞു സമരത്തിനു വാൾ ധരിച്ചിട്ടുണ്ടോ?

ഡാഗ്നി: ഒരിക്കലുമില്ല. എന്താണു നിനക്കിങ്ങനെ തോന്നാൻ? ഒരു സ്ത്രീയായ ഞാനോ?

ജോർഡിസ്സ്: ഒരു സ്ത്രീ. ഒരു സ്ത്രീ...ഒരു സ്ത്രീ എന്തിനെല്ലാം പോരുന്നവളാണെന്നു് ആർക്കുമറിഞ്ഞുകൂടാ. എന്തായാലും ഒരു കാര്യം നിനക്കെന്നോട്ടു തുറന്നു പറയാം. വാസ്തവത്തിൽ നീ അതു നല്ലതുപോലെ അനുഭവിച്ചറിഞ്ഞിരിക്കണമല്ലോ. സ്നേഹിക്കുന്ന പുരുഷൻ തന്റെ കാമുകിയെ പരിരംഭണം ചെയ്യുമ്പോൾ അവളുടെ രക്തം തിളയ്ക്കുമെന്നും മാറിടം തുടിക്കുമെന്നും അസാധാരണമായ ആനന്ദംകൊണ്ടു് അവൾ മോഹാലസ്യപ്പെട്ടുമെന്നും മററും പറയുന്നതു ശരിയാണൊ?

ഡാഗ്നി: (ലജ്ജകൊണ്ടു വിളറിയിട്ടു്) ജോർഡിസ്സ്! നിനക്കിങ്ങനെ ഒക്കെ—

ജോർഡിസ്സ്: എന്നാലും പറയൂ.

ഡാഗ്നി: നിനക്കുമതെല്ലാം അനുഭവമായിരിക്കണമല്ലോ. സംശയമില്ല.

ജോർഡിസ്സ്: അതേ. ഒരിക്കൽ. ഒരിക്കൽ മാത്രം! അതു് അന്നത്തെ ആ രാത്രിയിൽ ഗണ്ണർ എന്റെ അറയിൽ എന്റെ സമീപം ഇരുന്നപ്പോൾ—അദ്ദേഹമിട്ടിരുന്ന പടച്ചട്ട അഴിഞ്ഞു നീങ്ങുമാറു് എന്നെ ആലിംഗനത്തിൽ അദ്ദേഹം ഞെരിച്ചുകളഞ്ഞു. പിന്നെ...പിന്നെ...

ഡാഗ്നി: (വിലാപസ്വരത്തിൽ) എന്തു്? സിഗേർഡ്ഡു്!

ജോർഡിസ്സ്: സിഗേർഡോ! ആരു പറഞ്ഞു സിഗേർഡിനെപ്പററി. ഗണ്ണറെന്നല്ലേ ഞാൻ പറഞ്ഞതു്. എന്നെ എടുത്തുകൊണ്ടു പോയ ആ രാത്രിയിൽ—

ഡാഗ്നി: (സ്വാസ്ഥതയെ പ്രാപിച്ചിട്ട്) അതേ, അതേ, ഞാ നോക്കുന്നു. എനിക്കു മനസ്സിലായി...

ജോർഡിസ്സ്: അന്നൊരിക്കൽ മാത്രം. പിന്നീടൊരിക്കൽപോലും എനിക്ക് ആ അനുഭവം ഉണ്ടായിട്ടില്ല. ഞാൻ ശങ്കിച്ചു എനിക്കു വല്ല മായാവേശവും ഉണ്ടായോ എന്ന്. കാരണം ഗണ്ണർ ഒരു സ്ത്രീയെ ആ മാതിരി ആലിംഗനം ചെയ്തു...... (നിർത്തിയിട്ടു ഡാഗ്നിയെ നോക്കുന്നു) എന്ത്. നിനക്കു നല്ല സുഖമില്ലേ? നിൻെറ മുഖം വിളറുകയും തുടുക്കയും ചെയ്യുന്നല്ലൊ.

ഡാഗ്നി: ഓ. ഒന്നുമില്ല. സാരമില്ല.

ജോർഡിസ്സ്: (അതു ശ്രദ്ധിക്കാതെ) ഇല്ല. ഞാൻ പോകേണ്ടതായിരുന്നു—സമരത്തിൻെറ സുഖം ആസ്വദിക്കാൻ. അതായിരുന്നു എനിക്കു നല്ലതു്. എനിക്കെന്നല്ല, നമുക്കൊക്കെ ത്തന്നെ. എങ്കിൽ ജീവിതം തികച്ചും പൂർണ്ണവും മോഹനവും ആയിരുന്നേനേ. ഡാഗ്നി! നിനക്കത്ഭുതം തോന്നുന്നില്ലേ, എന്നെ ഇപ്പോഴും ഇവിടെ ജീവനോടെ കാണുന്നതിൽ. സർവ്വത്ര ഇരുട്ടുകൊണ്ടു മൂടിയിരിക്കുമ്പോൾ ഈ മുറിയിൽ എന്നോടുകൂടി തനിച്ചിരിക്കുന്നതിനു നിനക്കു ഭയം തോന്നുന്നില്ലേ? ഞാൻ എന്നേ മരിച്ചു എന്നും എൻെറ പ്രേതം മാത്രമാണു് ഇവിടെ നിൻെറകൂടെ ഉള്ളതെന്നും ഒരു വിചാരം നിനക്കുണ്ടാകുന്നില്ലേ?

ഡാഗ്നി: (അസ്വാസ്ഥതയോടെ) വരൂ. നമുക്കു പോകാം, മററതിഥികൾ ഇരിക്കുന്നിടത്തേയ്ക്കു്.

ജോർഡിസ്സ്: (കൈയ്ക്കുപിടിച്ചു നിർത്തിയിട്ട്) വരട്ടെ. ഇരിക്കൂ ഇവിടെ. ഡാഗ്നി! തുടന്ന് അഞ്ചു രാത്രി ഇവിടെ കഴിച്ചുകൂട്ടിയാൽ പിന്നെ ജീവനോടിരിക്കാൻ ആർക്കെങ്കിലും കഴിയുമെന്നു നിനക്കു തോന്നുന്നുണ്ടോ?

ഡാഗ്നി: അഞ്ചു രാത്രിയോ?

ജോർഡിസ്സ്: ഇവിടെ, ഈ വടക്കൻരാജ്യങ്ങളിൽ, ശീതകാലമത്രയും രാത്രിതന്നെയാണു്. (പെട്ടെന്നു സ്വരം മാററിക്കൊണ്ട്) എന്നാൽ ഇവിടെ എപ്പോഴും ഇങ്ങനെ അനാകർഷകമാണെന്നു ധരിക്കരുതു്. ഇംഗ്ലണ്ടിലെ രാജകൊട്ടാരങ്ങളിലെങ്ങും കാണാൻകിട്ടാത്ത അതിമനോഹരമായ കാഴ്ചകൾ ചിലപ്പോൾ ഇവിടെ ഉണ്ടു്. എൻെറ അതിഥിയായിരിക്കുന്നിടത്തോളംകാലം സഹോദരിമാരെപ്പോലെ നമുക്കു കഴിയാം. കൊടുങ്കാററു് ആഞ്ഞടിക്കാൻ തുടങ്ങുമ്പോൾ നമുക്കു കടൽക്കരയിലേയ്ക്കു പോകാം. തിരമാലകൾ ഒന്നിനുപുറകേ

ഒന്നായി, വെള്ളക്കുഞ്ചിരോമമുള്ള കുതിരകളെപ്പോലെ കരയ്ക്കടിച്ചു കയറുന്നതു നമുക്കു കാണാം. അങ്ങകലെ കടലിൽ തിമിംഗലങ്ങളേയും, ഉരുക്കുചട്ടയിട്ട പടയാളികളെപ്പോലെ അവ തമ്മിൽ പുളച്ചുപായുന്നതു കാണാൻ നല്ല രസമുണ്ട്. കപ്പല്കൾക്കു മുൻപിൽ കൊട്ടുംകാററിളക്കിവിട്ടും ആളുകളെ മന്ത്രവിദ്യമൂലം വശീകരിച്ച് ആഴിയുടെ അടിത്തട്ടിലേയ്ക്ക് ആനയിച്ചും തിമിംഗലത്തിൻെറ പുറത്ത് ഒരു മന്ത്രവാദിനിയെപ്പോലെ അങ്ങനെ സവാരി ചെയ്യുന്നതു് എന്തൊരാനന്ദമാണെന്നറിയാമോ ?

ഡാഗ്നി: ജോർഡിസ്സ്! നിനക്കു ലജ്ജ തോന്നുന്നില്ലേ ഇങ്ങനെ ഒക്കെ സംസാരിക്കാൻ!

ജോർഡിസ്സ്: ഡാഗ്നി, നിനക്കു വല്ല മന്ത്രവാദവും വശമുണ്ടോ ?

ഡാഗ്നി: (ഞെട്ടിയിട്ട്) എനിക്കോ ?

ജോർഡിസ്സ്: ഞാൻ വിചാരിച്ചു നിനക്ക് ആ വിദ്യ വശമുണ്ടെന്ന്. അല്ലെങ്കിൽ നീ എങ്ങനെ വശീകരിച്ചു ?

ഡാഗ്നി: നീ പറയുന്നതെല്ലാം നാണംകെട്ട വർത്തമാനങ്ങളാണ്. ഞാൻ പോകട്ടെ.

ജോർഡിസ്സ്: (അവളെ പിടിച്ചുനിർത്തിയിട്ട്) ഞാൻ വെറുതെ തമാശ പറകയായിരുന്നു. എന്നാലും കേൾക്കൂ. ഡാഗ്നി! നീ ഒന്നാലോചിച്ചു നോക്കൂ. രാത്രിതോറും ഈ പടിവാതുക്കൽ ഇരുന്നു കെല്പികളുടെ (ഒരു ജലദേവത) വിലാപം കേൾക്കുക, മരിച്ചവരുടെ അവസാനയാത്ര പ്രതീക്ഷിച്ചു കാത്തിരിക്കുക,—അവരുടെ മാർഗ്ഗം ഈ വടക്കൻതീരത്തുകൂടിയാണല്ലൊ—യുദ്ധത്തിൽ വീരസ്വർഗ്ഗം പ്രാപിച്ചവർ നമ്മെപ്പോലെ മററുള്ളവർക്ക് കീഴമന്ന ജീവിതം പാഴാക്കാത്ത മഹതികൾ! ഇവരെല്ലാം കട്ടത്ത കൊട്ടുംകാററിൽ കറുത്ത കുതിരപ്പുറത്തു കയറി അന്തരീക്ഷത്തിലൂടെ, മണിനാദത്തിനൊപ്പിച്ച് അതിവേഗം കടന്നുപോകും. (ഡാഗ്നിയെ ബലമായി കെട്ടിപ്പിടിച്ചിട്ട്) ഹാ! ഒന്നാലോചിച്ചുനോക്കൂ. ഡാഗ്നി! ഇത്ര നല്ല കുതിരപ്പുറത്തിരുന്ന് അന്ത്യയാത്ര ചെയ്യുക!

ഡാഗ്നി: (പിടി വിട്ടുവിച്ചിട്ട്) ജോർഡിസ്സ്! ജോർഡിസ്സ്! എന്നെ വിട്ടു. ഞാൻ പോകട്ടെ. എനിക്കിതൊന്നും കേൾക്കണ്ട.

ജോർഡിസ്സ്: (ചിരിച്ചുകൊണ്ട്) അയ്യോ പാവം! നീ ഒരു പരമസാധുവാണ്. നീ എളുപ്പം പേടിച്ചുപോകും! (ഗ

ണ്ണർ, സിഗേർഡ്ഡും തൊറോൾഫും ഒത്തു് പിന്നിൽക്കൂടെ പ്രവേശിക്കുന്നു)

ഗണ്ണർ : വാസ്തവത്തിൽ എനിക്കു് ഇതിൽക്കവിഞ്ഞൊന്നും ആഗ്രഹിക്കാനില്ല. സിഗേർഡ്ഡു്, ധീരനും ഉത്തമനുമായ സഹോദരാ ! എക്കാലവും വിശ്വസ്തനും സത്യസന്ധനുമായ താങ്കളെ എനിക്കു വീണ്ടും കാണാൻ കഴിഞ്ഞു ! ഓർണൾഫിന്റെ ഒരു പുത്രൻ എന്റെ വീട്ടിൽ ആഗതനായിരിക്കുന്നു. ഏറെത്താമസിയാതെ അദ്ദേഹവും വന്നെത്തും. എന്താ അങ്ങനെയല്ലേ ?

തൊറോൾഫ് : വരാമെന്നു പറഞ്ഞിട്ടുണ്ടു്.

ഗണ്ണർ : എന്റെ കൊച്ചുമകൻ എജിൽ ഇവിടെയില്ലെന്നുള്ള ഒരു കുറവുമാത്രം.

തൊറോൾഫ് : നിങ്ങൾക്കവൻ ജീവനാണെന്നു തോന്നുന്നല്ലോ. കൂടെക്കൂടെ അവന്റെ കാര്യം പറഞ്ഞുകേൾക്കുന്നു.

ഗണ്ണർ : ശരിയാണു്. അവനെനിക്കൊരേ ഒരു മകനാണു്. ദൈവാനുഗ്രഹം ലഭിച്ച ഒരു സ്നേഹസമ്പന്നന്റെ ലക്ഷണങ്ങളെല്ലാമുണ്ടവനു്.

ജോർഡിസ്സ് : പക്ഷേ വീരലക്ഷണമൊന്നും തന്നെയില്ല.

ഗണ്ണർ : അതു പറയാൻ വരട്ടെ, നിനക്കവകാശമില്ല.

സിഗേർഡ്ഡു് : എന്നിട്ടും നിങ്ങളവനെ ദൂരത്തയച്ചല്ലോ.

ഗണ്ണർ : അയയ്ക്കേണ്ടിയിരുന്നില്ല എന്നിപ്പോൾ തോന്നുന്നു. (കുറെക്കൂടെ താണസ്വരത്തിൽ) സിഗേർഡ്ഡു് നിങ്ങൾക്കറിയാമല്ലോ, ലോകത്തിലേയ്ക്കുംവച്ചു് വിലപ്പെട്ട ഒന്നിനുവേണ്ടി ചിലപ്പോൾ പുരുഷൻ സ്ത്രീയെപ്പോലെ പ്രവർത്തിച്ചുപോകുമെന്നു്. (ശബ്ദം വീണ്ടും ഉയർത്തിയിട്ടു്) എനിക്കിവിടെ അധികം ആളുകളുണ്ടായിരുന്നില്ല സഹായത്തിനു്. ഓർണൾഫ് തന്റെ പടക്കപ്പലുകളുമായി ഈ തീരത്തെത്തിയിട്ടുണ്ടെന്നു കേട്ടപ്പോൾ അവന്റെ ജീവൻ അപകടത്തിലാകുമെന്നു് സംശയിക്കാത്തവരായി ഞങ്ങളുടെ കൂട്ടത്തിൽ ആരുമുണ്ടായിരുന്നില്ല.

ജോർഡിസ്സ് : സ്വന്തം ജീവനേക്കാൾ മനുഷ്യൻ വിലമതിക്കേണ്ടതായി ഒന്നുണ്ടെന്നു് എനിക്കറിയാം.

തൊറോൾഫ് : എന്താണതു് ?

ജോർഡിസ്സ് : അവന്റെ അഭിമാനവും കീർത്തിയും.

ഗണ്ണർ : ജോർഡിസ്സ് !

സിഗേർഡ്ഡ് : തന്റെ പ്രവൃത്തികൊണ്ട് അഭിമാനം കെട്ടത്തിക്കളഞ്ഞു എന്നു് ഗണ്ണറിനെപ്പററി ആരും പറകയില്ല.

ഗണ്ണർ : (ഗൗരവത്തിൽ) എന്നെ ഓർണൾഫിൻെറ ആളുകളുമായി ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നതു് വിഫലമാണു്.

ജോർഡിസ്സ് : (മന്ദസ്മിതത്തോടെ) ഹും ! സിഗേർഡ്ഡ്. നിങ്ങളുടെ കപ്പൽ ഏതു കാററും കൂട്ടാക്കാതെ സഞ്ചരിക്കുമോ ?

സിഗേർഡ്ഡ് : തീർച്ചയായും. കരുതലോടെ ചുക്കാൻപിടിക്കുകയാണെങ്കിൽ.

ജോർഡിസ്സ് : കൊള്ളാം. നല്ലതു്. ഞാനും ശരിക്കു പിടിക്കും എൻെറ കപ്പലിൻെറ ചുക്കാൻ. ഞാനുദ്ദേശിക്കുന്ന തുറമുഖത്തെത്തിക്കാനും കഴിയും. (മുറിയ്ക്കുള്ളിലേയ്ക്കു് പോകുന്നു)

ഡാഗ്നി : (പതുക്കെയും വല്ലായ്മയോടും) സിഗേർഡ്ഡ്, നമുക്കു് ഇവിടെനിന്നു പോകാം. ഈ രാത്രിതന്നെ.

സിഗേർഡ്ഡ് : ഇനി ഇപ്പോൾ സമയം കഴിഞ്ഞുപോയി. നീ തന്നെയാണു്—

ഡാഗ്നി : അപ്പോൾ ജോർഡിസ്സിനോടു് എനിക്കിഷ്ടം തോന്നി. എന്നാൽ ഇപ്പോൾ—എനിക്കു ചിന്തിക്കാൻപോലും ഭയമാകുന്ന പലതും അവൾ പറഞ്ഞുകഴിഞ്ഞു. (സിഗേർഡിൻെറ അനുചരരും മററു് അതിഥികളും, പുരുഷന്മാരും സ്ത്രീകളും, വിളമ്പുകാരും വേലക്കാരികളും പുറകുവശത്തുകൂടെ അകത്തേയ്ക്കു വരുന്നു. അതിഥികൾ തമ്മിൽ അഭിവാദനം ചെയ്യുന്നു)

ഗണ്ണർ : എന്നാൽ നമുക്കു വിരുന്നു തുടങ്ങാമല്ലോ. എൻെറ ഏററവും ബഹുമാന്യാതിഥി ഫോർഡിലെ ഓർണൾഫ് പുറകെ എത്തുന്നതാണെന്നു് തൊറോൾഫ് പറയുന്നു.

ജോർഡിസ്സ് : (വിളമ്പുകാരോടു്) ആദ്യം മദ്യവും മദ്യം കലർത്തിയ തേനും പകന്നുകൊടുക്കൂ. •അതിഥികളുടെ നാവുകൾക്കയവും മനസ്സിനു് ആനന്ദവും ഉണ്ടാകട്ടെ.

(ഗണ്ണർ സിഗേർഡിനെ വലത്തുഭാഗത്തുള്ള പ്രധാന ഇരുപ്പിടത്തിലേയ്ക്കു നയിക്കുന്നു. ഡാഗ്നി സിഗേർഡിന്റെ വലത്തുവശത്തും ജോർഡിസ്സ് അഭിമുഖമായും ഇരിക്കുന്നു. തൊറോൾഫിനും മറെറാരു മാന്യസ്ഥാനത്തു് അതേമാതിരി ഇരിപ്പിടം കൊടുക്കുന്നു. ഗണ്ണർ അയാൾക്കഭിമുഖമായിരിക്കുന്നു, ഏററവും മുഖ്യമായ സ്ഥാനത്തു്. മററുള്ളവരും പുറകിലുള്ള

സീററുകളിൽ സ്ഥാനംപിടിക്കുന്നു. അല്പനേരത്തെ നിശ്ശബ്ദത. അതിഥികൾ മദ്യസേവയിലും അനന്തരം സംഭാഷണത്തിലും ഏർപ്പെടുന്നു)

ജോർഡിസ്സ്: ഈ രാത്രിയിൽ ഇവിടെ സമ്മേളിച്ചിരിക്കുന്ന മാതിരി അനവധി വീരന്മാർ ഒരുമിച്ച് കൂടുക അത്ര സാധാരണമല്ല. ഈ സന്ദർഭത്തിനു യോജിച്ചതായിരിക്കും ഇവിടെ ഒരു പഴയ ചടങ്ങ് ആരംഭിക്കുന്നതു്. ഓരോരുത്തരും അവരവർ ചെയ്തിട്ടുള്ള വീരകൃത്യങ്ങളെപ്പററി പറയട്ടെ. എന്നിട്ട് എല്ലാവരുംകൂടി വിധി കല്പിക്കട്ടെ ഇക്കൂട്ടത്തിൽ ആരാണ് ഏററവും ശ്രേഷ്ഠനെന്ന്.

ഗണ്ണർ: മദ്യപാനത്തിനിടയിൽ ഇതൊരു കൊള്ളരുതാത്ത ചടങ്ങായിരിക്കും. മിക്കപ്പോഴും ആവശ്യമില്ലാത്ത ശണ്ഠകൾക്കിട വരുത്തുന്നതാണ് ഈ ഏർപ്പാട്.

ജോർഡിസ്സ്: ഗണ്ണറിനു് ഭയമുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല.

സിഗേർഡ്: അങ്ങനെ ആരും കരുതുകയില്ല. പക്ഷേ ഇവിടെ കൂടിയിരിക്കുന്നവർ ഓരോരുത്തരും അവരവരുടെ കഥകൾ പറഞ്ഞുതുടങ്ങിയാൽ നേരം വളരെയാകും തീരാൻ. എന്നാലും ഗണ്ണർ പറയട്ടെ യാർമിലൻണ്ടിലേയ്ക്കുള്ള അദ്ദേഹത്തിന്റെ യാത്രയെപ്പററി. അത്ര അധികം വടക്കോട്ടു സഞ്ചരിക്കുക എന്നുള്ളതു് ഒരു നല്ല ധീരകൃത്യമായിരുന്നു. അതേപ്പററി നിങ്ങൾതന്നെ വർണ്ണിക്കുന്നതു കേൾക്കാൻ ഞങ്ങൾക്കു സന്തോഷമുണ്ട്.

ജോർഡിസ്സ്: ഓ! അതൊരു യാത്രയെന്നു പറയാനുംവേണ്ടിയില്ല. ധീരന്മാരുടെ സദസ്സിൽ വർണ്ണിക്കാൻ യോഗ്യമേയല്ല ആ സംഭവം. അതുകൊണ്ട് സിഗേർഡ് അങ്ങുതന്നെ തുടങ്ങണം, നിങ്ങളുടെ ധീരകൃത്യങ്ങളെപ്പററിയുള്ള വർണ്ണന. അല്ലെങ്കിൽ എന്റെ ഭർത്താവു് പുകഴ്ത്തപ്പെടുന്നതു് അങ്ങേയ്ക്കിഷ്ടമില്ലെന്നു ഞാൻ ധരിക്കും. പറഞ്ഞുതുടങ്ങണം, ഏതാണ് സ്വന്തം അഭിപ്രായത്തിൽ അങ്ങയുടെ ഏററവും മഹത്തായ ധീരകൃത്യമെന്ന്.

സിഗേർഡ്: ആകട്ടെ. നിങ്ങൾക്കത്ര നിർബ്ബന്ധമാണെങ്കിൽ പറയാം. ഞങ്ങളുടെ ഒരു സാഹസികയാത്രയിൽ ഒരിക്കൽ ഓർക്കനീസ്സ് ദ്വീപസമൂഹങ്ങൾക്കടുത്ത് നങ്കൂരമടിച്ചുകിടക്കവേ ശത്രുക്കൾ ഞങ്ങളെ ആക്രമിച്ചു. ഞങ്ങൾ അവരുടെ കപ്പലുകൾ നശിപ്പിച്ചു. ഞാൻ തനിച്ചു് എട്ടുപേരോട്ട് യുദ്ധംചെയ്തു.

ജോർഡിസ്സ് : അതൊരു നല്ല ധീരകൃത്യമായിരുന്നു. സമ്മതിച്ചു. പക്ഷേ നിങ്ങൾ ആയുധങ്ങൾ എല്ലാം ധരിച്ചിരുന്നോ ?

സിഗേർഡ്ഡ് : ധരിച്ചിരുന്നു. കോടാലിയും കുന്തവും പരിചയും.

ജോർഡിസ്സ് : എന്നാലും അതൊരു വീരകൃത്യമായി കണക്കാക്കാം. ഇനിയും എന്റെ ഭർത്താവ് പറയട്ടെ, അദ്ദേഹത്തിന്റെ ഏററവും വലിയ വീരകൃത്യമേതെന്ന്.

ഗണ്ണർ : (വൈമനസ്യത്തോടെ) ഒരു കച്ചവടക്കപ്പലിനെ ആക്രമിച്ച രണ്ടു ബെർസെക്കുകളെ* ഞാൻ വധിച്ചു ; തടവിലാക്കപ്പെട്ട കപ്പൽക്കാരെ മോചിപ്പിച്ചതിനുംപുറമേ, യാതൊരു കപ്പവും സ്വീകരിക്കാതെ കപ്പൽ തിരിച്ചുകൊടുക്കയും ചെയ്തു. ഇംഗ്ലണ്ടിലെ രാജാവ് ഇതറിഞ്ഞു് എന്നെ പ്രശംസിക്കുകയും സമ്മാനദാനം നൽകി സന്തോഷിപ്പിക്കയും ഉണ്ടായി.

ജോർഡിസ്സ് : തീർച്ചയായും, ഗണ്ണർ, അങ്ങേയ്ക്കു് കുറെക്കൂടി മഹത്തായ മറെറാരു ധീരകൃത്യത്തെപ്പററി പറയാനുണ്ടാവും.

ഗണ്ണർ : (പരുഷമായി) അഭിമാനപൂർവ്വം പറയത്തക്ക മററു ധീരപ്രവൃത്തികൾ ഞാൻ ചെയ്തിട്ടില്ല. ഐസ്‌ലണ്ടിൽനിന്നും മടങ്ങിവന്നശേഷം ശാന്തമായ ഒരു ജീവിതമാണ് ഞാൻ നയിക്കുന്നതു്. വെറും സഞ്ചാരി എന്ന നിലയിലേ കപ്പൽയാത്ര ചെയ്തിട്ടുള്ളു. അതുകൊണ്ടു് ഇനി മറെറാന്നും എനിക്കു പറയാനില്ല.

ജോർഡിസ്സ് : സ്വന്തം പ്രശസ്തി അത്ഭുതത്തെ ഇങ്ങനെ മറച്ചു പിടിക്കുകയാണെങ്കിൽ അങ്ങയുടെ പത്നിക്ക് അതു വെളിപ്പെടുത്തേണ്ടിവരും.

ഗണ്ണർ : ജോർഡിസ്സ് ! മിണ്ടരുതു്. ഞാനാജ്ഞാപിക്കുന്നു.

ജോർഡിസ്സ് : സിഗേർഡ്ഡ് ആയുധധാരിയായി എട്ടുപേരോടു് സമരം ചെയ്തു. എന്നാൽ ഗണ്ണർ രാത്രിയുടെ നിശ്ശബ്ദതയിൽ എന്റെ മുറിയിൽ വന്നു് ഒരു ചെറിയ വാൾമാത്രം ഉപയോഗിച്ചു് ഇരുപതാളുകളുടെ ശക്തിയുള്ള കരടിയെ വധിച്ചു.

ഗണ്ണർ : (അത്യധികമായ ക്ഷോഭത്തോടുകൂടി) നിത്തു. ഇനി ഒരക്ഷരം മിണ്ടിപ്പോകരുതു്.

ഡാഗ്നി : (പതിഞ്ഞ സ്വരത്തിൽ) സിഗേർഡ്ഡ്! അങ്ങു് ഇതു സഹിക്കുമോ?

---

* വന്യമൃഗങ്ങളുടെ രൂപം അവലംബിക്കാൻ കഴിവുള്ള, അഗ്നിക്കും ഇരുമ്പിനും നശിപ്പിക്കാൻ കഴിയാത്ത, കലിതുള്ളിയുദ്ധം ചെയ്യുന്ന മായാവികളായ യോദ്ധാക്കൾ.

ഝിഗേർഡ്ഡ്: (അവളോട്ട്) മിണ്ടാതിരിക്കു.

ജോർഡിസ്സ്: (അതിഥികളോടായിട്ട്) ഇനിയും സ്നേഹിതരെ! നിങ്ങൾ വിധി കല്പിക്കുവിൻ, ആരാണ് കൂടുതൽ വീരനെന്ന്. സിഗേർഡോ? ഗണ്ണറോ?

ഗണ്ണർ: മിണ്ടരുത്.

ജോർഡിസ്സ്: (ശബ്ദം ഉയത്തിയിട്ട്) പറയുവിൻ. ചോദിക്കാനുള്ള അവകാശം എനിക്കുണ്ട്.

(അതിഥികളുടെ കൂട്ടത്തിൽനിന്ന് ഒരു വയസ്സൻ) സത്യം പറയുകയാണെങ്കിൽ ഗണ്ണറുടെ കൃത്യം മനുഷ്യർ ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികളിലുംവച്ച് ശ്രേഷ്ഠമാണ്. ധൈര്യത്തിൽ ഒന്നാമൻ ഗണ്ണറും, രണ്ടാമൻ സിഗേർഡ്ഡും.

ഗണ്ണർ: (സിഗേർഡിന്റെ നേരെ നോക്കിയിട്ട്) ഹാ! സിഗേർഡ്ഡ്! സിഗേർഡ്ഡു! അങ്ങേയ്ക്കു് അറിയാമായിരുന്നെങ്കിൽ—

ഡാഗ്നി: (അടക്കിയ സ്വരത്തിൽ) ഇതു കുറെ കടന്നുപോകുന്നു. സ്നേഹിതനാണെങ്കിലും!

സിഗേർഡ്: (ഭാര്യയോട്ട്) ഒന്നു മിണ്ടാതിരിക്കു. (മററുള്ളവരോടായിട്ട് ഉറക്കെ) വാസ്തവത്തിൽ ഗണ്ണർ മററെല്ലാവരെക്കാളും ഈ പ്രശംസ്സ് അർഹിക്കുന്നു. ഇല്ലെങ്കിൽത്തന്നെ അദ്ദേഹം ആ ധീരകൃത്യം ചെയ്തില്ലെങ്കിൽത്തന്നെ, അന്ത്യശ്വാസംവരെ അദ്ദേഹത്തെ ഒരു വീരനായിത്തന്നെ ഞാൻ പരിഗണിക്കും. നിങ്ങൾ കല്പിക്കുന്നിടത്തോളം വില ഈ കൃത്യത്തിനു ഞാൻ കല്പിക്കുന്നില്ലെങ്കിലും.

ജോർഡിസ്സ്: ഇപ്പറഞ്ഞതു് അസൂയകൊണ്ടാണ്. സിഗേർഡ്ഡ്!

സിഗേർഡ്ഡ്: (പുഞ്ചിരിച്ചിട്ട്) അക്കാര്യത്തിൽ നിങ്ങൾക്കു വലിയ തെററു പററി. (ഗണ്ണറിനോട്ട് മൈത്രീഭാവത്തിൽ) അങ്ങയുടെ ആരോഗ്യത്തിനുവേണ്ടി! ഗണ്ണർ! ആരു ശ്രമിച്ചാലും നമ്മുടെ സ്നേഹബന്ധം ഉലയ്ക്കാൻ സാദ്ധ്യമല്ല.

ജോർഡിസ്സ്: അതിനാരും ശ്രമിക്കുന്നുമില്ല, എന്റെ അറിവിൽ പെട്ടിടത്തോളം.

സിഗേർഡ്ഡ്: അങ്ങനെ പറയരുതു്. നിങ്ങൾ ഞങ്ങളെ ഈ വിരുന്നിനു ക്ഷണിച്ചതുതന്നെ ശണ്ഠ ഇളക്കിവിടാനാണെന്നു തോന്നിപ്പോകുന്നു.

ജോർഡിസ്സ്: നിങ്ങളതു പറയും സിഗേർഡ്ഡ്. ഇവിടെ ഒന്നാംസ്ഥാനം കിട്ടാത്തതുകൊണ്ടുള്ള ദേഷ്യമുണ്ട് നിങ്ങൾക്കു്.

സിഗേർഡ്ധ് : എനിക്ക് എപ്പോഴും എന്നെക്കുറിച്ചുള്ള താൽപര്യത്തെക്കാൾ ഗണ്ണറെക്കുറിച്ചുള്ള താൽപര്യമേ ഉണ്ടായിരുന്നിട്ടുള്ളൂ.

ജോർഡിസ്സ് : അതേ അതേ. ഗണ്ണറിനോടടുത്ത സ്ഥാനം കിട്ടുന്നതുതന്നെ ഒരു ബഹുമതിയാണ്. (തൊറോൾഫിൻെറ നേരെ നോക്കിക്കൊണ്ട്) ഇപ്പോൾ ഓർണൽഫ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ മൂന്നാംസ്ഥാനം അദ്ദേഹത്തിനു ലഭിക്കുമായിരുന്നു.

തൊറോൾഫ് : നിങ്ങളുടെ അച്ഛൻ ജോക്കൾ ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഏററവും ഒട്ടവിലത്തെ സ്ഥാനം അയാൾ സ്വീകരിക്കേണ്ടിവരുമായിരുന്നു. അയാൾക്ക് ഓർണൽഫിൻ്റെ മുൻപിൽ തലകുനിയ്ക്കേണ്ടിവന്നിട്ടുണ്ടെന്നു് നമുക്കൊക്കെ അറിയാമല്ലൊ.

(അനന്തരസംഭാഷണം, നിയന്ത്രിതമെങ്കിലും വദ്ധമാനമായ ക്ഷോഭത്തോടുകൂടിയതാണ്)

ജോർഡിസ്സ് : നിനക്കതു പറയാൻ അവകാശമില്ല. ഓർണൽഫ് ഒരു കവിതക്കാരനാണെന്നു് നമുക്കേവക്കും അറിയാം. പൊങ്ങച്ചം പറഞ്ഞു ചെയ്യാത്ത കൃത്യങ്ങൾക്കു മേന്മ നടിക്കുന്നവനാണെന്നു് ജനങ്ങൾ പറയാറുമുണ്ട്.

തൊറോൾഫ് : അങ്ങനെ സംസാരിക്കുന്നവർ ശ്രദ്ധിച്ചുകൊള്ളട്ടെ അതൊന്നും എൻ്റെ ചെവിയിൽപ്പെടാതിരിക്കാൻ.

ജോർഡിസ്സ് : (ഹാസ്യഭാവത്തിൽ മന്ദഹസിച്ചുകൊണ്ട്) നീ അവരോടു പകരം ചോദിക്കുമോ?

തൊറോൾഫ് : തീച്ചയായും. നാടൊട്ടുക്കുള്ള മനുഷ്യരെല്ലാം അറിയത്തക്ക വിധത്തിൽ.

ജോർഡിസ്സ് : എന്നാൽ ഞാനിതാ നിൻ്റെ മിനുമിനുത്ത കവിളിൽ മീശ കുരുക്കട്ടെ എന്നു് ആശംസിച്ചുകൊണ്ട് ഈ ചഷകം ഒഴിക്കുന്നു.

തൊറോൾഫ് : മീശകുരുക്കാത്ത പയ്യൻപോലും പെണ്ണുങ്ങളോടു വഴക്കടിക്കാൻ തുനിയുകയില്ല.

ജോർഡിസ്സ് : ആണുങ്ങളോടു പൊരുതാൻ കരുത്തില്ലെന്നു പറയൂ. അതുകൊണ്ടല്ലെ നിൻ്റെ സഹോദരന്മാർ പുറത്തു യുദ്ധം ചെയ്യുമ്പോഴും നിന്നെ നിൻ്റെ അച്ഛൻ അടുപ്പിൻചോട്ടിൽ പിടിച്ചിരുത്തിയിരിക്കുന്നതു്.

തൊറോൾഫ് : നിന്നെ കാത്തു സൂക്ഷിക്കുന്നതിൽ പററിയ നോ

ട്ടക്കുറവാണ് അദ്ദേഹത്തിന്റെ തെററ്. അല്ലായിരുന്നെങ്കിൽ നിന്നെ അപഹരിച്ച് നാട്ടിൽ നിന്നെ കൊണ്ടുപൊയ്ക്കളയു മായിരുന്നോ ?

ഗുണ്ണറും സിഗേർഡും : തൊറോൾഫ് !

ഡാഗ്നി : (അതേസമയം) അനുജാ !

ജോർഡിസ്സ് : (ദേഷ്യംകൊണ്ട് ഇടറിയതെങ്കിലും പതിഞ്ഞ സ്വരത്തിൽ) നില്ക്കൂ. അല്പം കഴിയട്ടെ !

തൊറോൾഫ് : (ഗുണ്ണറിന്റെ നേരെ കൈ നീട്ടിക്കൊണ്ട്) എന്നോട്ട് ദേഷ്യം തോന്നരുത് ഗുണ്ണർ. ഞാൻ പറഞ്ഞ വാക്കുകൾ അല്പം കടന്നുപോയി. പക്ഷേ നിങ്ങളുടെ ഭാര്യ എന്നെക്കൊണ്ട് അത്രയും പറയിച്ചതാണ്.

ഡാഗ്നി : (പതുക്കെ അപേക്ഷാസ്വരത്തിൽ) സഹോദരി ! എന്നോടല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ ഇങ്ങനെ വഴക്കിനു വഴിതെളിക്കരുത്.

ജോർഡിസ്സ് : (ചിരിച്ചുകൊണ്ട്) സൽക്കാരവേളയിൽ അല്പം തമാശ കൂടിയേ തീരൂ, രസം പിടിക്കണമെങ്കിൽ.

ഗുണ്ണർ : (തൊറോൾഫുമായി സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു) നീ ഒരു ധീരനായ ബാലനാണ്. (മുകളിൽ തൂക്കിയിട്ടിരുന്ന വാളെടുത്ത് അവനു കൊടുത്തിട്ട്) ഇതാ തൊറോൾഫ് ! നിനക്കൊരു നല്ല സമ്മാനം ! ഇതു നീ വേണ്ടപോലെ ഉപയോഗിക്കണം. നമുക്ക് മൈത്രിയിൽ കഴിയാം.

തൊറോൾഫ് : (വാൾ പരിശോധിച്ചുകൊണ്ട്) സമ്മാനത്തിനു നന്ദി. ഗുണ്ണർ ! ഇത് അയോഗ്യമായ സമരത്തിന് ഒരിക്കലും ഉപയോഗിക്കയില്ല.

ജോർഡിസ്സ് : ഈ വാഗ്ദാനം പാലിക്കപ്പെടണമെങ്കിൽ വാൾ ഒരിക്കലും നിന്റെ സഹോദരന്മാരുടെ പക്കൽ കൊടുക്കരുത്.

ഗുണ്ണർ : ജോർഡിസ്സ് !

ജോർഡിസ്സ് : (തുടർന്നുകൊണ്ട്) നിന്റെ അച്ഛന്റെ മുറിയിൽ അതു സൂക്ഷിക്കയും അരുത്. എന്തെന്നാൽ അവിടെ അയോഗ്യനായ ഒരുവന്റെ ആയുധങ്ങളുടെ കൂട്ടത്തിലായിരിക്കും അതു തൂക്കുന്നത്.

തൊറോൾഫ് : ശരിയാണ് ജോർഡിസ്സ് ! നിങ്ങളുടെ അച്ഛന്റെ കോടാലിയും പരിചയും ഏറെനാളായി അവിടെ തൂക്കിയിട്ടിട്ടുണ്ട്.

ജോർഡിസ്സ് : (അമഷം അടക്കിക്കൊണ്ട്) നീ വളരെയൊക്കെ വൻപു പറയുന്നുണ്ട് നിന്റെ അച്ഛൻ ഓർണൾഫ് എന്റെ അച്ഛനെ തോല്പിച്ചതിനെപ്പറ്റി. പക്ഷേ കേൾവി ശരിയാണെങ്കിൽ നീ വിചാരിക്കുന്നത്ര യോഗ്യമായിരുന്നില്ല ആ ദ്വന്ദ്വയുദ്ധം.

തൊറോൾഫ് : കേഴ്വി എങ്ങനെയാണ് ?

ജോർഡിസ്സ് : (മന്ദഹസിച്ചിട്ട്) നിന്നോടതു പറയാൻ ഞാൻ മടിക്കുന്നു. നിനക്കതു കേട്ടാൽ ദേഷ്യം തോന്നും.

തൊറോൾഫ് : എന്നാൽപ്പിന്നെ മിണ്ടാതിരിക്കു. അതാണ് ഭേദം. (മുഖം വെട്ടിത്തിരിക്കുന്നു)

ജോർഡിസ്സ് : അല്ലെങ്കിൽ ഞാനതു പറഞ്ഞേക്കാം. നിന്റെ അച്ഛൻ എന്റെ അച്ഛനോട്ട് ദ്വന്ദ്വയുദ്ധത്തിനു പോകുംമുൻപു ഒരു സ്ത്രീയുടെ വേഷമണിഞ്ഞു മൂന്നുരാത്രി മുഴുവൻ " സ്വാൽസർഹോണിലെ " മന്ത്രവാദിനിയുടെ മുൻപിൽ മന്ത്രങ്ങൾ ഉരുവിട്ടു എന്നു പറയുന്നതു നേരാണോ ?

(എല്ലാവരും എഴുനേല്ക്കുന്നു. അതിഥികളുടെ ഇടയിൽ സംഭ്രമം പരക്കുന്നു)

ഗണ്ണറും, സിഗേർഡും, ഡാഗ്നിയും ഒരുമിച്ച് : ജോർഡിസ്സ് !

തൊറോൾഫ് : (ക്ഷമ തീരെ നശിച്ച്) ഫോർഡിലെ ഓർണൾഫിനെപ്പററി ഇത്ര നീചമായ ഒരു പൊളി ഇതിനുമുൻപാരും പറഞ്ഞു കേട്ടിട്ടില്ല. ഇതു നിങ്ങൾതന്നെ കെട്ടിച്ചമച്ചതാണ്. നിങ്ങളുടേതുപോലെ വിഷലിപ്തമായ ക്ഷുദ്രബുദ്ധിക്കേ ഇങ്ങനെ ഒരു നീചമായ കഥ കെട്ടിച്ചമയ്ക്കാൻ സാധിക്കു. എന്റെ അച്ഛനെ ഏറ്റവും നീചനായി നിങ്ങൾ ചിത്രീകരിച്ചു. (വാൾ ദൂരെ എറിയുന്നു) അതാ ഗണ്ണർ നിങ്ങളുടെ സമ്മാനം തിരിച്ചെടുത്തുകൊള്ളു. എന്റെ അച്ഛനെ അധിക്ഷേപിച്ച ഒരു ഭവനത്തിൽനിന്നും ഞാൻ യാതൊരു സമ്മാനവും സ്വീകരിക്കയില്ല.

ഗണ്ണർ : തൊറോൾഫ് ! ഞാൻ പറയുന്നതൊന്നു കേൾക്കുമോ ?

തൊറോൾഫ് : ഇല്ല. ഞാൻ പോകുന്നു. പക്ഷേ സൂക്ഷിച്ചുകൊള്ളു, നിങ്ങളും ജോർഡിസ്സും. എന്തെന്നാൽ, നിങ്ങൾക്കു രണ്ടാൾക്കും ഏററവും പ്രിയതരനായ ഒരുവൻ ഈ നിമിഷത്തിൽ, നിങ്ങൾ അധിക്ഷേപിച്ച എന്റെ അച്ഛന്റെ അധീനതയിലുണ്ടെന്നു് കരുതിക്കൊള്ളു.

ജോർഡിസ്സ് : (ഞെട്ടിയിട്ട്) നിന്റെ അച്ഛന്റെ അധീനതയിൽ......!

ഗണ്ണർ : (നിലവിളിച്ചുകൊണ്ടു്) നീ എന്താണ പറയുന്നതു് ?

സിഗേർഡ്യു് : (പെട്ടെന്നു്) ഓർണൾഫ് എവിടെ ?

തൊറോൾഫ് : (പുച്ഛമായി ചിരിച്ചുകൊണ്ടു്) എന്റെ ജ്യേഷ്ഠന്മാരുമൊത്തു് തെക്കൻവഴിക്കു പോയിരിക്കുകയാണു്.

ഗണ്ണർ : തെക്കൻവഴിക്കു പോയിരിക്കുന്നു എന്നോ ?

ജോർഡിസ്സ് : (ആവേശത്തോടുകൂടി) ഗണ്ണർ ! ഓർണൾഫ് നമ്മുടെ മകൻ എജിലിനെ കൊന്നിരിക്കും.

ഗണ്ണർ : കൊന്നോ ? എജിൽ കൊല്ലപ്പെട്ടോ ? എങ്കിൽ ഓർണൾഫിനും കുടുംബത്തിനും എന്നത്തേയ്ക്കും ദുരിതം തന്നെ.

തൊറോൾഫ് ! പറയൂ. ഇതു പരമാർത്ഥമാണോ ?

സിഗേർഡ്യു് : ഗണ്ണർ ! ഗണ്ണർ ! ഞാൻ പറയുന്നതു ശ്രദ്ധിക്കൂ.

ഗണ്ണർ : പറയൂ. ജീവനിൽ കൊതി ഉണ്ടെങ്കിൽ.

തൊറോൾഫ് : എന്നെ ഭയപ്പെടുത്തുകയാണോ ? അച്ഛൻ വരുംവരെ ക്ഷമിക്കൂ. അദ്ദേഹം നിങ്ങളുടെ വീട്ടിൽ അപമാനത്തിന്റെ മുദ്ര പതിക്കും. എന്നാൽ ജോർഡിസ്സ് ! ഞാൻ ഇന്നു കേട്ട വാക്കുകളിൽനിന്നും ധരിക്കാവുന്നതു് ധരിച്ചുകൊള്ളുക. ഇതാണു് ഞാൻ കേട്ടതു്. "ഇന്നു് ഇരുട്ടുംമുൻപു് ഗണ്ണറിനും ഭാര്യയ്ക്കും അഭിമാനിക്കാൻ അവരുടെ ഓമനമകൻ ഇല്ലാതാകും." (പുറകുവശത്തുകൂടെ ഇറങ്ങിപ്പോകുന്നു)

ഗണ്ണർ : (അഗാധമായ വിഷാദത്തോടെ) കൊല്ലപ്പെട്ടു ! കൊല്ലപ്പെട്ടു ! എന്റെ എജിൽ കൊല്ലപ്പെട്ടു !

ജോർഡിസ്സ് : (പരിഭ്രാന്തിയോടെ) എന്നിട്ടു നിങ്ങളവനെ അങ്ങു വിടുകയും ചെയ്തു. നിങ്ങളുടെ സ്വന്തം മകന്റെ വധത്തിനു് പ്രതികാരം ചെയ്യാതടങ്ങുമോ നിങ്ങൾ ? ലോകരുടെ ദൃഷ്ടിയിൽ നിങ്ങൾ പരിഹാസപാത്രമാകും, അതു ചെയ്തില്ലെങ്കിൽ.

ഗണ്ണർ : (മതിമറന്നവനായിട്ടു്) ഒരു വാൾ—ഒരു കോടാലി—! അവന്റെ ഒടുവിലത്തെ വാക്കാണു് അവൻ ഉച്ചരിച്ചതു്

(അടുത്തുനിന്ന ഒരുത്തനോടു് ഒരു കോടാലി പിടിച്ചു വാങ്ങിക്കൊണ്ടു് വെളിയിലേയ്ക്കോടുന്നു)

സിഗേർഡ്യു് : (പിൻതുടരാൻ ശ്രമിച്ചുകൊണ്ടു്) ഗണ്ണർ ! അരുതു്. കൈ വിടുത്തു.

ജോർഡിസ്സ് : (തടഞ്ഞിട്ടു്) അദ്ദേഹം പോകട്ടെ. അവർ പി

ടിച്ചു മാററും. എനിക്കു ഗണ്ണറെ അറിയാം.

(വാതുക്കൽ തിങ്ങി നിന്നവരുടെ ഇടയിൽനിന്നും ഒരു നിലവിളി കേട്ടു)

സിഗേർഡ്ഡും ഡാഗ്നിയും : അതെന്താണ് ? ആൾക്കൂട്ടത്തിൽനിന്നുമൊരു ശബ്ദം. തൊറോൾഫ് കൊല്ലപ്പെട്ടു.

സിഗേർഡ്ഡ് : തൊറോൾഫ്. ഹാ ! ഞാൻ പോകട്ടെ.

ഡാഗ്നി : എൻെറ അനുജാ ! എൻെറ കൊച്ചനുജാ !

(സിഗേർഡ്ഡ് വെളിയിലേയ്ക്കു കടക്കാൻ തുടങ്ങവേ ജനക്കൂട്ടം മാറിനിന്നു. ഗണ്ണർ അകത്തുവന്നു് കോടാലി വലിച്ചെറിയുന്നു)

ഗണ്ണർ : അതു നടന്നു. എജിലിൻെറ വധത്തിനു പ്രതികാരം !

സിഗേർഡ്ഡ് : ഇത്ര വേഗം നിങ്ങളുടെ കൈകൾ ഈ പ്രഹരം ഏല്പിക്കാതിരുന്നെങ്കിൽ !

ഗണ്ണർ : ശരിയായിരിക്കാം. എന്നാലും എജിൽ ! എജിൽ ! എന്റെ ഓമനമകൻ.

ജോർഡിസ്സ് : നാമിനി സൂക്ഷിക്കണം. നമ്മുടെ മിത്രങ്ങളുടെ സഹായം തേടണം. എന്തെന്നാൽ തൊറോൾഫിന്റെ വധത്തിനു പകരംചോദിക്കാൻ ആളുകൾ വളരെയുണ്ടാകും.

ഗണ്ണർ : (വിവർണ്ണനായി) അവൻതന്നെ ആയിരിക്കും എന്നോട്ട് ഏററവും ഉഗ്രമായി പ്രതികാരം ചെയ്യുന്നതു്. രാവും പകലും അവനെപ്പററിത്തന്നെയായിരിക്കും എൻെറ വിചാരം.

ജോർഡിസ്സ് : തൊറോൾഫിനു് അവനർഹിച്ചതു കിട്ടി. ഒരാളുടെ തെററിനു് ആ കുടുംബത്തിൽപെട്ട ആരെങ്കിലും ഒരാൾ പരിഹാരം ചെയ്തേ തീരൂ.

ഗണ്ണർ : ശരിയാണ്. എന്നാൽ ഒരു കാര്യം എനിക്കറിയാം. അവനെ കൊല്ലുംമുൻപ്പ് ഹൃദയതുഷ്ടിയും മനസ്സമാധാനവും എനിക്ക് ഉണ്ടായിരുന്നു.

ജോർഡിസ്സ് : കൊലപാതകത്തിനുശേഷമുള്ള ആദ്യരാത്രിയായിരിക്കും ഏററവും ഭയങ്കരം. അതു കഴിഞ്ഞാൽപിന്നെ എല്ലാം വീണ്ടും ശരിയായിക്കൊള്ളും. ഓർണൾഫ് നീചമായ നിലയിൽ സൂത്രം പ്രയോഗിച്ചാണ് പ്രതികാരം ചെയ്തതു്. നേരെ നമ്മോടെതിക്കാൻ കഴിയാഞ്ഞിട്ടു്, രഞ്ജിപ്പിനെന്നു ഭാവിച്ച് നിസ്സഹായനായ നമ്മുടെ കുഞ്ഞിനെ അ

യാൾ വധിച്ചു. നിങ്ങളെല്ലാവരേയുംകാൾ ഞാനിതു കണ്ടു. വിശദമായി എനിക്കു് അറിയാൻ കഴിഞ്ഞു അയാൾ നീചനും വഞ്ചകനുമാണെന്നു്. അയാളോടും അയാളുടെ നെറികെട്ട മക്കളോടുമെതിരിടാൻ നിങ്ങളെ ഇളക്കിവിടുന്നതിനു തക്ക കാരണം എനിക്കുണ്ടായിരുന്നു.

ഗണ്ണർ : (പരിഭ്രാന്തനായിട്ടു്) തീർച്ചയായും ! ഓർണൾഫിന്റെ കുററത്തോടു താരതമ്യപ്പെടുത്തുമ്പോൾ എന്റെ പ്രതികാരം തീരെ നിസ്സാരമാണു്. തൊറോൾഫ് പോയെങ്കിലും ഇനിയും ആറു പുത്രന്മാർ ഉണ്ടു് അയാൾക്കു്. എനിക്കോ ? ഒന്നുപോലുമില്ല ! ഒന്നുപോലും ! (ഒരു വേലക്കാരൻ കിതച്ചുകൊണ്ടു് പുറകുവശത്തുനിന്നും ഓടി എത്തിയിട്ടു്) ഫോർഡിലെ ഓർണൾഫ് ഇതാ എത്തിക്കഴിഞ്ഞു.

ഗണ്ണർ : ഓർണൾഫ് ! ജോർഡിസ്സും കുറെ ആളുകളും. ആയുധം എടുക്കുവിൻ. വേഗമാകട്ടെ.

ഡാഗ്നി : എന്റെ അച്ഛൻ !

സിഗേർഡ് : (വികൽപ്പത്തോടെ) ഓർണൾഫ് ! ഹാ ഗണ്ണർ ! ഗണ്ണർ ! (വാളൂരിക്കൊണ്ടു്) ഗണ്ണർ. എല്ലാവരും തയ്യാറാകുവിൻ. എജിലിന്റെ വധത്തിനു പ്രതികാരം !

(ഓർണൾഫ് എജിലിനെ എടുത്തുകൊണ്ടു പ്രവേശിക്കുന്നു)

ഗണ്ണർ : (നിലവിളിച്ചുകൊണ്ടു്) എജിൽ !

ഓർണൾഫ് : ഇതാ നിങ്ങളുടെ കൊച്ചുമകൻ നിങ്ങളുടെ അടുത്തു തിരിച്ചുവന്നിരിക്കുന്നു.

(എല്ലാവരും അത്ഭുതത്തോടെ) എജിൽ ! എജിൽ, ജീവനോടെ!

ഗണ്ണർ : (വാൾ കൈയ്യിൽനിന്നും താഴെ വീഴുന്നു) കഷ്ടം, ദൈവമേ ! ഞാനെന്താ ചെയ്തതു്?

ഡാഗ്നി : ഹാ ! തൊറോൾഫ് ! എന്റെ കൊച്ചനുജാ !!

സിഗേർഡ് : എനിക്കു നിശ്ചയമുണ്ടായിരുന്നു ഇങ്ങനെ സംഭവിക്കുമെന്നു് !

ഓർണൾഫ് : (എജിലിനെ താഴെ നിർത്തിയിട്ടു്) ഇതാ ഗണ്ണർ നിങ്ങളുടെ ഓമനമകൻ !

എജിൽ : അച്ഛാ ! എന്നെ അയച്ചപ്പോൾ അച്ഛൻ പറഞ്ഞില്ലേ ഓർണൾഫ് എന്നെ ഉപദ്രവിക്കുമെന്നു്. പക്ഷെ അദ്ദേഹം എന്നെ യാതൊന്നും ചെയ്തില്ല.

ഓർണൾഫ് : (ജോർഡിസ്സിനോട്ട്) നിന്റെ അച്ഛന്റെ വധത്തിന് ഞാനിപ്പോൾ പ്രായശ്ചിത്തം ചെയ്തിരിക്കുന്നു. ഇനിയും നമുക്ക യോജിപ്പിലായിക്കൂടെ ?

ജോർഡിസ്സ് : (സ്വയം നിയന്ത്രിച്ചുകൊണ്ട്) ആവാം !

ഗണ്ണർ : (സ്വപ്നത്തിൽനിന്നും ഉണർന്നതുപോലെ) എന്നെ ഒരു ഭയങ്കരസ്വപ്നമാണോ അന്ധാളിപ്പിക്കുന്നത് ? അങ്ങ്— അങ്ങ്—എജിലിനെ വീട്ടിലേയ്ക്കു കൊണ്ടുവന്നു !

ഓർണൾഫ് : അതേ. പക്ഷേ ഒന്നു ഞാൻ പറയട്ടെ. അവൻ മരണത്തോട്ട് വളരെ സമീപിച്ചതായിരുന്നു.

ഗണ്ണർ : അതെനിക്കറിയാം.

ഓർണൾഫ് : എന്നിട്ടും അവൻ തിരിച്ചുവന്നപ്പോൾ ഇത്രമാത്രം ആനന്ദമേ തോന്നുന്നുള്ളോ നിങ്ങൾക്ക് ?

ഗണ്ണർ : ഹാ ! അവൻ അല്പംകൂടി നേരത്തെ വന്നിരുന്നെങ്കിൽ ! ഞാൻ കൂടുതൽ ആനന്ദിക്കുമായിരുന്നു. എന്നാലും എല്ലാം വിസ്തരിച്ചു പറയണം—സംഭവിച്ചതെന്തെല്ലാം ?

ഓർണനൾഫ് : അതു വേഗത്തിൽ പറഞ്ഞുതീർക്കാനേ ഉള്ളൂ. കഷകനായ കാറേയ്ക്ക് നിങ്ങളെക്കുറിച്ചെന്തോ ദുരുദ്ദേശ്യം ഉണ്ടായിരുന്നു. അവൻ കുറെ ദുഷ്ടക്കൂട്ടരുമൊത്ത് എജിലിനെ പിൻതുടൎന്ന് തെക്കൻദിക്കിലേയ്ക്കു പോയി.

ഗണ്ണർ : കാറേ ! (പതിഞ്ഞ സ്വരത്തിൽ) ഹാ ! ഇപ്പോൾ എനിക്കു മനസ്സിലായി തൊറോൾഫ് പറഞ്ഞതിന്റെ അൎത്ഥം.

ഓർണൾഫ് : അവന്റെ ഗൂഢതന്ത്രം എന്റെ ചെവിയിലെത്തി. അത്തരം ഒരു കുററം തടയണമെന്നു ഞാൻ കരുതി. വാസ്തവത്തിൽ ജോക്കളിന്റെ മരണത്തിന് പ്രായശ്ചിത്തം ചെയ്യാൻ ഞാൻ വിസമ്മതിക്കുമായിരുന്നു. ദൈവേച്ഛ അതായിരുന്നെങ്കിൽ ഒരു ദ്വന്ദ്വയുദ്ധത്തിൽ ഞാൻ നിങ്ങളെ യാതൊരു മടിയുംകൂടാതെ വധിക്കയും ചെയ്യുമായിരുന്നു—എന്നാൽ നിങ്ങളുടെ കുഞ്ഞിനെ രക്ഷിക്കാതിരിക്കാൻ എനിക്കു മനസ്സു വന്നില്ല. അതുകൊണ്ട് എന്റെ പുത്രന്മാരുമൊത്ത് കാറേയെ ഞാൻ പിൻതുടൎന്നു.

സിഗേർഡ് : (തന്നോടായിട്ട്) ഇവിടെയാണെങ്കിൽ ഒരു ഭയങ്കരകൃത്യം നടക്കുകയും ചെയ്തു !

ഓർണൾഫ് : ഞാൻ അവരോടൊപ്പം എത്തിയപ്പോഴേയ്ക്കും എജിലിന്റെ അനുചരന്മാരെയെല്ലാം കീഴടക്കിക്കഴിഞ്ഞിരുന്നു. നിങ്ങളുടെ മകന്റെ ജീവൻ ശത്രുക്കളുടെ പിടിയിലും. അ

വർ അവനെ അധികസമയം വെച്ചേക്കുമായിരുന്നില്ല. പിന്നെ നടന്നതു് ഒരു ഭയങ്കരസമരമായിരുന്നു. ഇത്രമാത്രം ഊക്കോടെ എൻെറ വാൾ മുൻപൊരിക്കലും ശത്രുക്കളോട്ട് ഏററിട്ടില്ല. കാറേയും അവൻെറ രണ്ടു കൂട്ടകാരും ഓടി രക്ഷപ്പെട്ടു. ബാക്കിയുള്ളവരെല്ലാം സുഖനിദ്രയിലാണു്. ഒരിക്കലും ഉണരാത്ത നിദ്രയിൽ.

ഗണ്ണർ : (അത്യാകാംക്ഷയോടെ) അപ്പോൾ അങ്ങു് ?

ഓർണൽഫ് : (രൂക്ഷതയോടെ) എൻെറ ആറു പുത്രന്മാരും എന്നോടൊപ്പം സമരത്തിലേർപ്പെട്ടു.

ഗണ്ണർ : (ശ്വാസമടക്കിക്കൊണ്ടു്) അവർ തിരിച്ചുവന്നില്ലേ ?—

ഓർണൽഫ് : ഒരുത്തരുമില്ല.

ഗണ്ണർ : (ഭീതിയോടെ) ഒരുത്തരുമില്ലേ ? (പതുക്കെ) തൊറോൾഫ് ! ഹാ തൊറോൾഫ് !

(ജനക്കൂട്ടത്തിനിടയിൽ ആത്യധികമായ വികാരതീവ്രത. ജോർഡിസ്സ് തനിക്കെതിരായിത്തന്നെ സമരം ചെയ്യുന്നതു പോലെ കാണപ്പെടുന്നു. ഡാഗ്നി നിശ്ശബ്ദം കരയുന്നു. സിഗേർഡ് വികാരാവേശത്തോടെ അവളുടെ സമീപം നില്ക്കുന്നു)

ഓർണൽഫ് : (അല്പസമയത്തെ നിശ്ശബ്ദതയ്ക്കുശേഷം) തഴച്ചു പച്ചപിടിച്ചുനില്ക്കുന്ന ഒരു വൻവൃക്ഷം ഒററക്കൊട്ടങ്കാററടിയേററു് സകല ശിഖരങ്ങളും വിച്ഛേദിക്കപ്പെട്ടുനില്ക്കുക—എത്ര ദുസ്സഹമാണു് ആ നിലയിലാവുക ! എന്നാൽപോലും, ഒരു മനുഷ്യൻ ജീവിക്കാൻ മറെറാരു മനുഷ്യൻ മരിക്കണം. ഒന്നു കുടിക്കാൻ തരൂ. എന്റെ പുത്രന്മാരുടെ സ്മരണയ്ക്കായി ഞാൻ കുടിക്കട്ടെ. (സിഗേർഡിൻെറ അനുചരന്മാരിലൊരുവൻ മദ്യപാത്രം കൈയ്യിൽ കൊടുക്കുന്നു) എൻെറ അഭിജാതപുത്രന്മാരെ ! നിങ്ങളുടെ അന്ത്യയാത്രയിൽ ഈ വൃദ്ധപിതാവു് നിങ്ങൾക്കു ശാന്തിനേരുന്നു. സ്വർഗ്ഗലോകത്തെ താമ്രകവാടം നിങ്ങളുടെ പാദപാതത്തിൻെറ നേക്കു് അടയ്ക്കപ്പെടുകയില്ല. കാരണം, നിങ്ങൾ "വൽഹാലാ" ഹാളിലേക്കു ചെല്ലുന്നതു് സംഘബലത്തോടെയാണു്. (കുടിക്കുന്നു. എന്നിട്ടു പാത്രം തിരിയെ കൊടുക്കുന്നു) ഇനിയും തിരിച്ചു് ഐസ്ലണ്ടിലേയ്ക്കു് ! ഓർണൽഫിൻെറ സമരജീവിതം അവസാനിച്ചിരിക്കുന്നു. ഈ പഴക്കംചെന്ന മരത്തിനു് പച്ചയായി ഇനിയും ഒരു ശിഖരമേ ശേഷിച്ചിട്ടുള്ളു. അതിനെ സംരക്ഷിക്കേണ്ടിയിരിക്കുന്നു. തൊറോൾഫ് എവിടെ ?

എജിൽ : (അവന്റെ അച്ഛനോട്ട്) അതേ, എനിക്കു തൊറോൾഫിനെ കാണിച്ചുതരൂ. ഓർണൾഫ് എന്നോടു പറഞ്ഞു, തൊറോൾഫ് എനിക്ക് പടയാളികൾ നിറഞ്ഞുനില്ക്കുന്ന ഒരു കപ്പൽ തടിയിൽ പണിഞ്ഞു് എനിക്കു തരുമെന്നു്.

ഓർണൾഫ് : തൊറോൾഫ് എന്റെകൂടെ ഇല്ലാതിരിക്കാൻ ഇടവരുത്തിയ ദൈവങ്ങളോട്ട് ഞാൻ നന്ദി പ്രകടിപ്പിക്കേണ്ടതാണ്. എന്തെന്നാൽ അവൻകൂടെ ഉണ്ടായിരുന്നെങ്കിൽ എനിക്ക് ധൈര്യവും തൻേറടവും വേണ്ടുവോളം ഉണ്ടെങ്കിലും—അതെനിക്ക് താങ്ങാൻ കഴിയുമായിരുന്നില്ല. പക്ഷേ അവനെന്താണ് വരാത്തതു് ? എന്നും അവനായിരിക്കുമല്ലൊ അവൻെറ അച്ഛനെ ആദ്യം സ്വാഗതം ചെയ്യുന്നതു്. ഞങ്ങൾക്കു് രണ്ടുപേക്കും തോന്നിയിട്ടുണ്ടു്, ഒരാളെക്കൂടാതെ ഒരു ദിവസംപോലും മറ്റെയാൾക്കു ജീവിക്കുക സാദ്ധ്യമല്ലെന്നു്.

ഗണ്ണർ : ഓർണൾഫ് ! ഓർണൾഫ് !

ഓർണൾഫ് : (വദ്ധിച്ച അസ്വാസ്ഥ്യത്തോടെ) നിങ്ങളെല്ലാം എന്താണ് ഒന്നും മിണ്ടാതെ നില്ക്കുന്നതു് ? ഹാ ! എന്തു സംഭവിച്ചു ? തൊറോൾഫ് എവിടെ ?

ഡാഗ്നി : സിഗേർഡ്ഡു് ! സിഗേർഡ്ഡു് ! ഇതായിരിക്കും അദ്ദേഹത്തിനു കിട്ടുന്ന ഏററവും ക്രൂരമായ പ്രഹരം.

ഗണ്ണർ : (ആഭ്യന്തരസമരത്തിനധീനനായിട്ട്) പാവപ്പെട്ട വൃദ്ധൻ ! ഇല്ല, ഇല്ല, ഇനിയും അതൊളിക്കാൻ പാടില്ല.—

ഓർണൾഫ് : (ഉഗ്രതയോടെ) എന്റെ മകൻ ! അവനെവിടെ ?

ഗണ്ണർ : തൊറോൾഫ് വധിക്കപ്പെട്ടു.

ഓർണൾഫ് : വധിക്കപ്പെട്ടോ ? തൊറോൾഫോ ? തൊറോൾഫോ ? നിങ്ങൾ കള്ളം പറയുകയാണ്.

ഗണ്ണർ : അവനെ വീണ്ടും ജീവനോടു കാണാൻ എൻെറ രക്തത്തിൻെറ അവസാനത്തെ തുള്ളിവരെ ഞാൻ കൊടുക്കാം.

ജോർഡിസ്സ് : (ഓർണൾഫിനോട്ട) ഇങ്ങനെയൊക്കെ സംഭവിച്ചതിനു് തൊറോൾഫ് തന്നെയാണ് ഉത്തരവാദി. അങ്ങ് എജിലിനെ പിടികൂടിക്കൊന്നു എന്നു് ഒരു ഇരുണ്ട നുണ അവൻ ഞങ്ങളോടു പറഞ്ഞു. നാം തമ്മിൽ ഏതാണ്ടു് ശത്രുതയിലായിരുന്നല്ലോ പിരിഞ്ഞതും. പോരെങ്കിൽ അങ്ങ് എൻെറ വംശത്തിൽ മരണം വരുത്തിയിട്ടുമുണ്ടു്. എല്ലാററിലും ഉപരിയായി തൊറോൾഫ് വിരുന്നുസമയത്തു് ഒരു അധികപ്രസംഗിയെപ്പോലെ പെരുമാറി. നേരംപോക്കു പറ

ഞ്ഞതെല്ലാം കാര്യമായിട്ടെടുത്തു് വളരെ വഷളത്തരങ്ങൾ വിളമ്പി. അപ്പോൾ മാത്രമാണു് ഗണ്ണറിനു ദേഷ്യം വന്നതു്. അപ്പോഴാണു് അദ്ദേഹം അങ്ങയുടെ മകന്റെ നേരെ കൈ ഉയൎത്തിയതു്. ഗണ്ണറിന്റെ പ്രവൃത്തിക്കു് മതിയായ കാരണമുണ്ടെന്നാണു് എന്റെ അഭിപ്രായം.

ഓർണൾഫ്: (ശാന്തനായി) നീ കേവലം ഒരു സ്ത്രീയാണെന്നു് എളുപ്പത്തിൽ മനസ്സിലാക്കാം. നീ വളരെയധികം സംസാരിക്കുന്നു. അതിന്റെ അവശ്യമെന്തു്? തൊറോൾഫ് വധിക്കപ്പെട്ടെങ്കിൽ അവന്റെ ജീവിതഗ്രന്ഥം അടഞ്ഞു. അത്ര തന്നെ.

എജിൽ: തൊറോൾഫ് കൊല്ലപ്പെട്ടെങ്കിൽ എനിക്കു് പടയാളികളെ കിട്ടുകയില്ലല്ലൊ.

ഓർണൾഫ്: ഇല്ല. എജിൽ! നമുക്കു രണ്ടുപേൎക്കും നമ്മുടെ പടയാളികളെ നഷ്ടപ്പെട്ടു. (ജോർഡിസ്സിനോടു്) നിന്റെ അച്ഛൻ ഇങ്ങനെ പാടി.

"ഒരിക്കൽ ജോക്കുലിൻ കൊലയ്ക്കുതീച്ച്യായ്
ശരിക്കുതന്മക്കൾ പകരം വീട്ടിടും."

അവന്റെ വാക്കുകൾ അക്ഷരംപ്രതി ശരിയായിക്കാണാൻ നീ കഴിവതു ശ്രമിച്ചു. (അല്പനേരത്തെ മൗനത്തിനുശേഷം ആളുകളുടെ നേൎക്കു തിരിഞ്ഞു്) അവനു് മരണപ്രഹരം ഏററതു് എവിടെയാണു്?

ഒരുത്തൻ: പുരികത്തിനു മുകളിൽ.

ഓർണൾഫ്: (സന്തോഷത്തോടെ) ഹാ! അതൊരു നല്ല സ്ഥാനമാണു്. ശത്രുവിനെക്കണ്ടു് അവൻ തിരിഞ്ഞോടിയില്ലല്ലൊ. ആകട്ടെ, അവൻ വീണതു് വശത്തേയ്ക്കാണോ, അതോ ഗണ്ണറിന്റെ പാദത്തിലേയ്ക്കോ?

ഒരുത്തൻ: പകുതി വശത്തേയ്ക്കും പകുതി ഗണ്ണറിന്റെ പാദത്തിലേയ്ക്കും.

ഓർണൾഫ്: അപ്പോൾ പ്രതികാരത്തിന്റെ പകുതിയെ ആകുന്നുള്ളു. ശരി, നമുക്കു പോയി നോക്കാം.

ഗണ്ണർ: (അടുത്തു ചെന്നിട്ടു്) ഓർണൾഫ്! എനിക്കറിയാം എനിക്കുള്ളതു സകലതും തന്നാലും അങ്ങയുടെ നഷ്ടത്തിനു ശരിയായ പരിഹാരമാകയില്ലെന്നു്. എന്നാലും ഞാൻ എന്തുവേണമെന്നു് അങ്ങു് പറയുക.

ഓർണൾഫ് : (അനാസ്ഥയോടു തടഞ്ഞിട്ട്) എനിക്ക് തൊറോൾഫിന്റെ ജഡം തരു. ഞാൻ പോകട്ടെ. അവനെ വിടെ കിടക്കുന്നു ? (ഗണ്ണർ നിശ്ശബ്ദനായി പുറകിലേയ്ക്കു ചൂണ്ടിക്കാണിക്കുന്നു.) ഓർണൾഫ് കുറച്ചുടി നടന്നിട്ട് തിരിഞ്ഞുനിന്ന് (ഇടിനാദംപോലുള്ള ശബ്ദത്തിൽ, സഹതാപത്തോടുകൂടി തന്നെ പിൻതുടരുന്ന സിഗേർഡിനോടും ഡാഗ്നിയോടും മററുള്ളവരോടും ആയി) "തിരിച്ചുപോകുവിൻ! മുറയിട്ട് കരയുന്ന ഒരു സ്ത്രീയുടെ പിന്നാലെ പോകും പോലെ ഓർണൾഫിന്റെ പിന്നിൽ ഒരു വിലാപസംഘം ആവശ്യമുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നോ ? പോകാനല്ലേ പറഞ്ഞതു്. തൊറോൾഫിനെ ഞാൻ തനിച്ചു പരിചരിച്ചുകൊള്ളാം. (ശാന്തഗംഭീരമായ സ്വരത്തിൽ) സന്താനമില്ലാത്തവനായി ഞാൻ പോകുന്നു. പക്ഷേ ഒരുത്തരും പറയരുതു് ദുഃഖഭാരംകൊണ്ടു് എന്റെ തല കുനിഞ്ഞതായി കണ്ടുവെന്നു്. (സാവധാനം പോകുന്നു)

ജോർഡിസ്സ് : (കക്കശമായി ചിരിച്ചുകൊണ്ടു്) ഇഷ്ടമുള്ളിടത്തു അദ്ദേഹം പോകട്ടെ. ശത്രുതയിൽ മടങ്ങിവരികയാണെങ്കിൽ നാം അധികംപേർ ഇവിടെ നില്ക്കേണ്ട ആവശ്യമില്ല. ഡാഗ്നി! നിന്റെ അച്ഛൻ ഇനി ഒരിക്കലും ഐസ്ലണ്ടിൽനിന്നും ഇങ്ങനെ ഒരു യാത്ര പുറപ്പെടുകയില്ലെന്നു് ഞാൻ വിചാരിക്കുന്നു.

സിഗേർഡ് : (ദേഷ്യത്തിൽ) നിങ്ങൾക്കു നാണമില്ലല്ലൊ.

ഡാഗ്നി : (അതേ സ്വരത്തിൽ) ഇത്രയെല്ലാം സംഭവിച്ചിട്ടും നിനക്കദ്ദേഹത്തെ കളിയാക്കാനുള്ള ഹൃദയശൂന്യതയുണ്ടായല്ലൊ!

ജോർഡിസ്സ് : ഒരു കൃത്യം ചെയ്തുകഴിഞ്ഞാൽപിന്നെ അതിൽനിന്നു് അങ്ങേയററം മുതലെടുക്കുന്നതാണു് ബുദ്ധി. ഇന്നു രാവിലെയാണു് ഞാൻ ഓർണൾഫിന്റെ പേരിൽ പ്രതികാരവും വെറുപ്പും ശപഥം ചെയ്തതു്. എന്റെ അച്ഛന്റെ വധവും മററു സകലതും ഞാൻ വേണമെങ്കിൽ ക്ഷമിച്ചേയ്ക്കാം. എന്നാൽ എന്നെ അധിക്ഷേപിച്ചതു് എനിക്കു ക്ഷമിക്കാൻ സാദ്ധ്യമല്ല. അയാൾ എന്നെ ഗണ്ണറുടെ വെപ്പാട്ടി എന്നു് വിളിച്ചു. അങ്ങനെയായാൽത്തന്നെ അതൊരു അപമാനമായി ഞാൻ കരുതുന്നില്ല. കാരണം ഇപ്പോൾ ഗണ്ണർ നിന്റെ അച്ഛനെക്കാൾ പ്രബലനാണു്. നിന്റെ ഭർത്താവു് സിഗേർഡിനെക്കാളും; അദ്ദേഹം മാന്യനും പ്രശസ്തനുമാണു്.

ഡാഗ്നി: (അത്യന്തം വികാരതരളിതയായിട്ടു്) ജോർഡിസ്സ്! അവിടെ നിനക്കു തെററിപ്പോയി. ഈ നിമിഷം വേണമെങ്കിൽ സകലരുമറിയും നീ ഒരു ഭീരുവിന്റെ വീട്ടിലാണു് താമസിക്കുന്നതെന്നു്.

സിഗേർഡ്ധ് : (ധൃതിയിൽ) ഡാഗ്നി ! നീ എന്താണു ചെയ്യാൻ പോകുന്നതു് ?

ഗണ്ണർ : ഒരു ഭീരുവോ ?

ജോർഡിസ്സ് : (പുച്ഛഭാവത്തിൽ ചിരിച്ചുകൊണ്ടു്) നീ ഒരു ഭ്രാന്തിയെപ്പോലെ സംസാരിക്കുന്നു.

ഡാഗ്നി : ഇനി അതു് ഒളിച്ചുവയ്ക്കുന്നില്ല. നീ എൻെറ അച്ഛനേയും മരിച്ചുപോയ സഹോദരന്മാരേയും പരിഹസിക്കുന്നതുവരെ ഞാൻ മൗനംദീക്ഷിച്ചു. അച്ഛനിവിടെ ഉണ്ടായിരുന്നപ്പോൾ ഞാനതു പറയാത്തതു് തൊറോൾഫിൻെറ മരണം ഒരു ഭീരുവിൻെറ കൈയ്യിനാലാണെന്നു് അദ്ദേഹം അറിയരുതെന്നു കരുതിയാണു്. എന്നാൽ ഇപ്പോൾ—ഗണ്ണറിന്റെ ഐസ്‌ലണ്ടിലെ വീരകൃത്യത്തെപ്പററി മേലാൽ നീ വൻപു പറയരുതു്. കാരണം ഗണ്ണർ ഒരു വെറും ഭീരുവാണു്. നിന്റേയും നിന്റെ അപഹത്താവിന്റേയും മദ്ധ്യേ ആ രാത്രിയിൽ കിടന്ന ഖഡ്ഗം എൻെറ ഭത്താവിന്റെ അരയിൽ ഇന്നും തൂങ്ങുന്നു. നീ ഊരി എട്ടുത്തുകൊട്ടുത്ത വള — അതു് സിഗേർഡിൻെറ കൈയ്യിലാണു് കൊടുത്തതു്—(കൈയ്യിൽനിന്നും വള ഊരി ഉയർത്തിപ്പിടിച്ചുകൊണ്ടു്) ഇതാ ആ വളയാണിതു്.

ജോർഡിസ്സ് : (പാരുഷ്യമോടെ) സിഗേർഡ്ധ് !

ആൾക്കൂട്ടം : സിഗേർഡ്ധ് ! അതേ സിഗേർഡാണു് അതു ചെയ്തതു് !

ജോർഡിസ്സ് : (വികാരാവേശംകൊണ്ടുള്ള വിറയലോടെ) ഇതു നേരാണോ ഗണ്ണർ ?

ഗണ്ണർ : (ശാന്തമായ ഗൗരവത്തോടെ) അതേ. എല്ലാം നേരാണു്. ഞാൻ ഭീരുവാണെന്നതൊഴിച്ചാൽ. ഞാൻ ഭീരുവുമല്ല, കാതരനുമല്ല.

സിഗേർഡ്ധ് : (വിവശനായി) നിങ്ങൾ ഭീരുവല്ല. ഗണ്ണർ ! ആയിരുന്നിട്ടുമില്ല. (ബാക്കിയുള്ളവരോടു്) പോകാം. നമുക്കു് ഇവിടം വിടാം.

ഡാഗ്നി : (വാതുക്കൽ തിരിഞ്ഞുനിന്നു ജോർഡിസ്സിനോടു്) ഇപ്പോൾ നീ എന്തു പറയുന്നു ? ആരാണു് കേമൻ: എൻെറ ഭർത്താവോ ? അതോ നിന്റെയോ ? (അവൾ സിഗേർഡും അനുചരരുമൊത്തു പോകുന്നു)

ജോർഡിസ്സ് : (ഏകയായി) എനിക്കിനി ഒരു കാര്യമെ ചെയ്യാൻ ശേഷിക്കുന്നുള്ളു. ഒന്നേയുള്ളു ചിന്തിക്കാനും. ഒന്നുകിൽ സിഗേർഡ്ധ് ! അല്ലെങ്കിൽ ഞാൻ ! ഒരാൾ മരിക്കണം.

## രംഗം 3

(രംഗം—ഗണ്ണറുടെ വീട്ടിലെ സല്ക്കാരമുറി. പകൽസമയം. ഒരു വില്ലിൻെറ ഞാൺ പിരിച്ചുകൊണ്ടു് അത്ര പ്രധാനമല്ലാത്ത ഒരു ഇരിപ്പിടത്തിൻെറ മുൻപിലുള്ള ഇരിപ്പിടത്തിൽ ജോർഡിസ്സ് ഇരിക്കുന്നു. മേശപ്പുറത്തു് ഒരു വില്ലും കുറെ അമ്പുകളും.)

ജോർഡിസ്സ്: (ചരടുവലിച്ചു നീട്ടിക്കൊണ്ടു്) നല്ല ബലവും മുറുക്കവും ഉണ്ടു്. (അമ്പുകൾ കിടക്കുന്നിടത്തേയ്ക്കു നോക്കീട്ടു്) അമ്പുകൾക്കും നല്ല ഈട്ടം മൂച്ചയും ഉണ്ടു്. (കൈകൾ മടിയിൽ വച്ചിട്ടു്) പക്ഷേ എവിടെ ഉണ്ടു് ഇതു പ്രയോഗിക്കാനുള്ള കൈകൾ? (ആവേശത്തോടെ) അധിക്ഷിപ്തയാകുക! സിഗേർഡിനാൽ ആക്ഷേപിക്കപ്പെടുക! മററാരെക്കാളും എൻെറ വിദ്വേഷം അർഹിക്കുന്നതു് അയാളാണു്. അതു തീച്ച—അനതിദൂരെ ഭാവിയിൽ ഞാൻ......(ആലോചിച്ചിട്ടു്) അതേ. പക്ഷേ എവിടെ? എവിടെയുണ്ടു് ആ കൃത്യനിർവ്വഹണത്തിനു് കരുത്തുള്ള കൈകൾ?

(ഗണ്ണർ അഗാധമായ ചിന്തയിലാണ്ടു് നിശ്ശബ്ദം പുറകിൽക്കൂടെ പ്രവേശിക്കുന്നു)

ജോർഡിസ്സ്: (അല്പനേരം മൗനമായിരുന്നിട്ടു്) എന്താ! നാഥാ! എന്താണു് അങ്ങേയ്ക്കു വിശേഷിച്ചു്?

ഗണ്ണർ: ഒരു സുഖവുമില്ല. ജോർഡിസ്സ്! ഇന്നലത്തെ പ്രവൃത്തിയുടെ ഭാരം ഒഴിവാക്കാൻ എത്ര ശ്രമിച്ചിട്ടും എനിക്കു കഴിയുന്നില്ല. താങ്ങാനാവാത്ത ആ ചുമടിനടിയിൽ ഞാനമന്നുപോകുന്നു.

ജോർഡിസ്സ്: ഞാൻ ചെയ്യുംപോലെ ചെയ്യൂ; എന്തെങ്കിലും ജോലിയിലേർപ്പെടു.

ഗണ്ണർ: അതേ, അതു വേണം. (നിശ്ശബ്ദത. ഗണ്ണർ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. എന്നിട്ടു് അവൾ ചെയ്യുന്നതെന്താണെന്നു് സൂക്ഷിച്ചുനോക്കുന്നു. അവളെ സമീപിച്ചിട്ടു്) നീ അവിടെ എന്തു ചെയ്കയാണു്?

ജോർഡിസ്സ്: (മുഖമുയർത്തിനോക്കാതെ) കണ്ടുകൂടെ? വില്ലിനൊരു ഞാണുണ്ടാക്കുന്നു.

ഗണ്ണർ : ഒരു ഞാൺ ! നിൻെറ സ്വന്തം മുടികൊണ്ടോ ?

ജോർഡിസ്സ് : (ചിരിച്ചുകൊണ്ടു്) ഈയിടെയായി മണിക്കൂർ തോറും വലിയവലിയ സംഭവങ്ങൾ നടക്കുന്നു. അങ്ങു് എൻെറ വളർത്തുസഹോദരനെക്കൊന്നു. ഇന്നു രാവിലെ മുതൽ ഞാൻ ഇതു് പിരിച്ചുകൊണ്ടിരിക്കുകയാണു്.

ഗണ്ണർ : ജോർഡിസ്സ് ! ജോർഡിസ്സ് !

ജോർഡിസ്സ് : (മുഖമുയർത്തി നോക്കിയിട്ടു്) എന്താ കാര്യം ?

ഗണ്ണർ : കഴിഞ്ഞ രാത്രി നീ എവിടെയായിരുന്നു ?

ജോർഡിസ്സ് : ഇന്നലെ രാത്രിയോ ?

ഗണ്ണർ : നീ നിൻെറ കിടപ്പറയിലുണ്ടായിരുന്നില്ല.

ജോർഡിസ്സ് : അങ്ങതറിഞ്ഞോ ?

ഗണ്ണർ : ഇന്നലെ രാത്രിയിൽ എനിക്കുറങ്ങാൻ കഴിഞ്ഞില്ല. ഞാൻ അവിരാമമായി സ്വപ്നം കാണുകയായിരുന്നു—തൊറോൾഫിനു സംഭവിച്ചതൊക്കെ. അവനെൻെറ മുൻപിൽ നില്ക്കുകയാണെന്നു ഞാൻ വിശ്വസിച്ചു. ഒടുവിൽ ഞാനുണന്നു. അപ്പോൾ അസാധാരണവും മധുരവുമായ ഒരു ഗാനം വീട്ടിലെങ്ങും മുഴങ്ങിക്കേട്ടു. ഞാനെഴുന്നേററു. ഈ വാതലിൽക്കൂടെ ഒളിഞ്ഞുനോക്കി. അപ്പോൾ നീ ഇവിടെ നീലവും ചെമപ്പുമായ ജ്വാലകളോടുകൂടി എരിഞ്ഞുകൊണ്ടിരുന്ന അഗ്നികുണ്ഡത്തിനു സമീപം ഇരുന്നു് അമ്പുകൾക്കു് മൂർച്ച കൂട്ടുകയായിരുന്നു, മന്ത്രവാദിനിയുടെ ആഭിചാരമന്ത്രം പതുക്കെ ഉരുവിട്ടുകൊണ്ടു്.

ജോർഡിസ്സ് : അതു ചെയ്യേണ്ടതു് വളരെ ആവശ്യമായിരുന്നു. കാരണം, ഇന്നു പിളക്കേണ്ടതു് ഒരു കഠോരഹൃദയത്തെയാണു്.

ഗണ്ണർ : എനിക്കു നിന്റെ ഉദ്ദേശം നല്ലതുപോലെ മനസ്സിലായി. നിനക്കു സിഗേർഡ്ഢ് മരിക്കണം. അല്ലേ ?

ജോർഡിസ്സ് : ഹ്ഹം ! ഒരുപക്ഷേ ആയിരിക്കാം.

ഗണ്ണർ : എന്നാൽ നിൻെറ ആഗ്രഹം ഒരിക്കലും സാധിക്കാൻ പോകുന്നില്ല. നീ എന്നെ സിഗേർഡിനെതിരായി എത്ര കഠിനമായി പ്രേരിപ്പിച്ചാലും ശരി, ഞാൻ അദ്ദേഹത്തിന്റെ സുഹൃത്താണു്.

ജോർഡിസ്സ് : (പുഞ്ചിരിച്ചിട്ടു്) സത്യമാണോ ഇപ്പറയുന്നതു് ?

ഗണ്ണർ : തീർച്ചയായും.

ജോർഡിസ്സ് : (ഞാൺ ഗണ്ണറിന്റെ നേരേ നീട്ടിക്കാണിച്ചുകൊണ്ടു്) അങ്ങേയ്ക്കു് അതാ ആ കെട്ടഴിക്കാമോ ? പറയൂ.

ഗണ്ണർ : (ശ്രമിച്ചുനോക്കിയിട്ടു്) സാദ്ധ്യമല്ല. ഈ കെട്ടു് അത്ര മാത്രം സമത്ഥമായും ഭാഗിയായും കെട്ടിയിരിക്കുകയാണു്.

ജോർഡിസ്സ് : (എഴുന്നേറ്റിട്ടു്) വിധിദേവത നെയ്യുന്ന വല ഇതിനെക്കാൾ വളരെ മുറുക്കിക്കെട്ടിയതാണു്. അതഴിക്കാനുള്ള ശക്തി നിങ്ങൾക്കില്ല.

ഗണ്ണർ : സവ്വശക്തന്റെ കമ്മപദ്ധതികൾ അന്യാദൃശങ്ങളാണു്. നിനക്കോ എനിക്കോ അതെപ്പററി ഒന്നുംതന്നെ അറിഞ്ഞുകൂടാ.

ജോർഡിസ്സ് : ഒരു കാര്യം എനിക്കു നന്നായിട്ടറിയാം. സിഗേർഡ്ഡു് നമുക്കു രണ്ടുപേക്കും ആപത്തു വരുത്തിവയ്ക്കും.

(ഇടയ്ക്കൊരു നിശ്ശബ്ദത. ഗണ്ണർ ചിന്തയിൽ മുഴുകിനില്ക്കുന്നു. ജോർഡിസ്സ് മിണ്ടാതെ അയാളെ നോക്കിക്കൊണ്ടിരുന്നു)

ജോർഡിസ്സ് : അങ്ങെന്താണു് ആലോചിക്കുന്നതു് ?

ഗണ്ണർ : എനിക്കീയിടെ ഉണ്ടായ ഒരു സ്വപ്നത്തെപ്പററി. നീ ഉദ്ദേശിക്കുന്ന ആ കൃത്യം ഞാൻ ചെയ്തതായി സ്വപ്നം കണ്ടു. സിഗേർഡ്ഡു് തറയിൽ മരിച്ചുകിടക്കുന്നു. നീ മൃത്യുവിനെപ്പോലെ വിളറി അടുത്തു നില്ക്കുകയും. അപ്പോൾ ഞാൻ പറഞ്ഞു : "നിനക്കിപ്പോൾ സന്തോഷമായില്ലേ ? നീ നിന്റെ ആഗ്രഹംപോലെ ചെയ്തല്ലൊ." പക്ഷേ നീ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു. "സിഗേർഡ്ഡിൻെറ സ്ഥാനത്തു് ഗണ്ണർ ! നിങ്ങളാണു് മരിച്ചുകിടന്നിരുന്നതെങ്കിൽ എനിക്കു കൂടുതൽ സന്തോഷം തോന്നുമായിരുന്നു" എന്നു്.

ജോർഡിസ്സ് : (ഒരു കൃത്രിമച്ചിരിയോടെ) ഇത്ര അത്ഥമില്ലാത്ത ഒരു സ്വപ്നം അങ്ങയെ പിൻതിരിപ്പിക്കുമെങ്കിൽ, അങ്ങെന്നെ ശരിക്കു മനസ്സിലാക്കിയിട്ടില്ല.

ഗണ്ണർ : ഹാ ! ജോർഡിസ്സ് ! പറയൂ. നിനക്കിവിടെ സുഖമാണോ ?

ജോർഡിസ്സ് : സത്യം പറയട്ടെ, ഗണ്ണർ, ഈ ഗൃഹത്തിൽ എന്നെ ഞെക്കിഞെരുക്കിത്തറച്ചിരിക്കുന്നു എന്നു ചിലപ്പോൾ തോന്നാറുണ്ടു്.

ഗണ്ണർ : ഞാൻ വിചാരിച്ചതുപോലെതന്നെ. നമ്മിലൊരാൾ ഇവിടെ അധികപ്പററാണു്,

ജോർഡിസ്സ് : ഒരുപക്ഷേ രണ്ടുപേരും.

ഗണ്ണർ : (അവൾ ഒടുവിൽ പറഞ്ഞതു കേൾക്കാതെ) അതിനു മാറ്റമുണ്ടാക്കാം.

ജോർഡിസ്സ് : (ചോദ്യഭാവത്തിൽ അയാളുടെനേരെ നോക്കിയിട്ട്) മാറ്റമുണ്ടാക്കാമെന്നോ ? ഇപ്പറഞ്ഞതു്......?

ഗണ്ണർ : എൻെറ കപ്പൽ സജ്ജമാക്കി ഇവിടെനിന്നും പൊയ്ക്കളയാമെന്നാണ് ഞാൻ വിചാരിക്കുന്നതു്. നീ എനിക്കു് മറ്റെന്തിനെക്കാളും പ്രിയപ്പെട്ടവളായിരുന്നതുനിമിത്തം എനിക്കു നഷ്ടപ്പെട്ട അഭിമാനം വീണ്ടെടുക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

ജോർഡിസ്സ് : (വ്യാകുലമായ ചിന്തയോടെ) അങ്ങു് പോവുകയാണെന്നോ ? അതേ, ചിലപ്പോൾ നമുക്കു രണ്ടാൾക്കും അതു നല്ലതായിരിക്കും.

ഗണ്ണർ : ഐസ്‌ലണ്ടിൽനിന്നും നാം തിരിച്ച അന്നുമുതൽക്കു് എനിക്കു തോന്നിയതാണ് നമുക്കു രണ്ടാൾക്കും സന്തുഷ്ടിയോടെ ഒരു വീട്ടിൽക്കഴിയാൻ സാധിക്കയില്ലെന്നു്. നീ ഗർവ്വിഷ്ഠയും തന്റേടക്കാരിയുമാണ്. എനിക്കു നിന്നെ ഭയം തോന്നുന്ന അവസരങ്ങളുണ്ടു്. വിചിത്രമെന്നേ പറയേണ്ടു, ആ ഭയമാണ് നിന്നെ കൂടുതൽ കൂടുതൽ സ്നേഹിക്കാൻ എന്നെ പ്രേരിപ്പിക്കുന്നതു്. നിനക്കെൻെറമേൽ എന്തോ ഒരു മാന്ത്രികശക്തിയുണ്ടു്. നിനക്കു വേണമെങ്കിൽ എന്നെക്കൊണ്ടു് ഏതു നീചകൃത്യവും ചെയ്യിക്കാം. നീ ആജ്ഞാപിക്കുന്നതെല്ലാം നല്ലതാണെന്നു് എനിക്കു തോന്നിപ്പോകും. (പതുക്കെ തലകുലുക്കിക്കൊണ്ടു്) നിയതിയുടെ നിയമങ്ങൾ അപരിജ്ഞേയങ്ങളാണ്......സിഗേർഡു് ആയിരിക്കണമായിരുന്നു നിൻെറ ഭർത്താവു്.

ജോർഡിസ്സ് : (നിലവിളിയോടെ) സിഗേർഡു് !

ഗണ്ണർ : അതേ സിഗേർഡു് ! പ്രതികാരവും വെറുപ്പും നിന്നെ അന്ധയാക്കിയിരുന്നില്ലെങ്കിൽ അദ്ദേഹത്തിൻെറ മഹത്വം നീ കുറെക്കൂടി ശരിക്കു മനസ്സിലാക്കുമായിരുന്നു. ഞാൻ സിഗേർഡിനെപ്പോലെ ആയിരുന്നെങ്കിൽ നിൻെറ ജീവിതം ആനന്ദപൂർണ്ണമാക്കാൻ എനിക്കു കഴിയുമായിരുന്നു.

ജോർഡിസ്സ് : (അഗാധവികാരം അടക്കിക്കൊണ്ടു്) സിഗേർഡിനു് അതു കഴിയുമായിരുന്നു എന്നാണോ അങ്ങു് പറയുന്നതു് ?

ഗണ്ണർ: അദ്ദേഹത്തിനു് ഒരു ഉറച്ച ഹൃദയമുണ്ടു്. നിനക്കു് ഇത്ര അഭിമാനബോധവും.

ജോർഡിസ്സ്: (ഉഗ്രമായ ആവേശത്തോടെ) അങ്ങനെയാണെങ്കിൽ...... (സ്വയം നിയന്ത്രിക്കുന്നു) സാരമില്ല. പോകട്ടെ...... (ഉറക്കെ) ഗണ്ണർ, സിഗേർഡിനെ വധിക്കു.

ഗണ്ണർ: ഒരിക്കലും ഇല്ല.

ജോർഡിസ്സ: ചതിവും സൂത്രവും പ്രയോഗിച്ചല്ലേ നിങ്ങളെന്നെ ഭാര്യയാക്കിയതു്. അതെല്ലാം ഞാൻ വിസ്മരിച്ചേയ്ക്കാം. വിരസമായ അഞ്ചു വർഷം ഞാനിവിടെ കഴിച്ചു—അതും മറക്കാം. സിഗേർഡു് മരിക്കുന്ന ആ സുദിനം പുലരുമെങ്കിൽ.

ഗണ്ണർ: എന്റെ കൈയ്യുകൊണ്ടു് അദ്ദേഹത്തിനു് യാതൊരാപത്തും സംഭവിക്കുകയില്ല. (അറിയാതെ പുറകോട്ടു മാറിയിട്ടു്) ജോർഡിസ്സ്! ജോർഡിസ്സ്! നിനക്കെന്നെ അതിനു പ്രേരിപ്പിക്കാൻ സാദ്ധ്യമല്ല.

ജോർഡിസ്സ്: അപ്പോൾ എനിക്കു പ്രതികാരത്തിനു് വേറെ ആളിനെ കണ്ടുപിടിക്കണം. സിഗേർഡു് ഇനിയും ഒരിക്കലും എന്റേയും അങ്ങയുടേയുംമേൽ അധിക്ഷേപങ്ങൾ ചൊരിയരുതു്. (ഞെട്ടിവിറച്ചുകൊണ്ടു മുഷ്ടി ചുരുട്ടുന്നു) ഒരുപക്ഷേ അയാളിപ്പോൾ അവളുടെ അടുത്തു തനിച്ചിരിക്കയായിരിക്കും. ആ മറയിപ്പെണ്ണിന്റെ സമീപം—നർമ്മസല്ലാപവും ചെയ്തു് നമ്മെ ആക്ഷേപിച്ചുകൊണ്ടു്; ആൾമാറാട്ടമായി വന്നു് എന്നെ അപഹരിച്ചു് നിങ്ങൾക്കു തന്നു് എന്നെ അപമാനിച്ച കഥയെപ്പററി വീണ്ടുംവീണ്ടും ആവർത്തിച്ചുകൊണ്ടു്. ആ ഇരുട്ടിൽ എന്റെ മുറിയിൽ ആളറിയിക്കാതെ കടന്നുവന്ന കൗശലത്തിൽ ചിരിച്ചു് എന്നെ വഞ്ചിച്ച കഥ വിസ്തരിച്ചുകൊണ്ടു്.

ഗണ്ണർ: ഒരിക്കലും അദ്ദേഹം അങ്ങനെ ചെയ്യുകയില്ല. ഒരിക്കലും!

ജോർഡിസ്സ്: (വീറോടെ) സിഗേർഡും ഡാഗ്നിയും മരിക്കണം. അവർ രണ്ടാളും മരിക്കുന്നതുവരെ എനിക്കു സ്വാതന്ത്ര്യമായി ശ്വസിക്കാൻപോലും സാദ്ധ്യമല്ല. (തിളങ്ങുന്ന കണ്ണുകളോടുകൂടി അയാളെ സമീപിച്ചു വികാരവായ്പോടെ മന്ത്രിക്കുന്നു) ഗണ്ണർ! നിങ്ങൾക്കതിനു് എന്നെ സഹായിക്കാമെങ്കിൽ—എങ്കിൽ ഞാൻ നിങ്ങളുമൊത്തു് സ്നേഹമായി താമസിച്ചുകൊള്ളാം. നിങ്ങൾ സ്വപ്നത്തിൽപോലും അനുഭവിച്ചിട്ടില്ലാത്ത വികാരതീക്ഷ്ണമായ ആലിംഗനാദികളാൽ നിങ്ങളെ ഞാൻ ആനന്ദിപ്പിക്കാം.

ഗണ്ണർ: (ചഞ്ചലനായി) ജോർഡിസ്സ്! നീ എന്നെ—

ജോർഡിസ്സ് : ആ കൃത്യത്തിനു നിങ്ങൾ മുതിരൂ. ഗണ്ണർ! എന്നാൽപിന്നെ ജീവിതത്തിൽ ദുഃഖപൂർണ്ണമായ ദിവസങ്ങൾ നിങ്ങൾ കാണുകയില്ല. മേലാൽ നിങ്ങൾ മുറിയിൽ കടന്നു വരുമ്പോൾ ഞാൻ ഇറങ്ങിപ്പോകയില്ല. ക്രൂരമായ ഒരു വാക്കു പോലും പറകയില്ല. നിങ്ങൾ ആനന്ദംകൊണ്ടു് പുഞ്ചിരിക്കുമ്പോൾ നിന്ദപറഞ്ഞു് നിങ്ങളുടെ ഉത്സാഹത്തെക്കെടുത്തുകയില്ല. ഞാൻ പട്ടും ആഭരണങ്ങളുമണിഞ്ഞു മോടിയായി നടക്കാം. നിങ്ങൾ യുദ്ധത്തിനു പോകുമ്പോൾ ഞാൻ പിൻതുടരാം. നിങ്ങളുടെ സമാധാനയാത്രകളിൽ ഞാനുമൊപ്പം സവാരി ചെയ്യാം. സല്ക്കാരവേളകളിൽ ഞാൻ നിങ്ങളുടെ അരികിലിരുന്നു് പാനപാത്രം പകന്നുതരികയും നിങ്ങളുടെ ആരോഗ്യത്തിനുവേണ്ടി കുടിക്കയും മനോഹരങ്ങളായ ഗാനങ്ങൾ പാടി നിങ്ങളെ ആനന്ദിപ്പിക്കയും ചെയ്യാം.

ഗണ്ണർ : (മിക്കവാറും കീഴടക്കപ്പെട്ടവനായി) സത്യമാണോ ? നീ......

ജോർഡിസ്സ് : അതിലപ്പുറവും ഞാൻ ചെയ്യാം. നൂറു മടങ്ങു് കൂടുതൽ. ഇതാ ഞാൻ സത്യം ചെയ്യുന്നു. എനിക്കുവേണ്ടി പ്രതികാരം ചെയ്താൽ മാത്രം മതി. സിഗേർഡിന്റെയും ഡാഗ്നിയുടെയും നേർക്കുള്ള പ്രതികാരം! അതിനുശേഷം ഞാൻ...... (കതകു തുറക്കുന്നതു കണ്ടു് നിൽത്തുന്നു) ആരു്. ഡാഗ്നിയോ ?

ഡാഗ്നി : (പുറകിൽനിന്നു്) ഗണ്ണർ! വേഗമാകട്ടെ. ആളുകളെ വിളിച്ചു് ആയുധമെടുത്തു് തയ്യാറാകാൻ പറയൂ.

ഗണ്ണർ : ആയുധം ധരിക്കാനോ ? എന്തിനു് ?

ഡാഗ്നി : കാറേ കുറെ നിയമഭഞ്ജകരുമൊത്തു വരുന്നുണ്ടു് നിങ്ങളെ അപായപ്പെടുത്താൻ. സിഗേർഡു് തല്ക്കാലത്തേയ്ക്കു് അയാളെ തടഞ്ഞിരിക്കുകയാണു്. പക്ഷേ ആക്കറിയാം...

ഗണ്ണർ : (പ്രത്യക്ഷത്തിൽ വികാരാധീനനായി) സിഗേർഡു് എനിക്കുവേണ്ടി അതും ചെയ്തിരിക്കുന്നു.

ഡാഗ്നി : സിഗേർഡു് നിങ്ങളുടെ ഒരു വിശ്വസ്തമിത്രമാണു്.

ഗണ്ണർ : ജോർഡിസ്സ്! നമ്മളോ—നമ്മളെന്താണു് ആലോചിച്ചുകൊണ്ടിരുന്നതു് ?—ഞാൻ പറഞ്ഞതു സത്യമാണു്. നിന്റെ ഓരോ വാക്കിലും മാന്ത്രികശക്തിയുണ്ടു്. നീ നിർബ്ബന്ധിക്കുമ്പോൾ ഏതു നീചകൃത്യവും നീതീകരിക്കാവുന്നതാണെന്നു് എനിക്കു തോന്നിപ്പോകും.

ഡാഗ്നി : (വിസ്മയത്തോടെ) നിങ്ങൾ പറയുന്നതിന്റെ അർത്ഥമെന്താണു് ?

ഗണ്ണർ: ഓ. ഒന്നുമില്ല. മുന്നറിയിപ്പിന്നു നന്ദി. ഞാൻ എന്റെ ആൾക്കാരെ ശേഖരിക്കാൻ പോകുന്നു. (വാതുക്കലേയ്ക്കു് അല്പം നടന്നിട്ട തിരിച്ചുവരുന്നു) എന്നോട്ട പറയൂ. ഓർണൾഫിൻെറ സ്ഥിതി എങ്ങനെ ?

ഡാഗ്നി: (തലകുനിച്ചിട്ടു്) അതുമാത്രം ചോദിക്കരുതു്. കഴിഞ്ഞ രാത്രി അദ്ദേഹം തൊറോൾഫിൻെറ ജഡം കപ്പലിലേയ്ക്കു് എടുത്തുകൊണ്ടു പോയി. ഇപ്പോൾ പുത്രന്മാരെ അടക്കാൻ കടൽക്കര ഒരു ശവക്കുഴി തോണ്ടുകയാണു്. (ഗണ്ണർ നിശ്ശബ്ദനായിപ്പോകുന്നു) സന്ധ്യയ്ക്കു മുൻപു് ആപത്തൊന്നും വരാനില്ല. (ജോർഡിസ്സിനെ സമീപിക്കുന്നു) ജോർഡിസ്സ്! എനിക്കീവീട്ടിൽ ഒരു കാര്യംകൂടി ചെയ്തുതീക്കാനുണ്ടു്. നിന്നെ ആയിരുന്നു ഞാനന്വേഷിച്ചതു്.

ജോർഡിസ്സ്: എന്നെയോ ? ഇന്നലത്തെ സംഭവത്തിനു ശേഷവും ?

ഡാഗ്നി: അതേ. അതുകൊണ്ടുതന്നെ. ജോർഡിസ്സ്! എന്റെ പ്രിയ സോദരി! നീ എന്നെ വെറുക്കരുതു്. വ്യസനവും ദുഷ്ടമായ ഒരു പ്രേരണയുംകൊണ്ടു് ഞാൻ പറഞ്ഞുപോയതെല്ലാം നീ മറക്കണം. ഞാൻ നിന്നോട്ട ചെയ്ത തെററുകൾ നീ ക്ഷമിക്കണം. എന്തെന്നാൽ നീ എന്നെ വിശ്വസിക്കൂ. ഞാനിപ്പോൾ നിന്നെക്കാൾ പത്തിരട്ടി മനോവിഷമം അനുഭവിക്കുന്നുണ്ടു്.

ജോർഡിസ്സ്: മനോവിഷമമോ ? നിനക്കോ ? സിഗേർഡിന്റെ ഭാര്യയ്ക്കോ ?

ഡാഗ്നി: സംഭവിച്ചതിനെല്ലാം എന്നെയാണു പഴിക്കേണ്ടതു്. ഇവിടെ ഉണ്ടായ ശണ്ഠ, തൊറോൾഫിൻെറ മരണം, ഗണ്ണറും നീയും സഹിക്കേണ്ടിവന്ന നാണക്കേടുകൾ, ഇതിനെല്ലാം. എല്ലാം എൻെറ തെററുതന്നെ. കഷ്ടം! കഷ്ടം! ഞാൻ എത്രമാത്രം സന്തുഷ്ടയായിരുന്നു. എന്നാൽ സന്തോഷമെന്നതു് ഞാനിനി ഒരിക്കലും അനുഭവിക്കയില്ല.

ജോർഡിസ്സ്: (ഏതോ പെട്ടെന്നു് ഒരു പുതിയ ചിന്ത ഉദിച്ചതുപോലെ) ഇതിനുമുൻപു് ഈ നീണ്ട അഞ്ചു വഷക്കാലം നീ തികച്ചും സന്തോഷവതിയായിരുന്നോ ?

ഡാഗ്നി: അതേപ്പററി നീ സംശയിക്കുന്നോ ?

ജോർഡിസ്സ്: ഹും. ഇന്നലെവരെ എനിക്കു സംശയമുണ്ടായിരുന്നില്ല. പക്ഷേ......

ഡാഗ്നി: നീ എന്താണീപ്പറയുന്നതു് ?

ജോർഡിസ്സ്: ഓ. വളരെയൊന്നുമില്ല. നമുക്ക് മററു വല്ലതിനെപ്പററി സംസാരിക്കാം.

ഡാഗ്നി: വേണ്ട. ജോർഡിസ്സ്! എന്നോടു പറയു.

ജോർഡിസ്സ്: നീ അതറിയുന്നതുകൊണ്ടു് പ്രത്യേക ഗുണമൊന്നും വരാനില്ല. എന്നാലും നിന്റെ ആഗ്രഹമതാണെങ്കിൽ—(പകനിറഞ്ഞ ഭാവത്തോടെ) നീ ഓക്കുന്നില്ലേ, അന്നൊരിക്കൽ ഐസ്‌ലണ്ടിൽവച്ചു് നാം രണ്ടാളും ഓർണൾഫിന്റെ കൂടെ 'തിങ്' സമ്മേളനത്തിനു പോയതു്? നമ്മൾ കൂട്ടകാരുമൊത്തു് കൗൺസിൽമന്ദിരത്തിലിരിക്കുമ്പോൾ രണ്ടു് അപരിചിതർ അവിടെ കടന്നുവന്നില്ലേ?

ഡാഗ്നി: അതേ, സിഗേർഡും ഗുണ്ണറും.

ജോർഡിസ്സ്: അവർ ആദരവോടെ നമ്മെ അഭിവാദനം ചെയ്തിട്ടു് വളരെ നേരം നമ്മുടെ അടുത്തിരുന്നു് നേരംപോക്കുകൾ പറഞ്ഞില്ലേ? കൂട്ടത്തിൽ ആരോ അപ്പോൾ ചോദിച്ചു "ഈ പടയാളികൾ ഐസ്‌ലണ്ടിൽ വന്നിരിക്കുന്നതു മനസ്സിനിണങ്ങിയ ഭാര്യമാരെ കണ്ടുപിടിക്കാനല്ലേയെന്നു്." അപ്പോൾ സിഗേർഡു് പറഞ്ഞു: "എൻെറ ഹൃദയം അലിഞ്ഞുചേരുന്ന ഒരു സ്ത്രീയെ കണ്ടെത്തുക പ്രയാസമായിരിക്കും" എന്നു്. ഉടനെ ഓർണൾഫ് ചിരിച്ചുകൊണ്ടു്, "ഐസ്‌ലണ്ടിൽ അഭിജാതരോ സമ്പന്നരോ ആയ യുവതികൾക്കു് ഒരു ക്ഷാമവുമില്ലെന്നു്" പറഞ്ഞു. അതിനു സിഗേർഡിന്റെ മറുപടി ഇങ്ങനെ ആയിരുന്നു. "ഒരു വീരനു് ആത്മമഹത്വമുള്ള ഒരു ഭാര്യയെയാണു് ആവശ്യം. ഞാൻ തിരഞ്ഞെടുക്കുന്നവൾ ഒരു വെറും സാധാരണ സ്ത്രീയുടെ പദവികൊണ്ടു തൃപ്തിപ്പെടുന്നവളായിരിക്കരുതു്. അവൾക്കും ശ്രേയസ്സിലും മാന്യതയിലുമുള്ള ആഗ്രഹം അപരിമിതമായിരിക്കണം. സാഹസികയാത്രയ്ക്കും കടൽക്കൊള്ളയ്ക്കും ഞാൻ പുറപ്പെടുമ്പോൾ എന്നെ അനുഗമിക്കാൻ അവൾ സന്നദ്ധയായിരിക്കണം. പടച്ചട്ടയുമണിഞ്ഞു് പോർക്കളത്തിൽ വന്നു് എനിക്കു പ്രചോദനം നല്കണം. വാൾപ്പയററിലെ മിന്നൽപ്രഭ കണ്ണഞ്ചാതെ നോക്കിനില്ക്കാനുള്ള കഴിവു് അവൾക്കുണ്ടായിരിക്കണം. എന്തെന്നാൽ അവൾ ഒരു ഭീരുവാണെങ്കിൽ അത്രയ്ക്കു കുറച്ചേ പ്രശസ്തി എനിക്കു കൈവരികയുള്ളൂ." സിഗേർഡു് ഇങ്ങനെയൊക്കെ പറഞ്ഞതു ശരിയല്ലേ?

ഡാഗ്നി: (അസ്വാസ്ഥ്യത്തോടെ) അതേ. അദ്ദേഹം അങ്ങനെ പറഞ്ഞു. പക്ഷേ......

ജോർഡിസ്സ്: അത്തരത്തിലുള്ള ഒരു സ്ത്രീ ആയിരുന്നാലേ അദ്ദേഹത്തിൻെറ ജീവിതം ആനന്ദപൂർണ്ണമാക്കാൻ അവൾക്കു സാ

O32,6 K2

ധിക്കു. എന്നിട്ടോ— (പുച്ഛഭാവത്തിൽ മന്ദഹസിച്ചിട്ട്) അദ്ദേഹം നിന്നെയാണു തിരഞ്ഞെടുത്തതു്.

ഡാഗ്നി: (ഞെട്ടിയിട്ട് ഖേദപൂർവ്വം) ഹാ! നീ പറയുന്നതു്—

ജോർഡിസ്സ്: അതേ, ആ കാരണംകൊണ്ടു് നീ സ്വയം ഞെളിയാനും അഹങ്കരിക്കാനും തുടങ്ങി. മാത്രമല്ല, സകലരിൽനിന്നും ആരാധന ആവശ്യപ്പെടാനും. അങ്ങനെ നിന്നിൽകൂടി സിഗേർഡ്ഡ് ബഹുമാനിക്കപ്പെടണമെന്നു് നീ ആഗ്രഹിച്ചു. എന്താ ശരിയല്ലേ?

ഡാഗ്നി: അല്ല ജോർഡിസ്സ്. പക്ഷേ......

ജോർഡിസ്സ്: സംശയമില്ല, നീ അദ്ദേഹത്തിനു് ധീരസാഹസകൃത്യങ്ങൾ ചെയ്യാൻ പ്രചോദനം നൽകിയിട്ടുണ്ടു്. യുദ്ധക്കളത്തിലേയ്ക്കു് നീ അദ്ദേഹത്തെ അനുഗമിച്ചിട്ടുണ്ടു്. സമരത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ അദ്ദേഹത്തോടൊപ്പം ആനന്ദിച്ചിട്ടുമുണ്ടു്. ഇല്ലേ?

ഡാഗ്നി: (പാരവശ്യത്തോടെ) ഇല്ല. ഇല്ല.

ജോർഡിസ്സ്: അപ്പോൾ നീ സിഗേർഡിനു് അപമാനം വരുത്തിവെയ്ക്കുന്ന ഒരു ഭീരുവാണു്. അല്ലേ?

ഡാഗ്നി: (പരാജയഭാവത്തിൽ) ജോർഡിസ്സ്! ജോർഡിസ്സ്!

ജോർഡിസ്സ്: (അവജ്ഞയോടെ മന്ദഹസിച്ചിട്ട്) എന്നിട്ടും നീ ഇക്കാലമത്രയും സന്തോഷവതിയായിരുന്നു! എന്നാൽ നിനക്കു തോന്നുന്നുണ്ടോ സിഗേർഡിനു് അങ്ങനെ പറയാൻ സാധിക്കുമെന്നു്?

ഡാഗ്നി: എന്നെ വെറുതെ വിട്ടേയ്ക്കു. ഹാ! നീ എനിക്കു ശരിക്കു് എന്നെ കാട്ടിത്തന്നു.

ജോർഡിസ്സ്: നേരംപോക്കിനു് എന്തെങ്കിലും ഒരു വാക്കുരിയാടിയാൽ മതി. അപ്പോഴേയ്ക്കും കരച്ചിലായി. പിഴിച്ചിലായി. അതേപ്പററി കൂട്ടതലായി ഒന്നും ചിന്തിക്കണ്ടാ. നോക്കു്. ഞാനിന്നു് എന്താ ചെയ്യുന്നതെന്നു്. (മേശപ്പുറത്തുനിന്നും കുറെ അമ്പുകൾ എടുക്കുന്നു) അമ്പുകളുടെ മുനകൾക്കു് എത്ര മൂർച്ചയെന്നു നോക്കു. എനിക്കറിഞ്ഞുകൂടെ അമ്പിനു മൂർച്ച കൂട്ടാൻ?

ഡാഗ്നി: അവയെ ഉപയോഗിക്കേണ്ടതു് എങ്ങനെയെന്നും. ജോർഡിസ്സ്! നിനക്കു നല്ല വശമുണ്ടു് മർമ്മത്തടിക്കാൻ! നീ ഇപ്പോൾ എന്നോടു പറഞ്ഞതൊന്നും ഞാനിതിനുമുൻപു് ആലോചിച്ചിട്ടേ ഇല്ല. (കുറെക്കൂടെ ധൈര്യപൂർവ്വം) എന്നാ

MADRAS UNIVERSITY LIBRARY 8 MAR 2003 005

ല്ലും ഈ കാലമത്രയും ഞാൻ സിഗേർഡിന്റെ ജീവിതം അസന്തുഷ്ടവും അപമാനകരവുമാക്കി എന്നു പറയുക, ഒരിക്കല്ലും ശരിയല്ല.

ജോർഡിസ്സ് : സാരമില്ല. സമാധാനപ്പെട്ടു. അങ്ങനെ ആരും പറകയില്ല. സിഗേർഡിന്റെ മനോഭാവം ഇപ്പോഴും അന്നത്തെപ്പോലെയാണെങ്കിൽ, തീച്ച്യയായും ഇതു പരമാത്മമാവാം. അന്നു് അദ്ദേഹത്തിന്റെ ആശയും ലക്ഷ്യവും നാട്ടിലെ ഏററവും പ്രശസ്തനായ മനുഷ്യനാകണമെന്നായിരുന്നു. എന്നാൽ ഇപ്പോൾ അതിൽ കുറഞ്ഞ ഒരു പദവികൊണ്ടു് അദ്ദേഹം തൃപ്തനാണു്.

ഡാഗ്നി : അല്ല ജോർഡിസ്സ്! സിഗേർഡിന്റെ മനസ്സ് ഇപ്പോഴും ആഗ്രഹിക്കുന്നതു് അങ്ങേയററത്തെ മഹത്വത്തിൽ എത്തണമെന്നാണു്. എനിക്കു നല്ലപോലെ ബോദ്ധ്യമായി, ഞാൻ അദ്ദേഹത്തിനു് അനുയോജ്യയായ ഒരു ഭാര്യ അല്ലെന്നു്. അദ്ദേഹം അതു് എന്നിൽനിന്നു മറച്ചുയായിരുന്നു. ഇനിയും അതു പാടില്ല.

ജോർഡിസ്സ് : നീ എന്തുചെയ്യാൻ ഉദ്ദേശിക്കുന്നു ?

ഡാഗ്നി : മേലാൽ ഞാൻ അദ്ദേഹത്തിനു് ഒരു ഭാരവും തടസ്സവുമായി നില്ക്കാൻ ഉദ്ദേശിക്കുന്നില്ല.

ജോർഡിസ്സ് : നീ വിചാരിക്കയാണോ ?

ഡാഗ്നി : ആരോ വരുന്നു. മിണ്ടാതിരിക്കൂ. (മുറിയുടെ പിന്നിൽനിന്നു് ഒരു പരിചാരകൻ പ്രവേശിക്കുന്നു)

പരിചാരകൻ : വീരനായ സിഗേർഡു് വരുന്നുണ്ടു്.

ജോർഡിസ്സ് : സിഗേർഡോ! എന്നാൽ ഗുണ്ണറിനെ വിളിക്കൂ.

പരിചാരകൻ : അദ്ദേഹം ആൾ ശേഖരിക്കാൻ വെളിയിൽ പോയിരിക്കയാണു്. കാറേയും കൂട്ടരും വരുന്നുണ്ടത്രേ......

ജോർഡിസ്സ്: അതേ. അതേ. എനിക്കറിയാം. നിനക്കു പോകാം. (പരിചാരകൻ പോകുന്നു. ജോർഡിസ്സ് പോകാനൊരുങ്ങുന്ന ഡാഗ്നിയുടെനേരെ തിരിഞ്ഞു്) നീ എവിടെപ്പോകുന്നു ?

ഡാഗ്നി : വെളിയിൽ. സിഗേർഡിനെ കാണാതിരിക്കാൻ വേണ്ടി. ഇതിന്റെ ഏകപരിഹാരം ഞങ്ങൾതമ്മിൽ പിരിയുകയാണു്. അതെനിക്കു നല്ലതുപോലെ ബോദ്ധ്യമായി. ഇപ്പോൾ ഞാൻ അദ്ദേഹത്തെക്കാണുക! ഇല്ല! ഇല്ല, എനിക്കു സാദ്ധ്യമല്ല. (ഇടതുവശത്തുകൂടി പോകുന്നു)

ജോർഡിസ്സ് : (ഡാഗ്നി പോയ വഴിയെ ഒരു നിമിഷം നിശ്ശബ്ദമായി നോക്കിയിരുന്നിട്ട്) ഈ സാധുവിനെയാണ് ഞാൻ— (ഞാണിന്മേൽ നോക്കിക്കൊണ്ടു് ആലോചന തുടരുന്നു) അതു് ഒരു നിസ്സാരമായ പകവീട്ടലേ ആകുമായിരുന്നുള്ളു. അതു പാടില്ല. ഇപ്പോഴത്തെ വെട്ടു് കുറെക്കൂടെ ആഴത്തിൽ കൊണ്ടിട്ടുണ്ടു്. മരിക്കുക പ്രയാസമാണു്. എന്നാൽ ചിലപ്പോൾ മരിക്കാതിരിക്കുന്നതു് അതിലും പ്രയാസമാണു്. (സിഗേർഡ്സ് പുറകിൽക്കൂടെ പ്രവേശിക്കുന്നു) അങ്ങു് ഗണ്ണറെ അന്വേഷിക്കുകയായിരിക്കും. ഇരിക്കണം. അദ്ദേഹം ഉടനെ വരും. (പോകാൻ ഭാവിക്കുന്നു)

സിഗേർഡ്സ് : പോകണ്ടാ. നിൽക്കൂ. നിങ്ങളെയാണു് ഞാനന്വേഷിച്ചതു്. ഗണ്ണറെയല്ല.

ജോർഡിസ്സ് : എന്നെയോ ?

സിഗേർഡ്സ് : നിങ്ങളെ തനിച്ചു കണ്ടതു് നന്നായി.

ജോർഡിസ്സ് : എന്നെ അധിക്ഷേപിക്കാനാണു വന്നിരിക്കുന്നതെങ്കിൽ, ഈ മുറി നിറയെ ആളുകളുണ്ടായാലും അതെനിക്കൊരു രക്ഷയായിരിക്കയില്ല.

സിഗേർഡ്സ് : ഹാ ! എന്നെപ്പററി നിങ്ങളുടെ ധാരണ എന്തെന്നു് എനിക്കു നല്ലതുപോലെ അറിയാം.

ജോർഡിസ്സ് : (കർക്കശമായി) ഒരു പക്ഷേ അങ്ങയോടു് അനീതി പ്രവർത്തിക്കുകയായിരിക്കാം. അല്ല, അല്ല, സിഗേർഡ്സ്. അങ്ങു് എൻെറ ജീവിതം മുഴുവൻ വിഷമയമാക്കി. നീചമായ വിധത്തിൽ സൂത്രം പ്രയോഗിച്ചു് എന്നെ വഞ്ചിച്ചതു് അങ്ങാണെന്നോർക്കണം. എന്റെ മുറിയിൽ എന്റെ അടുത്തിരുന്നു പ്രേമത്തെപ്പററി പറഞ്ഞു് എന്നെ കബളിപ്പിച്ചതും. ആ സമയമത്രയും അകമേ ചിരിച്ചുകൊണ്ടു് അങ്ങു് എന്നെ ഗണ്ണറിനു വലിച്ചെറിഞ്ഞുകൊടുത്തു. എനിക്കത്രയേ യോഗ്യതയുള്ളു എന്നു കണ്ടിട്ടു്. എന്നിട്ടു് അങ്ങു് സ്നേഹിക്കുന്ന സ്ത്രീയുമായി ഐസ്ലണ്ടിൽനിന്നു കപ്പൽ കയറുകയുംചെയ്തു.

സിഗേർഡ്സ് : മനുഷ്യർക്കു് ഇച്ഛാശക്തികൊണ്ടു് സാധിക്കാവുന്നതു് പലതുമുണ്ടു്. എന്നാൽ പ്രധാനസംഭവങ്ങൾ നിയന്ത്രിക്കുന്നതു് നിയതിയാണു്. നമ്മളെ സംബന്ധിച്ചും അങ്ങനെയാണു നടന്നതു്.

ജോർഡിസ്സ് : വളരെ ശരി. നിർദ്ദയരായ വിധിദേവതകളാണു് ഈ ലോകം ഭരിക്കുന്നതു്. എന്നാൽ അവരുടെ ശക്തി നിസ്സാരമായിരിക്കും നമ്മുടെ ഹൃദയം അവരുടെ ഇംഗിതമനുസ്സരിച്ചു് സ്പന്ദിക്കാതിരിക്കുമെങ്കിൽ. വിധിദേവതകളെ വ

കവെയ്ക്കാത്ത പ്രബലവ്യക്തികൾക്കുള്ളതാണു് സൗഭാഗ്യം. ഞാൻ അങ്ങനെ പ്രവർത്തിക്കാൻ നിശ്ചയിച്ചുകഴിഞ്ഞു.

സിഗേർഡ്ഡ് : എന്താണിപ്പറഞ്ഞതിൻെറ അർത്ഥം ?

ജോർഡിസ്സ് : വിധിദേവതകളുമായി ഒരു ബലപരീക്ഷ നടത്താൻ ഞാൻ തീരുമാനിച്ചു. എണ്ണത്തിൽ അവർ കൂട്ടതലാണെങ്കിലും. അതു പോകട്ടെ. എനിക്കിന്നു പിടിപ്പതു ജോലിയുണ്ടു്. (മേശയ്ക്കു സമീപം ഇരിക്കുന്നു)

സിഗേർഡ്ഡ് : (അല്പനേരത്തെ വിരാമത്തിനുശേഷം) നിങ്ങൾ ഗണ്ണറിനു് നല്ല ആയുധങ്ങൾ ഉണ്ടാക്കുന്നല്ലോ.

ജോർഡിസ്സ് : ഗണ്ണറിനല്ല. നിങ്ങളുടെ നേരെ പ്രയോഗിക്കാനാണു്.

സിഗേർഡ്ഡ് : രണ്ടും ഒന്നുതന്നെല്ലൊ.

ജോർഡിസ്സ് : അങ്ങനെ ആയിരിക്കാം. എന്തെന്നാൽ ഞാൻ വിധിദേവതകളെപ്പോലെ ആയാൽ പിന്നെ നിങ്ങളും ഗണ്ണറും എപ്പോഴായാലും......(നിർത്തുന്നു. മേശയിലേയ്ക്കു് ചാരിക്കൊണ്ടു് മന്ദസ്മിതത്തോടെ സിഗേർഡിനെ നോക്കിയിട്ടു് മാററിയ സ്വരത്തിൽ തുടരുന്നു) "ചിലപ്പോൾ ഞാൻ എന്തൊക്കെ ആലോചിച്ചുപോകുന്നു എന്നു് നിങ്ങൾക്കറിയാമോ ? സങ്കല്പരംഗങ്ങൾ ഭാവന ചെയ്യാൻ എനിക്കു ബഹുകൗതുകമാണു്. ആ വേളകളിൽ ഞാൻ കണ്ണുമടച്ചിരുന്നു ചിന്തിക്കും. ഇതാ ഇപ്പോൾ ധീരനായ സിഗേർഡ്ഡ് ഞങ്ങളുടെ തീരത്തെത്തിയിരിക്കുന്നു. അദ്ദേഹം ഞങ്ങളെ അകത്തിട്ടു വീട്ടു് തീ വയ്ക്കുമെന്നു് ഭീഷണിപ്പെടുത്തുന്നു. ഗണ്ണറുടെ ആളുകളെല്ലാം കൊല്ലപ്പെട്ടു. ഞാനും ഗണ്ണറും മാത്രമേ ശേഷിച്ചിട്ടുള്ളു. അവർ വീടിനു് തീ കൊളുത്തുകയാണു്. "ഒററ അമ്പുപ്രയോഗം !" ഗണ്ണർ പറയുന്നു : "ഒരൊറ്റ അമ്പു് നമ്മെ രക്ഷിക്കും." അദ്ദേഹത്തിൻെറ ഞാൺ പൊട്ടുന്നു. ജോർഡിസ്സ് ! "നിൻെറ തലമുടിച്ചുരുൾ മുറിച്ചു് അതുകൊണ്ടു് ഒരു ഞാൺ ഉണ്ടാക്കു. അതു് നമ്മുടെ ജീവൻ രക്ഷിക്കയായിരിക്കും !" അപ്പോൾ ഞാൻ ചിരിച്ചുകൊണ്ടു പറയും : "എരിയട്ടെ, തീ പടർന്നു കത്തട്ടെ, ഒരു തലമുടിച്ചുരുളിന്റെ വില കല്പിക്കുന്നില്ലാ ഞാനെൻെറ ജീവനു് !"

സിഗേർഡ്ഡ് : നിങ്ങൾ പറയുന്നതിലെല്ലാം എന്തോ അസാധാരണമായ ഒരു ശക്തിയുണ്ടു്. (കുറെക്കൂടെ അടുത്തു ചെല്ലുന്നു)

ജോർഡിസ്സ് : (വിരസമായ ഒരു തണുത്ത നോട്ടം അയച്ചിട്ടു്) എന്തു് നിങ്ങൾ—എൻെറ അടുത്തിരിക്കയോ !

സിഗേർഡ്ഡ്: എന്റെ ഉള്ളിൽ ദേഷ്യമുണ്ടെന്ന് നിങ്ങൾ വിചാരിക്കുന്നു. ജോർഡിസ്സ്! ഇതായിരിക്കും നമ്മുടെ അവസാനത്തെ സംഭാഷണം. എന്റെ ആത്മാവിൽ വ്രണംപോലെ എന്തോ കിടക്കുന്നുണ്ട്. ഇങ്ങനെ മടങ്ങിപ്പോകാൻ എനിക്കു സാദ്ധ്യമല്ല. പോകുംമുൻപ് നിങ്ങളെന്നെ ശരിക്കു മനസ്സിലാക്കണം.

ജോർഡിസ്സ്: നിങ്ങൾക്കെന്താ വേണ്ടതു് ?

സിഗേർഡ്ഡ്: നിങ്ങളോട്ട് ഒരു കഥ പറയണം എനിക്ക്.

ജോർഡിസ്സ്: ദുഃഖം നിറഞ്ഞ കഥയാണോ ?

സിഗേർഡ്ഡ്: ജീവിതംപോലെ ദുഃഖംനിറഞ്ഞ ഒരു കഥ.

ജോർഡിസ്സ്: (പരുഷമായി) ജീവിതത്തിലെ ദുഃഖത്തെപ്പററി അങ്ങേയ്ക്കെന്തറിയാം ?

സിഗേർഡ്ഡ്: എന്റെ കഥ കേട്ടുകഴിഞ്ഞു നിശ്ചയിച്ചോളൂ.

ജോർഡിസ്സ്: എന്നാൽ പറയൂ. ആ സമയംകൊണ്ടു് ഞാൻ എന്റെ ജോലിയും ചെയ്യാം.

സിഗേർഡ്ഡ്: (അവളുടെ അടുത്തു് ഒരു സ്റ്റൂളിൽ ഇരിക്കുന്നു) ഒരിക്കൽ രണ്ടു യുവയോദ്ധാക്കൾ ധനവും പ്രതാപവും തേടി നോർവേയിൽനിന്നും പുറപ്പെട്ടു. അവർ പരസ്പരം മൈത്രി പ്രതിജ്ഞ ചെയ്തിരുന്നു. പോയിടത്തെല്ലാം അവർ ആ സഖ്യത്തെ മാന്യമായ നിലയിൽ പാലിച്ചു.

ജോർഡിസ്സ്: ആ യോദ്ധാക്കളുടെ പേരു് സിഗേർഡെന്നും ഗണ്ണറെന്നും ആയിരുന്നു. അല്ലേ?

സിഗേർഡ്ഡ്: വേണമെങ്കിൽ അവക്ക് ആ പേരു കൊടുക്കാം. കുറെ നാൾ കഴിഞ്ഞു് അവർ ഐസ്‌ലണ്ടിൽ എത്തി. ഹാറോൾഡ്ഡ്‌രാജാവിന്റെ കാലത്തു് നോർവേ വിട്ട ഒരു വൃദ്ധനായ ഇടപ്രഭു അവിടെ താമസിച്ചിരുന്നു. അതിസുന്ദരികളായ രണ്ടു കന്യകമാർ അദ്ദേഹത്തിന്റെ വീട്ടിലുണ്ടായിരുന്നു. മകളും വളത്തുമകളും! വളത്തുപുത്രി മററവളെ അതിലംഘിച്ചിരുന്നു ഹൃദയദാർഢ്യത്തിൽ. യോദ്ധാക്കൾ രണ്ടുപേരും കൂടെക്കൂടെ അവളെപ്പററി സംസാരിക്കാറുണ്ടായിരുന്നു. അവളെക്കാൾ സുന്ദരിയായ മറെറാരു സ്ത്രീയെ കണ്ടിട്ടില്ലെന്നു് രണ്ടുപേരും സമ്മതിച്ചു.

ജോർഡിസ്സ്: (ആകാംക്ഷയോടെ) രണ്ടുപേരുമോ ? നിങ്ങൾ എന്നെ കളിയാക്കുകയാണോ ?

സിഗേർഡ്യ് : രാവും പകലും ഗണ്ണറിന്റെ ചിന്ത അവളെപ്പറ്റി ത്തന്നെയായിരുന്നു. അതുപോലെതന്നെ സിഗേർഡിന്റേയും. പക്ഷേ രണ്ടുപേരും അവരവരുടെ പ്രണയത്തെപ്പററി പരസ്പരം സംസാരിച്ചില്ല. അവളാണെങ്കിൽ ഗണ്ണറിനെ ഇഷ്ടമാണെന്നുള്ള യാതൊരു സൂചനയും നൽകിയില്ല. സിഗേർഡിനോട്ടം അവൾക്കു് പ്രത്യേകതയൊന്നുമില്ലെന്നു നിഷ്പ്രയാസം മനസ്സിലാക്കാമായിരുന്നു.

ജോർഡിസ്സ് : (ശ്വാസം അടക്കിക്കൊണ്ടു്) തുടരൂ. ഞാൻ അപേക്ഷിക്കുന്നു !

സിഗേർഡ്യ് : അവളുടെ ഈ അനാസ്ഥ അവളെപ്പററി കൂടുതൽ ചിന്തിക്കാൻ സിഗേർഡിനെ പ്രേരിപ്പിച്ചു. പക്ഷേ ആരെയും അയാൾ അതറിയിച്ചില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു സല്ക്കാരവേളയിൽ ഗർവ്വിഷ്ഠയായ ഈ സ്ത്രീ അവൾ നിർദ്ദേശിക്കുന്ന മഹൽകൃത്യം ചെയ്യുന്ന പുരുഷനു മാത്രമേ അവളെ ലഭിക്കുകയുള്ളു എന്നു് ശപഥംചെയ്തു. സിഗേർഡിന്റെ ഹൃദയം ആനന്ദംകൊണ്ടു് ത്രസിച്ചു. കാരണം ആ കൃത്യനിർവ്വഹണത്തിനുള്ള ശക്തി തന്നിലുണ്ടെന്നു് അയാൾക്കു തോന്നി. എന്നാൽ ഗണ്ണർ അയാളെ ദൂരെ വിളിച്ചു് സ്വന്തം പ്രേമകഥ അറിയിച്ചു. സിഗേർഡാകട്ടെ അയാളുടെ കഥ ഒട്ടു പറഞ്ഞതുമില്ല. അങ്ങനെയാണു്......

ജോർഡിസ്സ് : (തടഞ്ഞുകൊണ്ടു്) സിഗേർഡ്യ് ! സിഗേർഡ്യ് ! (സ്വയം നിയന്ത്രിക്കുന്നു) ഈ കഥ—പരമാത്ഥമാണോ ?

സിഗേർഡ്യ് : അതേ. ഞങ്ങളിൽ ഒരാൾ മാറിക്കൊടുക്കണമായിരുന്നു. ഗണ്ണർ എന്റെ ഉററ മിത്രവും. ഞാൻ ചെയ്തതുപോലെയല്ലാതെ മറിച്ചു ചെയ്യാൻ എനിക്കു സാദ്ധ്യമല്ലായിരുന്നു. ഇങ്ങനെയാണു് നിങ്ങൾ ഗണ്ണറുടെ ഭാര്യയായതും ഞാൻ അപരയെ വിവാഹം ചെയ്തതും.

ജോർഡിസ്സ് : അവളെ പിന്നീടു സ്നേഹിക്കാൻ കഴിഞ്ഞതും.

സിഗേർഡ്യ് : അവളെ ബഹുമാനിക്കാൻ ഞാൻ പഠിച്ചു. എന്നാൽ സിഗേർഡ്യ് ഒരു സ്ത്രീയെ മാത്രമേ ജീവിതത്തിൽ സ്നേഹിച്ചിട്ടുള്ളു. ആ സ്ത്രീയാണു് ആദ്യംകണ്ട ദിവസംമുതൽ അയാളുടെ നേരെ മുഖം വെട്ടിത്തിരിച്ചതു്. (എഴുന്നേല്ക്കുന്നു) അങ്ങനെ എന്റെ കഥ നിത്തുന്നു. ഇനി നമുക്കു പിരിയാം, ഗണ്ണറിന്റെ ഭാര്യയോടു് ഞാൻ യാത്ര പറയുന്നു. മേലാൽ നാം തമ്മിൽ ഒരിക്കലും കാണുകയില്ല.

ജോർഡിസ്സ് : നിൽക്കൂ. കഷ്ടം ! സിഗേർഡ്യ് നമുക്കു രണ്ടുപേക്കുംവേണ്ടി നിങ്ങൾ എന്തു ചെയ്തു ?

സിഗേർഡ്സ് : (ആശ്ചര്യപ്പെട്ടിട്ട്) ഞാൻ എന്തു ചെയ്തു എന്നോ? നിങ്ങൾക്കെന്താ സുഖക്കേട്?

ജോർഡിസ്സ് : നിങ്ങൾ ഇതെല്ലാം ഇപ്പോൾ എന്നോടു പറയുന്നു. അല്ല, അല്ല ഇതു പരമാർത്ഥമാവാൻ ഇടയില്ല.

സിഗേർഡ് : ഇതായിരിക്കും നാം തമ്മിലുള്ള അവസാന സംഭാഷണം. ഇതിൽ ഓരോ വാക്കും പരമാർത്ഥമാണ്. എന്നെപ്പററി നിങ്ങൾ കുറെക്കൂടി ദയാപൂർവ്വം വിധി കല്പിക്കണമെന്നുള്ള ആഗ്രഹംകൊണ്ടാണ് ഞാനിതെല്ലാം ഇപ്പോൾ പറയേണ്ടിവന്നതു്.

ജോർഡിസ്സ് : (അറിയാതെ കൈകൾതമ്മിൽ ചേർത്തു് പ്രശാന്തമായ അത്ഭുതദൃഷ്ടിയോടെ അയാളെ നോക്കിക്കൊണ്ടു്) സ്നേഹിച്ചു! നിങ്ങൾ എന്നെ സ്നേഹിച്ചു! നിങ്ങൾ—(വികാരവായ്പോടെ അടുത്തു ചെന്നിട്ട്) ഞാൻ നിങ്ങളെ വിശ്വസിക്കുന്നില്ല. (അയാളിൽത്തന്നെ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടു് കഠിനവ്യഥ സ്ഫുരിക്കുന്ന സ്വരത്തിൽ ഉറക്കെ) അതേ, അതു പരമാർത്ഥമാണ്. നമ്മുടെ രണ്ടാളുടേയും—നിർഭാഗ്യത്താൽ. (മുഖം പൊത്തിക്കൊണ്ടു പിന്നാക്കം മാറുന്നു)

സിഗേർഡ്സ് : (വൈവശ്യത്തോടെ) ജോർഡിസ്സ്!

ജോർഡിസ്സ് : (പതുക്കെ. കണ്ണുനീരിനും ചിരിക്കുമിടയിൽ) എന്നെപ്പററി ശ്രദ്ധിക്കേണ്ട. ഞാനുദ്ദേശിച്ചതു്......(അദ്ദേഹത്തിൻെറ ഭുജത്തിൽ കൈവെച്ചിട്ട്) സിഗേർഡ്സ്! അങ്ങ് കഥ മുഴുവനും പറഞ്ഞില്ല. അങ്ങു പറഞ്ഞ ഗർവ്വിഷ്ഠയായ യുവതിയില്ലേ—അവൾ അങ്ങയേയും സ്നേഹിച്ചിരുന്നു!

സിഗേർഡ്സ് : (ചുളുങ്ങി മാറിക്കൊണ്ടു്) നിങ്ങൾ—?

ജോർഡിസ്സ് : (സ്വസ്ഥതയെ പ്രാപിച്ചിട്ട്) അതേ സിഗേർഡ്സ്! ഞാൻ അങ്ങയെ സ്നേഹിച്ചിരുന്നു. ഇപ്പോൾ അതെനിക്കു ബോദ്ധ്യമായി. അങ്ങു പറഞ്ഞുവല്ലോ, ഞാൻ അങ്ങയെ അനാദരിച്ചു, അവഗണിച്ചു എന്നും മററും. ഒരു സ്ത്രീക്കു വേറെ എന്തുചെയ്യാൻ കഴിയും. എൻെറ പ്രേമം ഞാൻ പ്രകടമാക്കിയിരുന്നെങ്കിൽ അങ്ങു് എന്നെപ്പററി വളരെ ഒന്നും വിചാരിക്കുമായിരുന്നില്ല. എനിക്കെപ്പോഴും തോന്നിയിട്ടുണ്ടു് അങ്ങാണ് പുരുഷന്മാരിൽവച്ചു് ഏററവും ഉത്തമനെന്നു്. അങ്ങയെ മറെറാരുത്തിയുടെ ഭർത്താവായിക്കണ്ടപ്പോൾ എനിക്കു് അടക്കാൻകഴിയാത്ത അതിരൂക്ഷമായ സങ്കടം തോന്നി.

സിഗേർഡ്സ് : (ചഞ്ചലനായി) നമ്മുടെ ചുററും ഒരു യാതനാവലയമാണ് നോൺസ്സ് നെയ്തുവച്ചതു്.

ജോർഡിസ്സ് : അതിനു മററാരേയും കുററപ്പെട്ടുത്തണമെന്നില്ല. ഒരു പുരുഷൻ എപ്പോഴും ധൈര്യമായും സ്ഥിരതയോടും പെരുമാറണം. എന്നെ നേടാനുള്ള ശ്രമകരമായ ആ വ്യവസ്ഥ നിർദ്ദേശിച്ചപ്പോൾത്തന്നെ സത്യത്തിൽ ഞാൻ അങ്ങയെപ്പററിയാണ് ചിന്തിച്ചതു്. അങ്ങനെ അങ്ങേയ്ക്കു്......

സിഗേർഡ്ഡു് : ഗണ്ണറിന്റെ ഹൃദയവ്യഥ എനിക്കു മനസ്സിലാക്കാൻ കഴിയുമായിരുന്നു. അതു മാററാൻ എന്നാൽമാത്രമേ സാദ്ധ്യമാകയുള്ളു എന്നും—പിന്നെ മറിച്ചെങ്ങനെ ഞാൻ തീരുമാനിക്കും ? കൂടാതെ ഞാൻ ഇപ്പോൾ അറിഞ്ഞതു് അന്നറിഞ്ഞിരുന്നെങ്കിൽ—എന്തു ചെയ്യുമായിരുന്നു എന്നു് ഇപ്പോൾ പറക വയ്യ—പ്രേമത്തിന്റെ ശക്തി അത്രയ്ക്കു് അപാരമാണു്.

ജോർഡിസ്സ് : (വേഗത്തിൽ) അപ്പോൾ സിഗേർഡ്ഡു് ! ഒരു നീചമായ തന്ത്രപ്രയോഗം നമ്മെ ഇത്രനാളും—ഈ നീണ്ട വഷമത്രയും—അകററി നിർത്തി. ഇപ്പോൾ ആ കുരുക്കു് അഴിഞ്ഞിരിക്കുന്നു. ഇനിയുമുള്ള കാലംകൊണ്ടു് നമുക്കു് പരിഹാരം നേടാം.

സിഗേർഡ്ഡു് : (തല കുലുക്കിക്കൊണ്ടു്) ഒരുകാലവും സാദ്ധ്യമല്ല. നാം വീണ്ടും അകലണം.

ജോർഡിസ്സ് : പാടില്ല. ഞാൻ അങ്ങയെ സ്നേഹിക്കുന്നു. സങ്കോചംകൂടാതെ അതു പറയാൻ ഞാൻ ഇപ്പോൾ ധൈര്യപ്പെടുന്നു. കാരണം എന്റേതു് ഒരു ദുർബ്ബലയുടെ ലോലമായ പ്രണയമല്ല. ഞാനൊരു പുരുഷനായിരുന്നെങ്കിൽ—ദൈവങ്ങൾ സാക്ഷിയായി—എന്റെ പ്രേമത്തിനു് ഇതിൽക്കൂടുതൽ ശക്തി കാണുമായിരുന്നില്ല. വരൂ സിഗേർഡ്ഡു് ! മഹാകൃത്യംകൊണ്ടു് നേടേണ്ടതാണു് സൗഭാഗ്യം. നാം വിചാരിച്ചാൽ മതി, ഈ നിമിഷം നമ്മൾ സ്വതന്ത്രരാകാൻ. അങ്ങനെ ഈ കളിയിൽ നമുക്കു വിജയം വരിക്കാം.

സിഗേർഡ്ഡു് : സ്വതന്ത്രരോ ? എന്താണീപ്പറയുന്നതു് ?

ജോർഡിസ്സ് : ഡാഗ്നി നിങ്ങൾക്കാരാണു് ? ആരാകാൻ സാധിക്കും ? എന്റെ ഹൃദയാന്തർഭാഗത്തു് ഗണ്ണറിനുള്ളതിൽ കവിഞ്ഞൊരു സ്ഥാനം നിങ്ങളുടെ ഹൃദയത്തിൽ അവൾക്കുമില്ല. നിങ്ങൾക്കു് രണ്ടു ദുരിതജീവിതം നശിപ്പിക്കണമെന്നു് നിർബ്ബന്ധം വല്ലതും ഉണ്ടോ ?

സിഗേർഡ്ഡു് : ജോർഡിസ്സ് ! ജോർഡിസ്സ് !

ജോർഡിസ്സ് : ഗണ്ണർ ഇവിടെ താമസിക്കട്ടെ. ഡാഗ്നി അവളുടെ അച്ഛനുമൊത്തു് ഐസ്‌ലണ്ടിലേയ്ക്കും പോകട്ടെ.

ഞാൻ പടച്ചട്ടയുമണിഞ്ഞു് അങ്ങു പോകുന്നിടത്തൊക്കെ അങ്ങയെ അനുഗമിക്കാം. (സിഗേർഡ്ഡു് അസ്വസ്ഥനാകുന്നു) അങ്ങയുടെ ഭാര്യയായിട്ടല്ല ഞാൻ കൂടെ വരുന്നതു്. കാരണം ഞാൻ അന്യന്റേതായിപ്പോയി. അങ്ങയുടെ സഹധർമ്മിണി ജീവിച്ചിരിക്കയും ചെയ്യുന്നു. അല്ല സിഗേർഡ്ഡു്! ഭാര്യയായിട്ടല്ല. ഒരു ഒന്നാംതരം "വാൽക്കയരി" ആയിട്ടു് ധീര സാഹസകൃത്യങ്ങൾക്കു് ഞാൻ അങ്ങേയ്ക്കു് പ്രേരണ നൽകാം. അങ്ങനെ അങ്ങയുടെ പ്രശസ്തി ദിഗന്തരങ്ങളിൽ പരത്താം. ഖഡ്ഗങ്ങൾതമ്മിൽ മുട്ടി ശീൽക്കാരം പുറപ്പെട്ടുവിക്കുമ്പോൾ ഞാൻ അങ്ങയുടെ പാർശ്വത്തിൽ വർത്തിക്കാം. തിരമാലകളെ ഭേദിച്ചു് അങ്ങയുടെ പടയാളികളോടൊപ്പം അങ്ങയെ നിയതി നയിക്കുന്നിടത്തെല്ലാം ഞാൻ പിൻതുടരാം. അവസാനം അങ്ങയുടെ ചരമഗാനം ആലപിക്കുമ്പോൾ ആ പാട്ടു് സിഗേർഡ്ഡിനേയും ജോർഡിസ്സിനേയും ഒരുമിച്ചു് പുകഴ്ത്തുന്നതായിരിക്കും.

സിഗേർഡ്ഡു്: ഇതൊക്കെ ആയിരുന്നു ഒരുകാലത്തു് എന്റെ സ്വപ്നങ്ങൾ, പക്ഷേ ഇപ്പോൾ വളരെ താമസിച്ചുപോയി. നമ്മുടെ മദ്ധ്യേ ഗണ്ണറും ഡാഗ്നിയും നില്ക്കുന്നു. അവർക്കു് അതിനവകാശവുമുണ്ടു്. എന്റെ യൗവ്വനകാലത്തെ പ്രേമം ഞാൻ ഗണ്ണറിനുവേണ്ടി നഷ്ടപ്പെടുത്തി, അതിനിപ്പോൾ ഞാൻ യാതന അനുഭവിക്കുന്നെങ്കിൽ അതു വെറുതെ ആകരുതു്. അതുപോലെ ഡാഗ്നി—യാതൊന്നും ശങ്കിക്കാതെയും പൂർണ്ണവിശ്വാസത്തോടും സ്വന്തം വീടും ബന്ധുക്കളേയും വിട്ടു് എന്റെകൂടെ ഇറങ്ങിപ്പോന്ന അവൾ ഒരിക്കലും സംശയിക്കരുതല്ലോ, അവൾ എന്നെ ആലിംഗനം ചെയ്യുമ്പോഴെല്ലാം ഞാൻ ജോർഡിസ്സിനുവേണ്ടി ദാഹിക്കയായിരുന്നു എന്നു്.

ജോർഡിസ്സ്: ഇത്തരം നിസ്സാര കാരണങ്ങൾക്കായി നിങ്ങൾ ജീവിതം മുഴുവൻ ദുരിതപൂർണ്ണമാക്കുമോ? നിങ്ങളുടെ ധൈര്യവും ശേഷിയും തന്റേടവും ഇതര മാനസ്സികഗുണങ്ങളും കൊണ്ടെന്തു ഫലം? എനിക്കിനിയും ഗണ്ണറിന്റെ വീട്ടിൽ തുടർന്നുള്ള താമസം സഹിക്കാൻ കഴിയുമെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഇല്ല. സിഗേർഡ്ഡു്! ഞാൻ പറയുന്നതു വിശ്വസിക്കൂ. നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനു് ഇവിടെ പലതും ചെയ്യാൻ സാധിക്കും. എറിക്കു്, ഇപ്പോൾ നോർവേയിലെ രാജാവാണു്. നിങ്ങൾക്കെന്താണൊരു കുറവു്. അദ്ദേഹത്തെ എതിർത്തു ജയിക്കുക. നിങ്ങളുടെ ചേരിയിൽച്ചേരാൻ അനവധി വീരയോദ്ധാക്കൾ ഉണ്ടു്. നമുക്കു മുന്നോട്ടു പോകാം. അജയ്യമായ ശക്തി നമുക്കുണ്ടു്. അ

വിശ്രമം സമരംചെയ്യ് നിങ്ങൾക്കു് രാജാവിൻെറ സിംഹാസനം അലങ്കരിക്കാം.

സിഗേർഡ്യു് : ജോർഡിസ്സ്! ജോർഡിസ്സ്! എൻെറ സാഹസിക യൗവ്വനകാലത്തു് ഇതൊക്കെയായിരുന്നു എൻെറ സ്വപ്നങ്ങൾ. ഇപ്പോൾ നമുക്കു് അതൊക്കെ മറക്കാം. എന്നെ പ്രലോഭിപ്പിക്കരുതേ!

ജോർഡിസ്സ് : (വിജയഭാവത്തിൽ ആഹ്ലാദപൂർവ്വം) നമ്മുടെ ജീവിതങ്ങൾ ഒന്നുചേരണമെന്നു് വിധിദേവതമാർ നിശ്ചയിച്ചിട്ടുള്ളതാണു്. മറിച്ചാവാൻ തരമില്ല. എനിക്കിപ്പോൾ വ്യക്തമായി കാണാൻ കഴിയും എൻെറ ജീവിതോദ്ദേശമെന്തെന്നു്. അങ്ങയെ പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിക്കുക. ഞാനിവിടെ കഴിച്ചകാലമത്രയും ഓരോ ദിവസവും ഓരോ മണിക്കൂറും എൻെറ വിചാരം അങ്ങയെപ്പററി മാത്രമായിരുന്നു. അങ്ങയെ എൻെറ ഹൃദയത്തിൽനിന്നു് പിഴുതെറിയാൻ ഞാൻ ആവുംമട്ട ശ്രമിച്ചു. പക്ഷേ അതിനുള്ള കഴിവു് എനിക്കില്ലാതെപോയി. ഇനിയും അതിൻെറ ആവശ്യമില്ല. അങ്ങു് എന്നെ സ്നേഹിക്കുന്നു എന്നു് ഞാൻ അറിഞ്ഞതുകൊണ്ടു്.

സിഗേർഡ്യു് : (വിരസമായി സംസാരിക്കൻ ശ്രമിച്ചുകൊണ്ടു്) അങ്ങനെയാണെങ്കിൽ കേട്ടുകൊള്ളു. ഞാൻ നിങ്ങളെ സ്നേഹിച്ചിരുന്നു. പക്ഷേ അതൊക്കെ കഴിഞ്ഞു—ആ കാലമൊക്കെ ഞാൻ മറന്നു.

ജോർഡിസ്സ് : കള്ളം. പച്ചക്കള്ളം. സിഗേർഡ്യു്! എന്നെ ഒരിക്കൽ സ്നേഹിച്ചാൽപിന്നെ അങ്ങേയ്ക്കതു മറക്കാനാവില്ല. അത്രയ്ക്കുള്ള മേന്മ എനിക്കുണ്ടെന്നെനിക്കറിയാം.

സിഗേർഡ്യു് : (ആവേശത്തോടെ) ഞാൻ മറക്കണം. ഞാൻ മറക്കും......

ജോർഡിസ്സ് : ശരി! അങ്ങേയ്ക്കതു സാദ്ധ്യമല്ല. എന്നെ വേണമെങ്കിൽ തടസ്സപ്പെടുത്തിക്കൊള്ളു. അതുകൊണ്ടു് ഒരു ഫലവും വരാൻപോകുന്നില്ല. ഇന്നസ്തമിക്കുംമുൻപു് ഗണ്ണറും ഡാഗ്നിയും സകലതുമറിയും.

സിഗേർഡ്യു് : നിങ്ങൾ അങ്ങനെ ചെയ്യരുതു്.

ജോർഡിസ്സ് : ചെയ്യും!

സിഗേർഡ്യു് : എന്നാൽ നിങ്ങളെപ്പററിയുള്ള എൻെറ ധാരണ ശരിയല്ല. ഞാൻ നിങ്ങളെ ഹൃദയമഹത്വമുള്ള ഒരുവളായിട്ടാണു് കണക്കാക്കിയിരുന്നതു്.

ജോർഡിസ്സ് : ദുർദ്ദിനങ്ങൾ ദുശ്ചിന്തകളെ ഉളവാക്കും. അങ്ങ് ആവശ്യത്തിൽ കവിഞ്ഞുള്ള വിശ്വാസം എന്നിലർപ്പിച്ചു. ജീവിതസമരത്തിൽ ഞാൻ അങ്ങയെ അനുഗമിക്കും. എനിക്കനുഗമിക്കണം. ഗണ്ണറിന്റെ കൂര എനിക്കു തീരെ താണ താണു്.

സിഗേർഡ്ഡ് : (ദൃഢസ്വരത്തിൽ) നിങ്ങൾ എപ്പോഴും പുരുഷന്റെ അഭിമാനത്തിനു വലിയ വില കല്പിച്ചിരുന്നില്ലേ? എനിക്കും ഗണ്ണറിനും തമ്മിൽ ശണ്ഠയ്ക്കു് മതിയായ കാരണങ്ങളുണ്ട്. ദ്വന്ദ്വയുദ്ധത്തിൽ അയാൾ എന്റെ വാളിന്നിരയായി എന്നു വിചാരിക്കുക—അപ്പോഴും സകലതും വെളിപ്പെട്ടതിയിട്ട് നിങ്ങൾ എന്നെ അനുഗമിക്കുമോ?

ജോർഡിസ്സ് : (ഞെട്ടലോടെ) അതെന്തിനു ചോദിക്കുന്നു?

സിഗേർഡ്ഡ് : ആദ്യം ഞാൻ ചോദിച്ചതിനുത്തരം പറയൂ. ഞാൻ നിങ്ങളുടെ ഭർത്താവിനെ വധിച്ചാൽ നിങ്ങൾ എന്തു ചെയ്യും.

ജോർഡിസ്സ് : (നിന്നിമേഷയായി അദ്ദേഹത്തെ നോക്കിക്കൊണ്ട്) ഞാൻ മിണ്ടുകയില്ല. പക്ഷേ പിന്നെ നിങ്ങൾ വധിക്കപ്പെടുന്നതുവരെ ഞാൻ അടങ്ങിയിരിക്കയില്ല.

സിഗേർഡ്ഡ് : (പുഞ്ചിരിച്ചിട്ട്) അതു കൊള്ളാം ജോർഡിസ്സ്! അതു് എങ്ങനെ ആയിരിക്കുമെന്നു് എനിക്കറിയാമായിരുന്നു.

ജോർഡിസ്സ് : (പെട്ടെന്നു്) പക്ഷേ അതൊരിക്കലും സംഭവിക്കയില്ലല്ലൊ.

സിഗേർഡ്ഡ് : സംഭവിക്കാം. ഞാനോ ഗണ്ണറോ മരിക്കേണ്ടതെന്നു് തീരുമാനിക്കാനുള്ള കരു നിങ്ങൾ നിരത്തിക്കഴിഞ്ഞല്ലൊ. (ഗണ്ണറും കുറെ ആളുകളുംകൂടി പുറകിൽനിന്നും പ്രവേശിക്കുന്നു)

ഗണ്ണർ : (ജോർഡിസ്സിനോടായിട്ട് വിരസതയോടെ) ശരി—നീ വിതച്ച വിത്തു മുളച്ചുതുടങ്ങി!

സിഗേർഡ് : (അടുത്തു ചെന്നു്) നിങ്ങൾക്കെന്തു തകരാറു പറ്റി?

ഗണ്ണർ : സിഗേർഡ്ഡ്! ഈ പറയുന്നതു് നിങ്ങളാണോ? എനിക്കു് എന്തു തകരാറു പററി എന്നോ? ഒന്നുമില്ല. ഞാനുദ്ദേശിച്ചതുപോലൊക്കെത്തന്നെ. കാറേ വരുന്നുണ്ടെന്നു് ഡാഗ്നി അറിവുതന്ന ഉടൻ ഞാൻ കുതിരപ്പുറത്തു കയറി എന്റെ അയൽക്കാരിൽനിന്നും സഹായം അർത്ഥിക്കാൻ പോയി.

ജോർഡിസ്സ് : (ആകാംക്ഷയോടെ) എന്നിട്ട്?

ഗണ്ണർ : എല്ലായിടത്തുനിന്നും തണുത്ത മറുപടിയാണ് എനിക്കു കിട്ടിയതു്. കാറേയുമായുള്ള ശണ്ഠ തീരെ അനുചിതമായിപ്പോയെന്നാണ് അവർ പറയുന്നതു്. അവർ വേറെയും ചിലതെല്ലാം പറഞ്ഞു. പക്ഷേ അതൊക്കെ ആവർത്തിക്കാൻ എന്നെക്കൊണ്ടാവില്ല. ഞാൻ അപമാനിതനാണ്. ഒരു ഭീരുവിൻെറ ഭാഗം അഭിനയിച്ചതായി അവർ എന്നെ കുറ്റപ്പെടുത്തി. അങ്ങനെയുള്ള എന്നോടു സഹകരിക്കുന്നതുതന്നെ കുറവായിട്ടാണ് അവർ കരുതുന്നതു്.

സിഗേർഡ്ഡ് : അതൊരു കുറവായി ആരും അധികനാൾ കരുതുകയില്ല. ഇന്നു് സന്ധ്യയ്ക്കുമുൻപു് കാറേയ്ക്കെതിരായി നിങ്ങളെ അനുഗമിക്കാൻ വളരെയധികം പേരുണ്ടാവും.

ഗണ്ണർ : സിഗേർഡ്ഡ് !

ജോർഡിസ്സ് : (പതിഞ്ഞ സ്വരത്തിൽ വിജയഭാവത്തോടെ) എനിക്കതറിയാമായിരുന്നു.

സിഗേർഡ്ഡ് : (ഗൗരവം നടിച്ചുകൊണ്ടു്) അതിൻെറ അർത്ഥം നാം തമ്മിലുള്ള സമാധാനത്തിനും ഉലച്ചിൽ തട്ടി എന്നാണ്. ഗണ്ണർ, ഞാൻ പറയുന്നതു ശ്രദ്ധിക്കൂ. നിങ്ങൾ തൊറോൾഫിനെ—എന്റെ ഭാര്യാസഹോദരനെ—വധിച്ചു. അതിനു പ്രതികാരമായി ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. മരണംവരെയുള്ള ഒരു ദ്വന്ദ്വയുദ്ധത്തിനു്. നാളെ പുലച്ചയ്ക്കു് !

ജോർഡിസ്സ് : (വികാരാധീനയായി സിഗേർഡ്ഡിൻെറ അടുത്തേയ്ക്കു് ഒരടി നീങ്ങുന്നു ; സ്വയം നിയന്ത്രിച്ചു് ചേഷ്ടയററു നിലക്കൊള്ളുന്നു രംഗം അവസാനിക്കുംവരെ)

ഗണ്ണർ : (ഗാഢമായ അത്ഭുതത്തോടെ) ദ്വന്ദ്വയുദ്ധം ! എന്നോടു് ! സിഗേർഡ്ഡ് ! നിങ്ങൾ നേരംപോക്കു പറയുന്നു.

സിഗേർഡ്ഡ് : ഞാൻ ഔപചാരികമായി ദ്വന്ദ്വയുദ്ധത്തിനു് നിങ്ങളെ വെല്ലുവിളിക്കുന്നു. മരണംവരെയുള്ള സമരത്തിനു്. നമ്മിലൊരാൾ മരിക്കണം.

ഗണ്ണർ : (പരുഷമായി) ഹാ ! എനിക്കു മനസ്സിലാകുന്നു. ഞാൻ വരുമ്പോൾ നിങ്ങൾ ജോർഡിസ്സുമായി തനിച്ചിരുന്നു സംസാരിക്കയായിരുന്നല്ലൊ. അവൾ വീണ്ടും നിങ്ങളെ അധിക്ഷേപിച്ചിരിക്കും.

സിഗേർഡ്ഡ് : ഒരു പക്ഷേ. (ജോർഡിസ്സിന്റെ നേരെ തിരിഞ്ഞു്) ഒരു മാന്യയായ സ്ത്രീ എപ്പോഴും അവളുടെ ഭർത്താവിൻെറ അഭിമാനം കാത്തു രക്ഷിക്കണം. (പുറകിൽ നിന്ന ആളുക

ളോടായിട്ട്) നിങ്ങൾ പോയി ഗണ്ണറിന്റെ അയൽക്കാരെ അറിയിക്കണം. നാളെ ഞങ്ങൾ തമ്മിൽ ഒരു ദ്വന്ദ്വയുദ്ധം നടക്കുമെന്ന്. കടൽവീരനായ സിഗേർഡിനോട്ട് ഏററു മുട്ടുന്ന ഒരുത്തനെ ആരും 'ഭീരു' എന്നു വിളിക്കയില്ല. (ആളുകൾ പോകുന്നു)

ഗണ്ണർ: (വേഗം സിഗേർഡിനെ സമീപിച്ച് പ്രത്യക്ഷമായ വികാരവായ്പോടെ അയാളുടെ കരം ഗ്രഹിക്കുന്നു) സിഗേർഡ്! എന്റെ ഉത്തമനായ സഹോദരാ! ഇപ്പോൾ എനിക്കു ബോദ്ധ്യമായി എന്റെ അഭിമാനസംരക്ഷണത്തിനായി അങ്ങയുടെ ജീവൻ അപകടത്തിലാക്കുകയാണെന്നു്. മുൻ പൊരിക്കൽ എന്റെ സൗഭാഗ്യത്തിനുവേണ്ടി ചെയ്തതുപോലെ.

സിഗേർഡ്: നിങ്ങളുടെ ഭാര്യയോട്ട് നന്ദി പറയൂ. ഞാൻ ചെയ്തതിനെല്ലാം പ്രധാന കാരണക്കാരി അവരാണ്. നാളെ പുലച്ച്ക്ക്......

ഗണ്ണർ: നമുക്കു സന്ധിക്കാം. (സ്നേഹപൂർവ്വം) വളത്തുസഹോദരാ! എന്റെ പക്കൽനിന്നും ഒരു നല്ല വാൾ സ്വീകരിക്കുമോ? വിലപിടിപ്പുള്ള ഒരു സമ്മാനമാണതു്.

സിഗേർഡ്: എന്റെ നന്ദി. പക്ഷേ അതവിടെ കിടന്നുകൊള്ളട്ടെ. ആക്കറിയാം നാളെ രാത്രി എനിക്കൊരു വാളിന്റെ ആവശ്യമുണ്ടാകുമോ എന്നു്.

ഗണ്ണർ: (സിഗേർഡിന്റെ കരം ഗ്രഹിച്ചുകൊണ്ട്) സിഗേർഡ് ഞാൻ യാത്രപറയുന്നു.

സിഗേർഡ്: നമസ്തേ. നിങ്ങൾക്കു നല്ലതു വരട്ടെ. അവർ പിരിയുന്നു. ഗണ്ണർ ഇടത്തുഭാഗത്തുകൂടി പോകുന്നു. സിഗേർഡ് ജോർഡിസ്സിനെ ഒന്നു നോക്കിയിട്ട് പുറകുവശത്തുകൂടി പോകുന്നു.

ജോർഡിസ്സ്: (കുറച്ചു കഴിഞ്ഞിട്ട് ചിന്താധീനയായി പതിഞ്ഞ സ്വരത്തിൽ) നാളെ പ്രഭാതത്തിൽ! മരണംവരെയുള്ള ഒരു ദ്വന്ദ്വയുദ്ധം! ആരായിരിക്കും മരിക്കുന്നതു്? (അല്പസമയം നിശ്ശബ്ദയായി നില്ക്കുന്നു. എന്നിട്ട് എന്തോ പെട്ടെന്നു തീരുമാനിച്ചതുപോലെ ഉറക്കെ) ആരു മരിച്ചാലും സാരമില്ല. സിഗേർഡും ഞാനും ഒരിക്കലും വേർപിരികയില്ല.

# അങ്കം 4

(രംഗം—കടൽത്തീരം. സമയം സായംകാലം. കൊട്ടങ്കാററും കോളുംമുള്ള ഇരുണ്ട ആകാശത്തിൽ ചന്ദ്രനെ അല്പാല്പമായി കാണാം. പുറകിൽ പുതു തായി തയ്യാറാക്കിയ ശവകുടീരത്തിൻെറ ഉന്നത തലം. വലതുവശത്തു് ഓർണൾഫ് മുട്ടിൽ കൈ യ്യൂന്നി മുഖംപൊത്തി, പാറയുടെ മുകളിൽ കുനി ഞ്ഞിരിക്കുന്നു. തലയിൽ തൊപ്പി ധരിച്ചിട്ടില്ല. പന്തവും പിടിച്ചു് അദ്ദേഹത്തിൻെറ ആൾക്കാർ ശവകുടീരത്തിൻെറ പണി തുടരുന്നു. കുറച്ചു ക ഴിഞ്ഞു് സിഗേർഡ്ഡും ഡാഗ്നിയും വള്ളപ്പുരയിൽ നിന്നും പുറത്തേയ്ക്കു വരുന്നു. വള്ളപ്പുരയിൽ തീ കൂട്ടിയിട്ടുണ്ടു്.)

ഡാഗ്നി : (അമർത്തിയ സ്വരത്തിൽ) അതാ അവിടെ അദ്ദേഹം അനങ്ങാതെ ഇരിക്കുന്നു. (സിഗേർഡിനെ പിടിച്ചുനിർത്തി ക്കൊണ്ടു്) വേണ്ട. അദ്ദേഹത്തോടു് ഇപ്പോൾ സംസാരി ക്കണ്ട.

സിഗേർഡ്ഡ് : നീ പറഞ്ഞതു ശരിയാണു് ഇനിയുമതിനു സമയ മായില്ല. അദ്ദേഹം ഏകാന്തതയിൽത്തന്നെ കഴിയട്ടെ.

ഡാഗ്നി : (കടന്നുചെന്നു് ഖേദപൂർവ്വം അദ്ദേഹത്തെ നോക്കി യിട്ടു്) ഇന്നലെ അദ്ദേഹം എത്ര ധീരനായി പ്രത്യക്ഷപ്പെട്ടു. തൊറോൾഫിൻെറ ജഡം ചുമന്നുകൊണ്ടു പോയപ്പോഴും, ശവക്കല്ലറ തോണ്ടുമ്പോഴും. എന്നാൽ പുത്രന്മാരെയെല്ലാം പട്ടടയിൽ കിടത്തി മണ്ണും കല്ലുംകൊണ്ടു് അവരെ മൂടിക്കഴി ഞ്ഞപ്പോൾ, അദ്ദേഹത്തിൻെറ ദുഃഖം ദുസ്സഹമായി. അതു് അദ്ദേഹത്തെ ഞെരിച്ചമർത്തുന്നതുപോലെ തോന്നി. (കണ്ണു നീർ തുടയ്ക്കുന്നു) സിഗേർഡ്ഡ് എന്നോടു പറയൂ ഐസ്‌ലണ്ടി ലേയ്ക്കു നാം കപ്പൽ കയറുന്നതു് എപ്പോഴാണു് ?

സിഗേർഡ്ഡ് : ഈ കൊട്ടങ്കാറെറാന്നു ശമിക്കട്ടെ. ഗണ്ണറുമായുള്ള ഇടപാടും തീരട്ടെ.

ഡാഗ്നി : അവിടെച്ചെന്നിട്ടു് അങ്ങു് ഒരു സ്ഥലം വിലയ്ക്കു വാ ങ്ങി വീടുവയ്ക്കണം. മേലാലൊരിക്കലും യുദ്ധത്തിനു പോക യുമരുതു്.

സിഗേർഡ്ഡ്: അതേ, അതേ. ഞാൻ വാക്കു പറഞ്ഞിട്ടുണ്ടല്ലോ.

ഡാഗ്നി: ഞാൻ അങ്ങേയ്ക്കു യോജിച്ച ഭാര്യയല്ലെന്ന് ജോർഡിസ്സ് പറഞ്ഞതു് എന്നെ ചതിക്കാനായിരുന്നു എന്നു വിശ്വസിക്കട്ടെയോ ?

സിഗേർഡ്ഡ്: അതേ ഡാഗ്നി! നിനക്കെന്നെ വിശ്വസിക്കാം.

ഡാഗ്നി: എങ്കിൽ ഞാൻ വീണ്ടും സന്തുഷ്ടയാവും. ഇവിടെ ഞാൻ കണ്ട ഭയങ്കരതകളൊക്കെ മറക്കാൻ ശ്രമിക്കാം. ശിശിരകാലത്തെ നീണ്ട സായാഹ്നങ്ങളിൽ നമുക്കു ഗണ്ണറിനേയും ജോർഡിസ്സിനേയുംപററി സംസാരിക്കാം. പിന്നെ......

സിഗേർഡ്ഡ്: പാടില്ല ഡാഗ്നി! നമ്മുടെ സൗഭാഗ്യത്തിനു് നീ വില കല്പിക്കുന്നെങ്കിൽ ഐസ്ലണ്ടിൽ എത്തിയാൽ പിന്നെ ജോർഡിസ്സിൻെറ പേരുപോലും ഉച്ചരിച്ചുകേൾക്കാനിടയാവരുതു്.

ഡാഗ്നി: (അല്പം കുററപ്പെടുത്തുന്ന ഭാവത്തിൽ) അവളെപ്പററി അങ്ങേയ്ക്കു തോന്നിയിരിക്കുന്ന വെറുപ്പ് ന്യായീകരിക്കത്തക്കതല്ല. അതു് അങ്ങേയ്ക്കു ചേർന്നതുമല്ല.

(അനുചരരിൽ ഒരുത്തൻ അടുത്തുവന്നിട്ട്) ശവകുടീരത്തിൻെറ പണി പൂർത്തിയായി. ഓർണൾഫ് സ്വപ്നത്തിൽനിന്നും ഉണരുന്നതുപോലെ കല്ലറയോ ? ഓഹോ ! തീർന്നോ ? എങ്കിൽ നമുക്കു്......

സിഗേർഡ്ഡ്: ഡാഗ്നി ! ഇനി അദ്ദേഹത്തോടു സംസാരിക്കൂ.

ഡാഗ്നി: (അച്ഛൻെറ അടുത്തു ചെന്നിട്ട്) അച്ഛാ ! ഇവിടെ വളരെ തണുപ്പാണു്. കൊടുംകാററു് ഇരച്ചുകയറുന്നുണ്ടു്.

ഓർണൾഫ്: അതിനെന്തു് ? കല്ലറ ഉറപ്പായിക്കെട്ടിയതാണു്. അവർ തണുക്കാതെ കിടന്നുകൊള്ളും.

ഡാഗ്നി: അതേ. പക്ഷേ അച്ഛനോ !

ഓർണൾഫ്: ഞാനോ ? എനിക്കു തണുക്കുന്നില്ല.

ഡാഗ്നി: അച്ഛനിന്നൊന്നും കഴിച്ചില്ലല്ലോ. വള്ളപ്പുരയിലേയ്ക്കു പോകാം. അവിടെ ആഹാരം തയ്യാറുണ്ടു്.

ഓർണൾഫ്: അതവിടെ ഇരിക്കട്ടെ. എനിക്കു വിശക്കുന്നില്ല.

ഡാഗ്നി: എന്നാലും ഇവിടെ ഇങ്ങനെ ഇരിക്കരുതു്. അതുകൊണ്ടു് ഒരു ഗുണവുമുണ്ടാകാനില്ല. ഈ രീതി അച്ഛൻ ശീലിച്ചിട്ടുള്ളതുമല്ല.

ഓർണൾഫ് : ശരിയാണ് നീ പറഞ്ഞതു്. എന്റെ നെഞ്ചിൽ എന്തോ അള്ളിപ്പിടിക്കുംപോലെ തോന്നുന്നു. ശ്വാസിക്കാൻ പോലും തടസ്സമുണ്ടു്. (വീണ്ടും മുഖംപൊത്തുന്നു. കുറച്ചു കഴിഞ്ഞു ഡാഗ്നി അദ്ദേഹത്തിന്റെ സമീപമിരിക്കുന്നു)

ഡാഗ്നി : നാളെ അച്ഛൻ കപ്പൽ കയറുമോ ഐസ്ലണ്ടിലേയ്ക്കു് ?

ഓർണൾഫ് : (മുഖമുയർത്താതെ) അവിടെ ഞാൻ എന്തു ചെയ്യണം. ഇല്ല. ഞാനെന്റെ പുത്രന്മാരോടുകൂടി കഴിഞ്ഞുകൊള്ളാം.

ഡാഗ്നി : (ദുഃഖാധിക്യത്താൽ കരഞ്ഞുകൊണ്ടു്) അച്ഛാ !

ഓർണൾഫ് : (തല ഉയർത്തിയിട്ടു്) നീ പോകൂ. എന്നെ വിട്ടേ. ഒന്നുരണ്ടു രാത്രിയിലെ കൊടുങ്കാററു് ഏററുകഴിയുമ്പോൾ എല്ലാം അവസാനിക്കും.

സിഗേർഡ്ഡ് : അച്ഛനു് ഇപ്രകാരമുള്ള വിചാരങ്ങൾ ഉണ്ടാവുകയോ ?

ഓർണൾഫ് : ഞാൻ വിശ്രമം കൊതിക്കുന്നതു് അത്ഭുതമാണോ? എന്റെ ജോലി പൂർത്തിയായി. പുത്രന്മാരെയെല്ലാം അടക്കിക്കഴിഞ്ഞു. (അക്ഷമനായിട്ടു്) എന്നെ ശല്യപ്പെടുത്താതെ പോകൂ ! പോകൂ.

സിഗേർഡ്ഡ് : (വളരെ പതിഞ്ഞ സ്വരത്തിൽ, എഴുന്നേററുനിന്നു ഡാഗ്നിയോടു്) അദ്ദേഹം കുറച്ചു സമയംകൂടെ ഇവിടെത്തന്നെ ഇരിക്കട്ടെ.

ഡാഗ്നി : ഇല്ല, ഞാനൊന്നുകൂടി പറഞ്ഞു നോക്കട്ടെ. എനിക്കറിയാം എന്റെ അച്ഛനെ. (ഓർണൾഫിനോടു്) അച്ഛൻ പറഞ്ഞല്ലൊ അച്ഛന്റെ ജോലിയെല്ലാം തീർന്നു എന്നു്. എന്നാൽ അതു് മുഴുവൻ ഇനിയും ആയിട്ടില്ല. പുത്രന്മാരെ സംസ്കരിച്ചു എങ്കിലും—അങ്ങൊരു കവിയല്ലെ,—അവരുടെ ബഹുമാനാർത്ഥം ഒരു ചരമഗാനം രചിക്കേണ്ടേ ?

ഓർണൾഫ് : ചരമഗാനമോ ? ഇല്ല, ഇല്ല. ഇന്നലെ ആയിരുന്നെങ്കിൽ എനിക്കതു കഴിയുമായിരുന്നു. ഇന്നു് ഞാൻ വളരെ വയസ്സനായിപ്പോയി.

ഡാഗ്നി : അച്ഛൻ അതു ചെയ്തേ മതിയാവൂ. അങ്ങയുടെ പുത്രന്മാരെല്ലാം ഒന്നുപോലെ മാന്യതയ്ക്കു് അർഹരായിരുന്നു. അതുകൊണ്ടു് അച്ഛൻ രചിക്കണം അവരുടെ ചരമഗാനം. അ

ച്ചുനല്ലാതെ അവരുടെ ബന്ധുക്കളിൽ മററാക്കും അതിനു കഴിവില്ല.

ഓർണൽഫ്: (സിഗേർഡിൻെറ നേരെ ചോദ്യഭാവത്തിൽ നോക്കിയിട്ട്) ചരമഗാനം? സിഗേർഡ്ഢ് എന്തു പറയുന്നു?

സിഗേർഡ്ഢ്: ഡാഗ്നി പറഞ്ഞതു് ശരിയാണെന്നു് എനിക്കു തോന്നുന്നു. അങ്ങു് അവൾ പറയുംപോലെ ചെയ്യണം.

ഡാഗ്നി: ഐസ്ലണ്ടിലുള്ള അങ്ങയുടെ അയൽവാസികൾ ഓർണൽഫിൻെറ മക്കളുടെ മരണം സംബന്ധിച്ചുള്ള സദ്യയിൽ, മരിച്ച ആത്മാക്കളുടെ ശാന്തിക്കുവേണ്ടി മദ്യം സേവിക്കുമ്പോൾ അവക്കു പാടാൻ ഒരു ചരമഗാനമില്ലെങ്കിൽ അവർ വല്ലാതെ വിചാരിക്കും. പുത്രന്മാരെ അനുഗമിക്കണമെന്ന ചിന്തയ്ക്കു് ഇനിയും സമയമായിട്ടില്ല. അതിൻെറ ആവശ്യവുമില്ല.

ഓർണൽഫ്: ശരി. ഞാൻ ശ്രമിക്കാം. ഡാഗ്നി അതു ശ്രദ്ധിച്ചുകൊള്ളണം. പിന്നീടതു് റൂൺഅക്ഷരത്തിൽ കൊത്തിവയ്ക്കണം.

(അദ്ദേഹത്തിന്റെ ആൾക്കാർ പന്തവുമേന്തി അദ്ദേഹത്തിനു ചുററും കൂടുന്നു. നിശ്ശബ്ദമായി കുറെനേരം ആലോചിച്ചിരുന്നിട്ടു് അദ്ദേഹം ഇങ്ങനെ തുടങ്ങുന്നു—

“ വേദനാവിദ്ധചിത്തത്തിനാൽ സംഗീത-
ദേവതയൊത്തു ചിരിക്കുവാൻ വയ്യമേ;
പൊട്ടിത്തകന്നൊരെൻ മാനസം യാതന-
കൊണ്ടൊരു ഗാനം ചമയ്ക്കയാണിങ്ങനെ.

ഗാനാധിദേവതനൽകീ സമാഹ്ലാദ-
മാനസക്കേകിയ സിദ്ധിയെനിക്കുമേ;
ആകയാൽ മാനസതന്ത്രിയാലുച്ചത്തി-
ലാവിഷ്ക്കരിക്കട്ടെയെൻ വിലാപത്തെ ഞാൻ.

ശൂന്യമാക്കീടിനാൾ മാറാത്ത നൈഷ്ഠൂര്യ-
മാന്ന നിയതിയെൻ ജീവിതവീഥിയെ;
അമ്പേ ശിഥിലമായ്ത്തീർത്തിതാഹ്ലാദവു-
മമ്മട്ട നിർജ്ജീവമാക്കിയെൻ ഗേഹവും.

ഏതുമേ ലോഭമില്ലാതെനിക്കേകിനാ-
രേഴകിടാങ്ങളെദ്ദൈവങ്ങളമ്പിനാൽ;
എങ്കിലും കേവലമേകാകിയാണു ഞാ-
നെൻ കുമാരന്മാരിലാരുമില്ലിന്നു ഹാ!

ഏഴപേരാത്മജ,രേഴവില്ലാളിക-
ളേഴകവചമായെന്നെച്ചുഴലുവോർ ;
വൃദ്ധനാം താതനെക്കാത്തു രക്ഷിക്കുവാൻ
കെട്ടിയ കോട്ടപോലായിരുന്നേവരും.

അന്നെട്ടക്കോട്ട തകന്ന്രു, മുതിപ്പെട്ട
ചിന്നിച്ചിതറിക്കിടക്കുന്നതാത്മജർ ;
ഞാനോ വയോധികനേകാന്തശൂന്യമായ്
ദൂനമാം വീട്ടിലിരിക്കയാണീവിധം.

ആഹാ ! തൊറോൾഫ് ! എന്റെ മക്കളിലേറ്റവും
പ്രായംകുറഞ്ഞവൻ, വീരക്ക നായകൻ ;
ഇന്നെന്റെ പൊന്നുമോനുണ്ടായിരുന്നെങ്കി-
ലൊന്നിനാൽത്തന്നെ കൃതാർത്ഥനായേനെ ഞാൻ.

ത്തുമലക്കാലം കണക്കായിരുന്ന നീ-
യോമനേ ! താതനോടെന്നും ദയാമയൻ
വില്ലാളിവീരനെന്നാരോട്ടമോതുന്ന
നല്ലാഭമിന്നിയിരുന്നു നിൻ നെററിയിൽ.

നിന്റെമേലേററാരാമാരകമാം ക്ഷത—
മെന്നെത്തകത്തുകളഞ്ഞു ഭയാനകം ;
രണ്ടു പരിചകൾക്കുള്ളിലാപ്പെട്ടപോൽ
തുണ്ടുതുണ്ടായിതീവൃദ്ധൻെറ മാത്തടം.

ഈശ്വരൻ നൽകിയ നല്ല സമ്മാനങ്ങ-
ളീഷ്യയാലെല്ലാമെട്ടത്ത നിയതിയാൾ
വാരിവിതസ്സുന്നിതെന്റെ കാൽപ്പാതയിൽ
ഭാരിച്ചനോവുമസഹ്യമാം ക്ലേശവും.

ഏറെപ്പഴകിയോരെന്റെ വാൾ ദുർബ്ബല-
മീശന്റെ ശസ്ത്രമെനിക്കു തന്നെങ്കിലോ
ചെയ്യേനേ ഞാൻ പ്രതീകാരം നിയതിയോ-
ടെന്നേജ്ജമാ ; യില്ല മറെറാന്നു ചെയ്യുവാൻ.

എല്ലാം പ്രിയപ്പെട്ടതെല്ലാമൊട്ടക്കമി-
ന്നെൻ മകനേയും കവന്ന നിയതിയെ
കാൽക്കീഴമത്തണം പോക്കളത്തിങ്കൽവ-
ച്ചാക്കാര്യമല്ലാതെ മറെറാന്നുമില്ലമേ.

ആ നീചയെല്ലാം കവന്നോ ? കവന്നിടാ—
നാവാതൊരെണ്ണമുണ്ടിപ്പോഴമോക്കുകിൽ
ഗാനമാധുര്യമുണ്ടീശ്വരന്മാരുടെ
ദാനമായാജന്മസിദ്ധിയായിപ്പോഴം.

മക്കളെയൊക്കെക്കവന്നവ,ളെങ്കിലും
കൈക്കലാക്കീലെന്റെ നാവിന്റെ ശക്തിയേ ;
സങ്കടമൊക്കെയും ഗാനങ്ങളാക്കി ഞാൻ
സംഗീതദേവതയോടൊത്തുപാടിടും.

വിന്യസിച്ചിട്ടുണ്ട സംഗീതവാസന-
യെന്നധരങ്ങളിൽ ഭാഗ്യാധിദേവത ;
പൊങ്ങിമുഴങ്ങുമെൻ ഗാനമെൻ കുഞ്ഞുങ്ങ-
ളന്തിമവിശ്രമംകൊള്ളുമിട്ടിക്കിലും.

വന്ദനം! ഉജ്ജ്വലസാദിസംഘങ്ങളെ
വന്ദനം! നിങ്ങൾ സവാരിചെയ്തീടവേ
ദൈവങ്ങൾ നൽകുമനുഗ്രഹാശിസ്സുകൾ
ഭൗമികദുഃഖത്തെ മാറ്റട്ടെ മക്കളെ!

(ദീർഘമായി നിശ്വസിച്ചിട്ട് നെററിയിൽനിന്നും തലമുടി പുറകോട്ടു മാററിക്കൊണ്ടു ശാന്തമായി പറയുന്നു) "ഹാ! ഇപ്പോൾ ഓർണൾഫ് വീണ്ടും ഓർണൾഫ് ആയി. (ആൾക്കാരോട്) എല്ലാവരും അത്താഴമുണ്ണാൻ വരുവിൻ കുട്ടികളെ! ഇന്നു മുഴവൻ ഭാരിച്ച പണിയായയിരുന്നല്ലൊ. (എല്ലാവരും വള്ളപ്പുരയിലേയ്ക്കു് പോകുന്നു)

ഡാഗ്നി: ദൈവങ്ങൾക്കു സ്തുതി, ഇങ്ങനെ ഒരു നല്ല ബുദ്ധി തോന്നിച്ചതിനു്. സിഗേർഡിനോട്ട്—അങ്ങു് അകത്തേയ്ക്കു പോകുന്നില്ലെ?

സിഗേർഡ്: ഇല്ല. പോകണമെന്നു തോന്നുന്നുമില്ല. പറയൂ, നാളത്തേയ്ക്കെല്ലാം തയ്യാറായോ?

ഡാഗ്നി: സകലതും. പട്ടുകൊണ്ടുള്ള ഒരു ചരമാവരണം അകത്തു ബഞ്ചിൽ കിടപ്പുണ്ടു്. പക്ഷേ അതിലെൻെറ കണ്ണുനീർ വീഴ്ത്തിയിട്ടില്ല. എന്തെന്നാൽ എനിക്കറിയാം അങ്ങു് ഗണ്ണറിനു് തക്ക എതിരാളിയായിരിക്കുമെന്നു്.

സിഗേർഡ്: നീ ഒരിക്കലും എന്നെച്ചൊല്ലി കണ്ണുനീർ പൊഴിക്കാതിരിക്കാൻ ദൈവങ്ങളനുഗ്രഹിക്കട്ടെ. (നിന്നിട്ട് വിദൂരതയിലേയ്ക്കു് നോക്കുന്നു)

ഡാഗ്നി: അങ്ങെന്താണു് ശ്രദ്ധിക്കുന്നതു്?

സിഗേർഡ്: നീ കേൾക്കുന്നില്ലേ, അതാ അങ്ങവിടെയായി—

(ഇടത്തുവശത്തേയ്ക്കു ചൂണ്ടിക്കാണിക്കുന്നു)

ഡാഗ്നി: അതേ. കടലിനു മുകളിലടിക്കുന്ന കൊടുങ്കാറ്റിൻെറ ശബ്ദംപോലെ തോന്നുന്നു.

സിഗേർഡ്യ് : (പിറകുവശത്തേയ്ക്കു പോയിട്ട്) ഈ കൊട്ടങ്കാററിൽനിന്നും ശിലാവർഷം ഉണ്ടാകുമെന്നു തോന്നുന്നു. (വിളിച്ചിട്ട്) ആരാ വരുന്നതു് ?

കാറേ : (വെളിയിൽ നിന്നുകൊണ്ടു്) സിഗേർഡ്യ് ! അങ്ങു് അറിയുന്നവരാണേ. (ഒരുകൂട്ടം ആയുധധാരികളുമായി കാറേ ഇടതുവശത്തുനിന്നും പ്രവേശിക്കുന്നു)

സിഗേർഡ്യ് : നിങ്ങളെവിടെപ്പോകുന്നു ?

കാറേ : ഗണ്ണറിൻെറ വീട്ടിലേയ്ക്കു്.

സിഗേർഡ്യ് : ശത്രുക്കളെന്ന നിലയിലോ ?

കാറേ : അതേ, അങ്ങനെതന്നെ. മുൻപ്പ് നിങ്ങൾ എന്നെ തടഞ്ഞു. എന്നാൽ ഇന്നിപ്പോൾ നിങ്ങൾക്കിഷ്ടമായിരിക്കുമെന്നു് കരുതുന്നു.

സിഗേർഡ്യ് : ആയിരിക്കാം.

കാറേ : ഗണ്ണറുമായുള്ള നിങ്ങളുടെ ഇടപാടിനെപ്പററി ഞാൻ കേട്ടു. എന്നാൽ ഞാനുദ്ദേശിക്കുന്ന വിധത്തിലാണെങ്കിൽ, അയാൾ ദ്വന്ദ്വയുദ്ധത്തിനു വരുന്നതു് ദുർബ്ബലമായ ആയുധങ്ങൾ ധരിച്ചായിരിക്കും.

സിഗേർഡ്യ് : നിങ്ങൾ ആലോചിക്കുന്ന കാര്യം അപകടം നിറഞ്ഞതാണു്. സൂക്ഷിച്ചുകൊള്ളൂ.

കാറേ : (അലക്ഷ്യമായി ചിരിച്ചുകൊണ്ടു്) അതു ഞാൻ നോക്കിക്കൊള്ളാം. ഇന്നുതന്നെ രാത്രിയിൽ നിങ്ങൾക്കു് കപ്പൽ സജ്ജമാക്കണമെങ്കിൽ സഹായത്തിനു ഞാൻ വെളിച്ചം തരാം. എല്ലാവരും വരുവിൻ. ഇതാണു വഴി. (അവർ പോകുന്നു)

ഡാഗ്നി : സിഗേർഡ്യ് ! സിഗേർഡ്യ് ! ഈ വിനാശം അങ്ങു് തടയണം.

സിഗേർഡ്യ് : (വള്ളപ്പുരയുടെ വാതുക്കൽ ചെന്നു് വിളിച്ചു പറഞ്ഞു) ഓർണൾഫ് ! വെളിയിൽ വന്നാലും. കാറേയോടു പ്രതികാരം ചെയ്യാൻ.

ഓർണൾഫ് : (ആൾക്കാരുമായി വെളിയിൽ വന്നിട്ട്) കാറേയോ ? അവനെവിടെ ?

സിഗേർഡ്യ് : അവൻ ഗണ്ണറിൻെറ വീടിനു തീവെയ്ക്കാൻ അങ്ങോട്ടു പോയിരിക്കുന്നു.

ഓർണൾഫ് : ഹാ ! ഹാ ! എന്നാലതു നടക്കട്ടെ. അതു് ഒററയടിക്കു ഗണ്ണറിനോടും ജോർഡിസ്സിനോടുമുള്ള എൻെറ പ്രതികാരമായിരിക്കും. കാറേയേ ഞാൻ പിന്നീടു കണ്ടുകൊള്ളാം.

സിഗേർഡ്ഡ് : അതുകൊണ്ടു പ്രയോജനമില്ല. കാറേയേ നേരിടണമെങ്കിൽ അതു് ഇന്നു രാത്രിതന്നെ വേണം. അവൻ ആ നീചപ്രവൃത്തി ചെയ്തുകഴിഞ്ഞാലുടൻ കുന്നുകളിലേയ്ക്കു കടന്നുകളയും. ഗണ്ണറിനെ ഞാൻ ദ്വന്ദ്വയുദ്ധത്തിനു വെല്ലുവിളിച്ചിരിക്കുകയാണു്. അയാൾ അങ്ങേയുടെ കയ്യിൽനിന്നും രക്ഷപ്പെടുകയില്ല,—ഒരു പക്ഷേ എന്റെ കൈകൊണ്ടു് അയാൾ—പോകട്ടെ, സാരമില്ല. ഏതായാലും ഈ രാത്രി അവനെ ശത്രുക്കളിൽനിന്നു രക്ഷിക്കതന്നെ വേണം. കാറേയെപ്പോലുള്ള ഒരു നിന്ദ്യനായ നിയമഭഞ്ജകൻ എന്റെ പ്രതികാരത്തിനിടം തരാതിരിക്കാൻ അനുവദിക്കുന്നതു് അപമാനമാണു്.

ഓർണൾഫ് : അതു ശരിയാണു്. ഈ രാത്രിയിൽ ഞാൻ ഗണ്ണറെ രക്ഷിക്കാം. പക്ഷേ നാളെ അവൻ മരിക്കണം.

സിഗേർഡ്ഡ് : അയാളോ ഞാനോ—അതേപ്പററി സംശയം വേണ്ട.

ഓർണൾഫ് : അപ്പോൾ, അങ്ങനെ, ഓർണൾഫിന്റെ മക്കൾക്കു വേണ്ടിയുള്ള പ്രതികാരം ! (ആൾക്കാരുമായി വെളിയിലേയ്ക്കോടുന്നു)

സിഗേർഡ്ഡ് : ഡാഗ്നി ! അദ്ദേഹത്തിൻെറകൂടെ ചെല്ലു. ഞാനിവിടെ ഇരിക്കാം. ഗണ്ണറുമായുള്ള എൻെറ ദ്വന്ദ്വയുദ്ധവാർത്ത നാടുനീളെ പരന്നിട്ടുണ്ടു്. സമയമാകുംമുൻപു് അയാളെക്കാണാൻ ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് നീ നിന്റെ അച്ഛനെ ഉപദേശം നൽകി നയിക്കണം. അദ്ദേഹം മാന്യമായ നിലയിൽ പ്രവർത്തിക്കണം. ഗണ്ണറുടെ വീട്ടിൽ സ്ത്രീകൾ അനവധി ഉണ്ടു്. ജോർഡിസ്സിനും മററു സ്ത്രീകൾക്കും ആപത്തൊന്നും സംഭവിക്കരുതു്.

ഡാഗ്നി : അതേ, ഞാൻ അദ്ദേഹത്തോടുകൂടി പോകാം. അങ്ങു് ജോർഡിസ്സിന്റെ കാര്യത്തിൽപോലും ശ്രദ്ധാലു ആയിരിക്കുന്നതിൽ സന്തോഷമുണ്ടു്.

സിഗേർഡ്ഡ് : പോകൂ. പോകൂ ഡാഗ്നി !

ഡാഗ്നി : ഇതാ തിരിച്ചു. ജോർഡിസ്സിൻെറ കാര്യത്തിൽ നമുക്കു ഭയപ്പെടാനില്ല. അവളുടെ മുറിയിൽ, സ്വർണ്ണവർണ്ണത്തിലുള്ള കവചമിരിപ്പുണ്ടു്. അതുപയോഗിച്ചു് അവൾ സ്വയം രക്ഷിച്ചുകൊള്ളും.

സിഗേർഡ്ഡ് : അതുതന്നെയാണ് എന്റെയും വിചാരം. നീ വേഗം ചെല്ലു. നിൻെറ അച്ഛനെ വേണ്ടപോലെ നയിക്കണം. എല്ലാവരേയും സൂക്ഷിച്ചുകൊള്ളണം. വിശേഷിച്ച് ഗുണ്ണറിൻെറ ഭാര്യയെ.

ഡാഗ്നി : എന്നെ വിശ്വസിക്കാം. വീണ്ടും കാണുന്ന വരെ മംഗളം. (പോകുന്നു)

സിഗേർഡ്ഡ് : വളർത്തുസഹോദരാ! ആപത്തിൽപെട്ട നിങ്ങളെ രക്ഷിക്കാൻ ആയുധമെടുക്കാത്ത ആദ്യത്തെ അവസരമാണിതു്. (ശ്രദ്ധിക്കുന്നു) നിലവിളിയും ഖഡ്ഗങ്ങൾതമ്മിൽ കൂട്ടിമുട്ടുന്ന ശബ്ദവും കേൾക്കുന്നല്ലോ. അവർ വീട്ടിലെത്തിക്കഴിഞ്ഞിരിക്കണം. (പോകാനായി തിരിയുന്നു. പെട്ടെന്നു നിന്നു്, ഞെട്ടി പുറകോട്ടു മാറി അത്ഭുതത്തോടെ) ജോർഡിസ്സ്! അവളിങ്ങു വന്നോ? (ജോർഡിസ്സ് ധൃതിയിൽ പ്രവേശിക്കുന്നു) ചുവന്ന പുറംകുപ്പായവും സ്വർണ്ണപ്പട്ടച്ചട്ടയും, ഇരുമ്പുതൊപ്പിയും, മററു രക്ഷായുധങ്ങളും ധരിച്ചിട്ടുണ്ടു്. തലമുടി അഴിഞ്ഞുകിടക്കുന്നു. പുറകിൽ ആവനാഴി തൂക്കിയിട്ടിട്ടുണ്ടു്. അരപ്പട്ടയിൽ ഒരു ചെറിയ പരിചയും, കൈയ്യിൽ അവളുടെ സ്വന്തം മുടികൊണ്ടുണ്ടാക്കിയ ഞാൺ കെട്ടിയ വില്ലും. കൂടെക്കൂടെ ആരോ പിൻതുടരുന്നു എന്ന ഭീതിയോടെ അവൾ പുറകോട്ടു നോക്കുന്നുണ്ടു്. സിഗേർഡിന്റെ അടുത്തുചെന്നു് കൈയ്യിൽ കടന്നുപിടിച്ചുകൊണ്ടു് മന്ത്രിക്കുന്നു)

ജോർഡിസ്സ് : സിഗേർഡ്ഡ്! സിഗേർഡ്ഡ്! അങ്ങേയ്ക്കതു കാണാമോ?

സിഗേർഡ്ഡ് : ഏതു്? എവിടെ?

ജോർഡിസ്സ് : ചെന്നായ്! എന്റെ തൊട്ടു പുറകിൽ! അതു് അനങ്ങുന്നില്ല. രണ്ടു ചെമന്ന കണ്ണുകൊണ്ടു് അതെന്നെ തുറിച്ചു നോക്കുന്നു! എനിക്കു പരിചയമുള്ളതാണിതു്. അതെന്റെ മുൻപിൽ മൂന്നു പ്രാവശ്യം പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. അതിന്റെ അർത്ഥം ഞാനിന്നു രാത്രി തീർച്ചയായും മരിക്കുമെന്നാണു്.

സിഗേർഡ്ഡ് : ജോർഡിസ്സ്! ജോർഡിസ്സ്!

ജോർഡിസ്സ് : ഇപ്പോൾ അതു് ഭൂമിയിലേയ്ക്കു താണുമറഞ്ഞു. എനിക്കേതായാലും മുന്നറിയിപ്പു കിട്ടി.

സിഗേർഡ്ഡ് : നിങ്ങൾക്കെന്തോ നല്ല സുഖമില്ല. അകത്തേയ്ക്കു വരൂ.

ജോർഡിസ്സ് : ഇല്ല. ഞാനിവിടെ നില്ക്കാം. എനിക്കിനി അധികം സമയമില്ല.

സിഗേർഡ്ഢ് : നിങ്ങൾക്കെന്തു പററി ?

ജോർഡിസ്സ് : എന്തുപറ്റി എന്നോ ? പറയാൻ എന്നെക്കൊണ്ടാവില്ല. പക്ഷേ നിങ്ങളിന്നു പറഞ്ഞതു് സത്യമാണു്. ഗണ്ണറും ഡാഗ്നിയും നമ്മുടെ മദ്ധ്യേ നില്ക്കുന്നു എന്നു്. നമുക്കവരിൽനിന്നും ജീവിതത്തിൽനിന്നും അകലണം. അതിനുശേഷം നാം ഒന്നിച്ചുതന്നെ ഉണ്ടായിരിക്കും.

സിഗേർഡ്ഢ് : നമ്മളോ ? നീ ഉദ്ദേശിക്കുന്നതു്......

ജോർഡിസ്സ് : (ഉല്ലാസ്സവാസ്സോടെ) അങ്ങു് മറെറാരുത്തിയെ ഭാര്യയായിസ്വീകരിച്ചതിനുശേഷം യഥാർത്ഥകുടുംബസൗഖ്യം എന്തെന്നു് ഞാൻ അറിഞ്ഞിട്ടില്ല. അങ്ങു് അന്നു് അനുഷ്ഠിച്ചതു് ഒരു ദുഷ്പ്രവൃത്തി ആയിരുന്നു. ഒരു മനുഷ്യൻ തന്റെ ഉത്തമസുഹൃത്തിനു് കാഴ്ചവയ്ക്കാത്ത ഒരു സമ്മാനം മാത്രമേയുള്ളു—അവൻ സ്നേഹിക്കുന്ന സ്ത്രീ. അവൻ അങ്ങനെ ചെയ്താൽ നോൺസു് നെയ്ത നിയതിവലയെ പൊട്ടിക്കയായിരിക്കും. രണ്ടു ജീവിതം അതോടെ നശിക്കുന്നു. എൻെറ അന്തർഭാഗത്തുനിന്നു് ഒരു ശബ്ദം എന്നെ ദൃഢമായി ഉപദേശിക്കുന്നു. ആപൽഘട്ടങ്ങളിൽ അങ്ങേ പ്രോത്സാഹിപ്പിക്കുകയും തുണയ്ക്കുകയുമാണു് എൻെറ സുശക്തമായ ആത്മാവിൻെറ ലക്ഷ്യമെന്നു്. ഒരു പുരുഷൻെറ സ്നേഹത്തിൽ, പൗരുഷത്തിന്റേതായി സമസ്തധൈര്യവും ഏററവും ഉത്തമമായ സത്വവും കണ്ടെത്താൻ അനുവദിക്കുകയാണു് അങ്ങയുടെ പരമലക്ഷ്യമെന്നു്. ഈ ഒരു കാര്യം എനിക്കറിയാം സിഗേർഡ്ഢ് ! നമ്മുടെ ജീവിതങ്ങൾ ഒന്നിച്ചായിരുന്നെങ്കിൽ അങ്ങു് ലോകത്തിൽവച്ചു് ഏററവും പ്രശസ്തനും, ഞാൻ ഏററവും സൗഭാഗ്യവതിയും ആകുമായിരുന്നു.

സിഗേർഡ്ഢ് : ഈ ശോകചിന്തകളെല്ലാം ഇപ്പോൾ നിഷ്പ്രയോജനമാണു്. എൻെറ മുൻപിൽ നീണ്ടുകിടക്കുന്ന ജീവിതത്തിൽനിന്നും എനിക്കെന്തെങ്കിലും ആനന്ദമുണ്ടാകുമെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ ? ഡാഗ്നിയുടെ അടുത്തു് സദാനേരവും കഴിഞ്ഞുകൂട്ടുക; എൻെറ ഹൃദയം അറപ്പുകൊണ്ടു ചുളിയുമ്പോൾതന്നെ പ്രേമം നടിക്കുക ! എന്നാലും അങ്ങനെയല്ലാതെ നിവൃത്തിയില്ല. അതു മാററാൻ സാദ്ധ്യമല്ല.

ജോർഡിസ്സ് : (വർദ്ധിച്ച പരിഭ്രമത്തോടെ) മാററണം. അതിനൊരു വ്യതിയാനം വരുത്തണം. നാം രണ്ടാളും ഈ ജീവിതം വിടണം. അങ്ങു കാണുന്നുണ്ടോ ഈ ഞാൺ ? എന്റെ ലക്ഷ്യം പിഴയ്ക്കുയില്ല. കാരണം ഇതിന്മേൽ അത്രയ്ക്കുമാത്രം മന്ത്രം ഞാൻ ഉരക്കഴിച്ചിട്ടുണ്ടു്. (വില്ലു കുലച്ചു് ഒരസ്ത്രം

തൊട്ടുകുന്നു) ശ്രദ്ധിക്കൂ, ശ്രദ്ധിക്കൂ. ആ കാററിന്റെ ചൂളം വിളി! മൃതിപ്പെട്ടവരുടെ അവസാനയാത്രയാണതു്. എന്റെ മന്ത്രശക്തികൊണ്ടു് അവരെ ഇങ്ങോട്ടാകഷിച്ചതാണു്. നമുക്കും അവരെ അനുഗമിക്കാം.

സിഗേർഡ്ഡു്: (പിൻവാങ്ങിയിട്ടു്) ജോർഡിസ്സ്! ജോർഡിസ്സ്! എനിക്കു നിന്നെ ഭയമാകുന്നു.

ജോർഡിസ്സ്: (അതു ശ്രദ്ധിക്കാതെ) നമ്മുടെ വിധിയെ യാതൊരു ശക്തിക്കും മാററാൻ സാദ്ധ്യമല്ല. ഏതുകൊണ്ടും അതാണു് നല്ലതു്. നാം തമ്മിൽ വിവാഹിതരാകുന്നതിനെക്കാളും, നിങ്ങളുടെ വസതിയിലിരുന്നു് കമ്പിളിവസ്ത്രം നെയ്യുന്നതിനെക്കാളും, നിങ്ങളുടെ കുഞ്ഞുങ്ങൾക്കമ്മയാകുന്നതിനെക്കാളും എത്രയോ നല്ലതാണു്.

സിഗേർഡ്ഡു്: നിത്തു. നിത്തു. നിൻെറ മന്ത്രവിദ്യ നിന്റെ മനസ്സിനെ അടിപ്പെട്ടുത്തിയിരിക്കുന്നു. അതിന്റെ ശക്തിയിൽ നിൻെറ ആത്മാവു് ദുർബ്ബലപ്പെട്ടുപോയി. (പരിഭ്രമത്തോടെ) ഹാ! നോക്കൂ! നോക്കൂ! ഗണ്ണറുടെ വീട്ടു് വെന്തെരിയുന്നു.

ജോർഡിസ്സ്: അതെരിയട്ടെ. എരിഞ്ഞു നശിക്കട്ടെ. മേഘമാർഗ്ഗത്തിലെ മാളികകളാണു് ഗണ്ണറുടെ തടികൊണ്ടുള്ള വീടിനെക്കാൾ ഭേദപ്പെട്ടവ.

സിഗേർഡ്ഡു്: നിൻെറ മകൻ എജിൽ. അവർ അവനെ കൊല്ലുമായിരിക്കും.

ജോർഡിസ്സ്: അവൻ മരിക്കട്ടെ. അങ്ങനെ എൻെറ അപമാനവും അതോടെ നശിക്കട്ടെ.

സിഗേർഡ്ഡു്: ഗണ്ണർ! അവർ നിൻെറ ഭർത്താവിനേയും വധിക്കുകയായിരിക്കും.

ജോർഡിസ്സ്: അതിനു് എനിക്കെന്തു ചേതം. കുറെക്കൂടെ നല്ല ഒരു ഭർത്താവുമൊത്തു് ഞാനിന്നു രാത്രിയിൽ എൻെറ വീട്ടിലേയ്ക്കു പോകും. അതേ സിഗേർഡ്ഡു്. അതങ്ങനെതന്നെ വേണം. ഈ ലോകത്തു് എനിക്കു സന്തുഷ്ടി ലഭിക്കയില്ല. സീതവർണ്ണാഭനായ ദേവൻ വടക്കോട്ടു വരികയാണു്. അദ്ദേഹത്തെക്കാണാൻ ഞാൻ കാത്തു നില്ക്കുകയില്ല. പഴയ ദൈവങ്ങൾക്കു ശക്തി കുറഞ്ഞുവരികയാണു്. അവർ ഉറങ്ങുകയാണു്, ഇല്ലെങ്കിൽ അവർ വെറും നിഴലുകളായി വത്തിക്കുന്നു. അവരുടെ പ്രാഭവം നമുക്കു് അവരിൽനിന്നും കൈക്കൊള്ളാം. സിഗേർഡ്ഡു്! ഈ ജീവിതം നമുക്കു മതി,

ഞാൻ അങ്ങയെ സ്വർഗ്ഗസിംഹാസനത്തിൽ വാഴിച്ച് ഞാനും അടുത്തിരിക്കാം. (കൊടുംകാററിനു ശക്തി വർദ്ധിക്കുന്നു) ശ്രദ്ധിക്കൂ. ശ്രദ്ധിക്കൂ. അതാ വരുന്നു നമ്മുടെ ചങ്ങാതികൾ! അതാ പാഞ്ഞുവരുന്ന ആ കറുത്ത കുതിരകളെ അങ്ങു് കാണുന്നില്ലേ? ഒന്നു് അങ്ങേയ്ക്കും ഒന്നെനിക്കും. വില്ലുകുലച്ചു സിഗേർഡിൻെറ നേക്കു് അമ്പയയ്ക്കുന്നു. ഇതാ അങ്ങയുടെ അവസാനയാത്ര!

സിഗേർഡു് : ഒന്നാന്തരം അസ്ത്രപ്രയോഗം; ജോർഡിസ്സ്. (വീഴുന്നു)

ജോർഡിസ്സ് : (വിജയഭാവത്തിൽ ജോർഡിസ്സ് ഓടി അടുത്തു ചെല്ലുന്നു) സിഗേർഡു്, എൻെറ സഹോദരാ! ഇപ്പോൾ അങ്ങു് എന്റേയും ഞാൻ അങ്ങയുടേതും ആയി.

സിഗേർഡു് : ഇല്ല. ഇപ്പോൾ തീരേയുമല്ല. ഇവിടെ നമ്മുടെ മാർഗ്ഗങ്ങൾ വേർപിരിയുന്നു. ഞാനൊരു ക്രിസ്തുധർമ്മവിശ്വാസിയാണു്.

ജോർഡിസ്സ് : (വല്ലായ്മയോടെ) നിങ്ങളോ? ഒരിക്കലുമല്ല.

സിഗേർഡു് : നിതാന്തശുഭ്രനായ ദേവനാണു് എന്റെ ദൈവം. അദ്ദേഹത്തെപ്പററി അതൽസ്റ്റർരാജാവു് എനിക്കു മനസ്സിലാക്കിത്തന്നിട്ടുണ്ടു്. ആ സന്നിധിയിലേയ്ക്കാണു് ഞാൻ ഇപ്പോൾ പോകുന്നതു്.

ജോർഡിസ്സ് : (നൈരാശ്യത്തോടെ) അപ്പോൾ ഞാനോ? (വില്ലു് താഴെ ഇട്ടിട്ടു്) കഷ്ടം, കഷ്ടം!

സിഗേർഡ് : എൻെറ ഹൃദയത്തിൽനിന്നും നിന്നെ പറിച്ചെടുത്തു് ഗണ്ണറിനു കൊടുത്ത ആ നിമിഷംമുതൽ എന്റെ ജീവിതം കദനഭാരംകൊണ്ടു് ഞെരിഞ്ഞുതുടങ്ങിയതാണു്. ജോർഡിസ്സ്! നിനക്കു നന്ദി. ഇപ്പോൾ എൻെറ ഹൃദയഭാരം നീങ്ങി. ഞാൻ സ്വതന്ത്രനായി. (മരിക്കുന്നു)

ജോർഡിസ്സ് : (സാവധാനം) മരിച്ചു. അങ്ങനെ ഞാൻ തന്നെ എൻെറ ജീവിതനൗക മുങ്ങിനശിക്കാൻ ഇടവരുത്തി. (കൊടുങ്കാററിനു ശക്തികൂടുന്നു) അവൾ ഉറക്കെ നിലവിളിക്കുന്നു. അതാ അവർ വരുന്നു. എൻെറ മന്ത്രശക്തിയാണു് അവരെ കൊണ്ടുവന്നതു്. ഇല്ല. പാടില്ല. ഞാനവരോടൊത്തു പോകയില്ല. സിഗേർഡിനെക്കൂടാതെ ഞാൻ യാത്രയില്ല. പക്ഷേ, എന്തു ഫലം? അവർ എന്നെ കണ്ടുകഴിഞ്ഞു. അവർ ചിരിച്ചുകൊണ്ടു് എന്നെ കൈകാട്ടി വിളിക്കുന്നു. അവർ കുതിരകൾക്കു വേഗം കൂട്ടുന്നു. (അവൾ പാറക്കൂട്ടത്തി

ൻെറ വക്കിലേയ്ക്കു് പായുന്നു) "അതാ അവർ എന്നെ സമീപിക്കുന്നു. അഭയസ്ഥാനമില്ല. ഒളിക്കാൻ ഇടവും ഇല്ല. അതേ ഒരുപക്ഷേ സമുദ്രത്തിൻെറ അഗാധതയിൽ! (കടലിലേയ്ക്കു ചാടുന്നു)

(ഓർണൾഫ്, ഡാഗ്നി, എജിലിനെ എടുത്തുകൊണ്ടു് ഗണ്ണർ ഇവർ ഓരോരുത്തരായി വലത്തുഭാഗത്തുകൂടി വരുന്നു. സിഗേർഡിൻെറ ആൾക്കാരുമുണ്ടു് പുറകേ)

ഓർണൾഫ്: (ശവകുടീരത്തിലേയ്ക്കു തിരിഞ്ഞിട്ടു്) ഇനി ഇപ്പോൾ എനിക്കു് ആത്മശാന്തികരമായ സുഷുപ്തി ലഭിക്കും. എൻെറ കുഞ്ഞുങ്ങളേ, നിങ്ങളുടെ മരണത്തിനു പ്രതികാരം അനുഷ്ഠിച്ചുകഴിഞ്ഞു.

ഡാഗ്നി: അച്ഛാ! അച്ഛാ! ഭയംകൊണ്ടു് ഞാൻ മരിക്കാറായി. എല്ലാ വഴികളും രക്തം നിറഞ്ഞിരിക്കുന്നു. കൂടെ ഈ കൊടുങ്കാററും! ശ്രദ്ധിക്കൂ, ആ ശബ്ദം!

ഗണ്ണർ: (എജിലിനെ ഒക്കത്തെടുത്തുകൊണ്ടു്) ഞാൻ സമാധാനത്തിൽ വിശ്വസിച്ചുവരികയാണു്, എൻെറ കുഞ്ഞിനഭയം ലഭിക്കാൻ.

ഓർണൾഫ്: ഗണ്ണർ!

ഗണ്ണർ: അതേ, ഓർണൾഫ്! എൻെറ വീടു തീവച്ചു. ആളുകളെല്ലാം കൊല്ലപ്പെട്ടു. ഞാൻ അങ്ങയുടെ അധീനതയിലുമായി. എന്നെ എന്തുവേണമെങ്കിലും ചെയ്തുകൊള്ളൂ.

ഓർണൾഫ്: അതു തീരുമാനിക്കേണ്ടതു് സിഗേർഡാണു്. ഏതായാലും അകത്തേയ്ക്കു വരൂ. വെളിയിൽ നില്ക്കുന്നതു് ആപത്താണു്.

ഡാഗ്നി: അതേ, അകത്തേയ്ക്കു പോകാം. (വള്ളപ്പുരയിലേയ്ക്കു പോകുന്നു. സിഗേർഡിൻെറ ജഡംകണ്ടു് നിലവിളിക്കുന്നു. സിഗേർഡ്! എൻെറ ഭർത്താവു്! അവർ അദ്ദേഹത്തെ കൊന്നു. (ജഡത്തിൻെറ സമീപം വീഴുന്നു)

ഓർണൾഫ്: സിഗേർഡ്!

ഗണ്ണർ: (എജിലിനെ താഴെ നിർത്തിയിട്ടു്) സിഗേർഡ്. കൊല്ലപ്പെട്ടു!

ഡാഗ്നി: (ജഡത്തിനു സമീപം നില്ക്കുന്നവരെ സൂക്ഷ്മമായി നോക്കിക്കൊണ്ടു്) ഇല്ല. അദ്ദേഹം മരിച്ചിട്ടില്ല. (വില്ലു കാണുന്നു) ഹാ! അതെന്താണു്? (എഴുന്നേൽക്കുന്നു)

ഓർണൾഫ്: മകളെ നീ ആദ്യം പറഞ്ഞതുപോലെതന്നെ. സിഗേർഡ് കൊല്ലപ്പെട്ടു.

ഗണ്ണർ : (പെട്ടെന്നു് ഒരു പുതിയ ചിന്ത ഉദിച്ചതുപോലെ) ജോർഡിസ്സ്! അവൾ ഇവിടെ ഉണ്ടായിരുന്നോ ?

ഡാഗ്നി : (താണ സ്വരത്തിൽ അർത്ഥപൂർണ്ണമായി) എനിക്കറിയില്ല. പക്ഷേ ഒന്നെനിക്കറിയാം. അവളുടെ വില്ലു് ഇവിടെ ഉണ്ടായിരുന്നു.

ഗണ്ണർ : ഹാ ! ഞാനതു പ്രതീക്ഷിച്ചതാണു്.

ഡാഗ്നി : പതുക്കെ. പതുക്കെ. (തന്നോടായിട്ടു്) അവൾ അദ്ദേഹത്തെ എത്രമാത്രം വെറുത്തിരുന്നിരിക്കണം !

ഗണ്ണർ : (താണ സ്വരത്തിൽ) അദ്ദേഹത്തെ വധിച്ചു. ദ്വന്ദ്വയുദ്ധത്തിന്റെ തലേരാത്രിയിൽ ! അപ്പോൾ അവളെന്നെ സ്നേഹിച്ചിരുന്നു !

(എല്ലാവരും ഞെട്ടുന്നു, മരിച്ച യോദ്ധാക്കളുടെ അന്ത്യയാത്രയുടെ ശബ്ദം അന്തരീക്ഷത്തിൽ കേട്ടിട്ടു്)

എജിൽ : (പേടിച്ചു്) അച്ഛാ ! അതാ നോക്കു !

ഗണ്ണർ : എന്താണതു് ?

എജിൽ : മുകളിലേയ്ക്കു നോക്കു—ആ കറുത്ത കുതിരകളെ......

ഗണ്ണർ : അതു വെറും മേഘങ്ങളാണു മകനേ !

ഓർണൾഫ് : അല്ല. അതു് മരിച്ചവരുടെ അവസാനയാത്രയാണു്.

എജിൽ : (ഭയന്നു കരഞ്ഞുകൊണ്ടു്) അമ്മ അവരുടെകൂടെ ഉണ്ടു്.

ഡാഗ്നി : കരുണയുള്ള ദൈവങ്ങളേ !

ഗണ്ണർ : കുഞ്ഞേ ! നീ എന്താണീപ്പറയുന്നതു് ?

എജിൽ : അതാ അമ്മ മുൻപിൽ ! കറുത്ത കുതിരപ്പുറത്തു് ! അച്ഛാ, അച്ഛാ ! (ഭയന്നു് അവൻെറ അച്ഛനെ കെട്ടിപ്പിടിക്കുന്നു) അല്പസമയത്തെ നിശ്ശബ്ദത ! കൊടുങ്കാററു ശമിക്കുന്നു. മേഘങ്ങൾ അകലുന്നു. ചന്ദ്രൻ രംഗമെല്ലാം പാലൊളി വീശി പ്രകാശിപ്പിക്കുന്നു.

ഗണ്ണർ : (വിഷാദത്തോടെ) അവൾ മരിച്ചു എന്നിപ്പോൾ ബോദ്ധ്യമായി.

ഓർണൾഫ് : അതേ ഗണ്ണർ! അവൾ മരിച്ചു. വാസ്തവത്തിൽ നമ്മുടെ സമാഗമം രണ്ടുപേർക്കും ഒന്നുപോലെ നാശമുണ്ടാക്കി.

എന്റെ പ്രതീകാരത്തിന്റെ ലക്ഷ്യം അവളായിരുന്നു. ഇതാ എന്റെ കരം ഗ്രഹിക്കൂ. നാം തമ്മിൽ സമാധാനവും ശാന്തിയും പുലരട്ടെ.

ഗണ്ണർ: ഓർണൾഫ്! അങ്ങേയ്ക്കെന്റെ അകമഴിഞ്ഞ നന്ദി. നമുക്കിനി കപ്പൽ കയറാം. ഞാനുമുണ്ട് അങ്ങയോടൊപ്പം ഐസ്‌ലണ്ടിലേയ്ക്കു്.

ഓർണൾഫ്: അതേ, ഐസ്‌ലണ്ടിലേയ്ക്കു്! ഈ യാത്ര നീണാൾ സ്മരിക്കപ്പെടട്ടെ!

വാരെഴം സ്മരണയിലൂടെയിദ്ധീരാത്മാക്കൾ
വാണിടും ചിരമസ്സദ്ദത്തരദേശങ്ങളിൽ;
ഇവരെ,ക്കടൽവക്കിലന്ത്യവിശ്രമം കൊള്ളു-
മിവരെക്കുഞ്ഞുങ്ങൾ തൻ ഗാനങ്ങൾവാഴ്ത്തും നാളെ.

---

0326
K2
MADRAS UNIVERSITY LIBRARY
8 MAR 2003
CHENNAI-600 005